വില ₹30/-

# ജീവനും വെളിച്ചവും

ആഗസ്റ്റ് 2024






(2024 ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 8 വരെ)

# ജീവനും വെളിച്ചവും

തിരുവനന്തപുരം അതിരൂപത പ്രസിദ്ധീകരണം

2024 ആഗസ്റ്റ് | പുസ്തകം 48 | ലക്കം 8

**രക്ഷാധികാരി** | മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹരക്ഷാധികാരി** | റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര
**ഉപദേശക സമിതി** | ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. ഡാനിയേൽ ആർ., ഫാ. സജു റോൾഡോൻ, ഫാ. ആഷ്ലിൻ ജോസ്, ഫാ. മൈക്കിൾ തോമസ്, ഫാ. ഡർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയ, ഫാ. ലൂസിയാൻ തോമസ്, ഫാ. സിൽ വസ്റ്റർ കുരിശ്, ഫാ. ഡേവിഡ്സൻ ജസ്റ്റസ്, ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ** | ഫാ. വിജിൽ ജോർജ്ജ് **സഹ പത്രാധിപർ** | ബർഗ്മാൻ തോമസ്
**പത്രാധിപ സമിതി** | മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, ഡോ. സീന ഫെലിക്സ്, സിന്ധുമരിയ നെപ്പോളിയൻ
**മാനേജർ (പരസ്യ വിഭാഗം)** | ഫാ. മനീഷ് പീറ്റർ **ആർട്ട് & ലേ-ഔട്ട്** | സതീഷ് ജോർജ്ജ്

## മുഖവിചാരം

## 'കപ്പൽ വരും പോകും. തുറമുഖം അവിടെത്തന്നെ കിടക്കും.'

തുറയിലെ ഒരു പഴഞ്ചൊല്ലാണ്.

ഒടുവിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ചരക്കുമായി കപ്പൽ വന്നു. കപ്പലിനെയും കപ്പൽ ഓടിച്ചുവന്ന കപ്പിത്താനെയും ഭരണകൂടം അതിഗംഭീരമായി വരവേറ്റു. ചരക്കിറക്കി അടുത്ത ദിവസം കപ്പൽ പോവുകയും ചെയ്തു. തുറമുഖം അവിടെത്തന്നെയുണ്ട് ഇപ്പോഴും. പഴഞ്ചൊല്ലിൽ പതിരില്ല. തുറമുഖത്തിന്റെ അവകാശവാദം അഥവാ പിതൃത്വം സ്വന്തമാക്കാൻ ഭരണപക്ഷ പ്രതിപക്ഷപാർട്ടികൾ നടത്തിയ പിടിവലികൾ കേരളം കണ്ടതാണ്. മുമ്പ് ഇതൊരു കടൽക്കൊള്ള എന്നു പറഞ്ഞവരുടെ കുമ്പസാരവും കണ്ടതാണ്. ആരോപണങ്ങളും പ്രത്യാരോപണങ്ങളും പരന്നൊഴുകി വാർത്താമാധ്യമങ്ങളിൽ, ചാനലുകളിൽ കൊഴുത്തു. തുറമുഖമായാൽ കപ്പൽ വരും. അതൊരു യഥാർഥ്യമാണ്. എന്നാൽ പരിഷ്കൃതർ, ബുദ്ധിജീവികൾ എന്ന് സ്വയം അവകാശപ്പെടുന്ന മലയാളികൾ, എന്നും എല്ലായിപ്പോഴും പുച്ഛിച്ചുകൊണ്ടേയിരിക്കുന്ന മുതലാളിത്തമാണ്, അദാനി എന്ന കോർപറേറ്റ് മുതലാളിയാണ് തുറമുഖം നിർമിച്ചിരിക്കുന്നതെന്നും പാരമ്പരാഗതമായി മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ച അനേകായിരം പാവങ്ങളുടെ അതിജീവനത്തിന്റെ നെഞ്ചിന്മേലാണ്, സ്വതന്ത്രമായി ജീവിക്കാനുള്ള അവരുടെ അവകാശത്തിന്മേലാണ് തുറമുഖം പടുത്തുയർത്തിരിക്കുന്നതെന്നും മിണ്ടിയതേയില്ല. മനഃപൂർവമായിത്തന്നെ മൗനംപാലിച്ചു. അതിനൊരു പ്രത്യേക കാരണമുണ്ട്. സമുദ്രശാസ്ത്രജ്ഞരും സാമൂഹിക ബുദ്ധിജീവികളും ഭരണകൂടങ്ങളും കോർപറേറ്റുകളും ഒന്നായിച്ചേർന്ന് നിസ്വരും നിസ്സഹായവരുമായ ഒരു ജനതയുടെമേൽ നടത്തിയ ഭീകരമായ ഒരു അടിച്ചമർത്തൽ പ്രക്രിയായിരുന്നില്ലേ വിഴിഞ്ഞം തുറമുഖപദ്ധതി. അതല്ലേ സത്യം.

ക്രിസ്തുവിൽ വിശ്വാസമർപ്പിച്ചു ജീവിക്കുന്ന ഒരുകൂട്ടം മനുഷ്യരാണ് തുറമുഖത്തിനപ്പുറമിപ്പുറം പാർക്കുന്നത്. 'അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം പ്രഖ്യാപിക്കാനാണ് എന്നെ അയച്ചിരിക്കുന്നത്' എന്ന് ക്രിസ്തു പറഞ്ഞു. ആ വചനമാണ് അവരുടെ ആന്തരിക ശക്തിയും. ആ ആന്തരികതയ്ക്കു പുറത്തെ ഭൗതീക ജീവിതത്തിനായി ദൈവം കനിഞ്ഞു നൽകിയ കടലിന്റെ കനിവുണ്ടു കഴിയുന്നവരെ പുറത്തുള്ളവർക്ക് പക്ഷേ, അവർ വെറും 'പുറമ്പോക്ക്' കാർ മാത്രമാണ്. വോട്ടു കാലത്തുമാത്രം ശ്രദ്ധ നേടുന്ന ഒരു കൂട്ടർ. പണ്ടേ അരികുവത്കരിക്കപ്പെട്ടർ. കപ്പലടുത്ത കാരണം ഇപ്പോൾതന്നെ പോലീസ് മേധാവികൾ മത്സ്യത്തൊഴിലാളികളെ കടലിൽ പോകാൻ അനുവദിക്കുന്നില്ല എന്ന പരാതി ഉയർന്നിട്ടുണ്ട്. ഇതൊരു തുടക്കം മാത്രം. എന്തെല്ലാം ഇനി വരാനിരിക്കുന്നു!?

പറഞ്ഞുവരുന്നതിതാണ് ; കപ്പൽ വരും പോകും. അദാനിയുടെ തുറമുഖം അവിടെ കിടക്കും. അതിന്റെ നന്മതിന്മകൾ, കഷ്ടനഷ്ടങ്ങൾ അറിയാനിരിക്കുന്നതേയുള്ളൂ.

ഏവർക്കും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ, ഇന്ത്യൻ സ്വാതന്ത്ര്യദിന ആശംസകൾ! അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം പ്രഖ്യാപിച്ച ക്രിസ്തുവിന്റെ നാമത്തിൽ പ്രത്യേകമായും...

_ **പത്രാധിപർ**

www.latinarchdiocesetrivandrum.org | www.archtvmnews.com

*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com

*വരിക്കാരാകാൻ*
വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum

## പ്രതികരണങ്ങൾ




# ജനാധിപത്യം എന്ന മതേതരത്തൊട്ടിൽ

ജൂലൈ ലക്കം 'നേർക്കാഴ്ച'യിൽ ലോക് സഭാ ഇലക്ഷനിലെ പ്രതിപക്ഷത്തിന്റെ വിജയത്തെ പ്രശംസിച്ചത് ശ്ലാഘിക്കുന്നു. 400 സീറ്റ് നേടി തനിക്കിഷ്ടപ്പെട്ടവിധം ഭരണഘടന ഭേദഗതി ചെയ്യാമെന്ന നരേന്ദ്രമോദിയുടെ ഗൂഢമോഹങ്ങൾ നീർക്കുമിളപോലെ തകർന്നു തരിപ്പണമായി. ഗാന്ധി സിനിമ കണ്ടിട്ടാണ് ലോകം ഗാന്ധിജിയെ അറിഞ്ഞതെന്ന മോദിയുടെ പ്രസ്താവനയോളം തരംതാണ അഭിപ്രായം ലോകത്തിൽ ഒരു ഭരണാധികാരിയും പറഞ്ഞിട്ടുണ്ടാവില്ല. ഹിന്ദി ഹൃദയഭൂമിയിൽപോലും ബി.ജെ.പി. വൻ തിരിച്ചടി നേരിട്ടു. ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും സ്നേഹക്കാറ്റിൽ, നാനാത്വത്തിന്റെ ഏകത്വത്തിന്റെയും സൗഹൃദത്തൊട്ടിലിൽ ജീവിക്കാനാണ് ഓരോ ഇന്ത്യാക്കാരനും തീവ്രമായി ആഗ്രഹിക്കുന്നത്. നാം നെഞ്ചോട് ചേർത്തുവച്ച ഭരണഘടനയും ആ ആഗ്രഹത്തെ പൂർണമായും ഗാഢമായി പിന്തുണയ്ക്കുന്നു.

പെട്ടെന്ന് തട്ടിക്കൂട്ടിയ ഇന്ത്യാ മുന്നണിക്ക് തീർച്ചയായും അതിന്റേതായിട്ടുള്ള ന്യൂനതകളേറെയുണ്ട്. ഒരു ജനാധിപത്യക്രമത്തിൽ അത് സ്വാഭാവികവുമാണ്. കൈയിലെ വിരലുകളും ഒരു കുടുംബത്തിലെ അംഗങ്ങളും ഒരിക്കലും ഒരേപോലെ അല്ലല്ലോ? ഇന്ത്യാസഖ്യം നേടിയ 232 സീറ്റും ജനാധിപത്യക്രമം നിലനിൽക്കണമെന്നാഗ്രഹിക്കുന്ന ഓരോ ഇന്ത്യാക്കാരനും വർധിച്ച പ്രചോദനവും പ്രത്യാശയും പകർന്നുനൽകുന്നു. ഏകാധിപത്യത്തിന്റെയും മതത്തിന്റെയും വിദ്വേഷക്കൊടുങ്കാറ്റല്ല, സ്വച്ഛമായൊഴുകുന്ന അരുവിയിലെ തെളിമയുള്ള കുഞ്ഞിളം കാറ്റാണ് കാശ്മീർ മുതൽ കന്യാകുമാരിവരെ വിശേണ്ടത്.

**ജെറാൾഡ് ബി. മിരാൻഡാ**, തോന്നയ്ക്കൽ

## അറിയിപ്പ്

# ബച്ചിനെല്ലി ക്വിസ്സ് 2024

ഓരോ പള്ളിക്കുമൊപ്പം 'പള്ളിക്കൂടം' സ്ഥാപിക്കണമെന്ന് 1856-ൽ വാക്കാലും 1857-ൽ സർക്കുലർ വഴിയും കല്പനയിട്ട അഭിവന്ദ്യ ബർണ്ണർദീൻ ബച്ചിനെല്ലി പിതാവിന്റെ 156-ാം ചരമ വാർഷികത്തോട് അനുബന്ധിച്ച് കെ.ആർ.എൽ.സി.ബി.സി ഹെറിറ്റേജ് കമ്മിഷൻ 'ബച്ചിനെല്ലി ക്വിസ്സ് 2024' എന്ന പേരിൽ സഭാ ചരിത്രക്വിസ്സ് ഒരുക്കുന്നു. ലത്തീൻ സഭാചരിത്രത്തിന്റെ അടിവേരുകൾ പച്ചപ്പോടെ നിലനിറുത്താനും സഭയുടെ ചരിത്രത്തെ എല്ലാവരിലേക്കും എത്തിക്കാനും ആയി സംസ്ഥാന ഹെറിറ്റേജ് കമ്മിഷനാണ് ഈ ചരിത്രക്വിസ്സ് ഒരുക്കുന്നത്.

2024 സെപ്റ്റംബർ 05 രാത്രി 8 മണിക്ക് നടത്തപ്പെടുന്ന ഓൺലൈൻ ക്വിസ്സ് മത്സരത്തിനായി രൂപീകരിച്ചിരിക്കുന്ന വാട്സ്ആപ്പ് ഗ്രൂപ്പിൽ കേരളത്തിലെ 12 ലത്തീൻ കത്തോലിക്കാ രൂപതാംഗങ്ങളിൽ ആർക്കും രജിസ്റ്റർ ചെയ്യാം. രൂപതകളിൽ നിന്നും ഇടവകതലത്തിലുള്ള കുടുംബ യൂണിറ്റ്, മതബോധന വിഭാഗം, സംഘടനകൾ, കൂടാതെ വൈദീകർ, സന്യസ്തർ, സെമിനാരി വിദ്യാർത്ഥികൾ, അല്മായർ എന്നിങ്ങനെ ആർക്കും സൗജന്യമായി രജിസ്റ്റർ ചെയ്യാനാകും.

എല്ലാവരുടെയും സൗകര്യാർത്ഥം പരീക്ഷ ഓൺലൈനായി വൈകുന്നേരമായിരിക്കും നടത്തപ്പെടുക. ആദ്യറൗണ്ടിൽ വിജയികളായവരിൽ നിന്നും രണ്ടാംഘട്ട മത്സരം നടത്തി അതിൽ ഏറ്റവും കൂടുതൽ (തുല്യ എണ്ണം കൂടുതൽ അല്ലെങ്കിൽ ഒരു മത്സരം കൂടി) മാർക്ക് നേടുന്ന 1, 2, 3 സ്ഥാനക്കാരെ തിരഞ്ഞെടുക്കുന്നു. യഥാക്രമം 10000, 5000, 3000 രൂപ ക്യാഷ് പ്രൈസും എല്ലാ ഉത്തരങ്ങളും ശരിയായി എഴുതുന്നവർക്ക് (ഘട്ടം 2) പ്രോത്സാഹന സമ്മാനങ്ങളും ഒന്നാം ഘട്ടം മുതലുള്ളവർക്ക് സർട്ടിഫിക്കറ്റും നല്കുന്നു. ഇടവകതലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ (എല്ലാ വിഭാഗത്തിലും) പങ്കെടുപ്പിക്കുന്ന ഓരോ രൂപതയിലെയും ഓരോ ഇടവകയ്ക്ക് പ്രത്യേക സമ്മാനം (ഇടവകാംഗങ്ങളുടെ എണ്ണമനുസരിച്ച്).

വിശദ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടുക: **ജോസഫ് മാനിഷാദ് മട്ടയ്ക്കൽ**, കെ.ആർ.എൽ.സി.ബി.സി ഹെറിറ്റേജ് കമ്മീഷൻ മെമ്പർ 9037525836, **ആൻറണി സച്ചിൻ** (കേരള കാത്തലിക് ബൈബിൾ സൊസൈറ്റി മുൻ എക്സിക്യൂട്ടീവ് ടീം അംഗം) - 9895680535.

പത്രാധിപരുടെ നിർദ്ദേശാനുസരണം ജീവനും വെളിച്ചവും മാസികയുടെ വാർഷികവരി സംഖ്യ പുതുക്കിയവർക്കും, കുടിശ്ശിക ഒടുക്കിയവർക്കും ഹൃദ്യമായ നന്ദി.
**പത്രാധിപർ**




# താളുകളിൽ


## ലേഖനം



**10** മറിയം: ക്രിസ്തു സ്വാതന്ത്ര്യത്തിലേയ്ക്കുള്ള ചൂണ്ടു പലക
**ഫാ. റോഡ്രിഗ് കുട്ടി**

## ലേഖനം



**6** പരിഷ്കൃത സ്വാതന്ത്ര്യം വ്യക്തി നേതാക്കളിലൂടെ
**ഫാ. ഡോ. ലെനിൻ രാജ്. ടി**



**13** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഒരു പുനർവായന
**എം. ജോൺസൺ റോച്ച്**



**18** അഞ്ചുതെങ്ങ് യുദ്ധങ്ങൾ
ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ പ്രഥമ ഖണ്ഡം
**എ. അനിൽകുമാർ**

## കവിത



**9** തീര (ചരമ) ഗീതം
**ബർണാഡ് മൊറൈസ്**

## കഥ



**16** കത്രീനയുടെ കണ്ണീർക്കടൽ
**ആബേൽ ചെറിയമുട്ടം**

## ചരിത്രപഥം




**22** തിരുവിതാംകൂറിലെ ക്രിസ്തുമതത്തിന്റെ ഉത്ഭവം
**ഫാ. ഡോ. ജോൺ ബോസ്കോ**

## പഠനം



**24** കള്ളക്കടൽ
അലൻ എം. വിനോദ്, അനഘ എസ്. എസ്, ബ്രിനി ആർ. ബോസ്കോ

## ടാക്കീസ്



**38** മലയാളീകരിക്കപ്പെടുന്ന പെൺവിനിമയങ്ങൾ
**സുനിൽ സി. ഇ**

## നേർക്കാഴ്ച




**42** ദേശീയ വിദ്യാഭ്യാസനയം 2020 വെല്ലുവിളികളും സാദ്ധ്യതകളും
**ജെ. സി**

**26** സ്റ്റുഡൻസ് ഫോറം _ **ഫാ. സജു റോൾഡൻ**
**27** വാർത്തകൾ
**31** നീർച്ചാൽ
**37** കാനോൻ നിയമം
**39** വചനജ്വാല

ലേഖനം



# പരിഷ്കൃത സ്വാതന്ത്ര്യം വ്യക്തി നേതാക്കളിലൂടെ



ഫാ. ഡോ. ലെനിൻ രാജ്. ടി

നീണ്ട 200 വർഷക്കാലം വിദേശീയ ആധിപത്യത്തിൽ വെല്ലുവിളി നേരിട്ട നമ്മുടെ രാജ്യത്തിന്റെ സ്വപ്നതുല്യമായ നാളുകൾക്ക് ആരംഭം കുറിച്ച ദിനമാണ് 1947 ഓഗസ്റ്റ് 15. അതിനു ശേഷമുള്ള 77 വർഷം വികസനത്തിന്റെ കുതിപ്പാണ് കൃഷി, വ്യവസായം, ജലസേചനം, ബഹിരാകാശ സാങ്കേതിക വിദ്യ, ടെലികമ്യൂണിക്കേഷൻ, ന്യൂക്ലിയർ പവർ തുടങ്ങി ഒട്ടനവധി മേഖലകളിൽ നമ്മൾ കൈവരിച്ചത്. 2023 ൽ ചന്ദ്രഗോളത്തിന്റെ തെക്കേ സോണിൽ ഇന്ത്യ ആദ്യമായി കാലുകുത്തിയത് അഭിമാനകരമായ നേട്ടമാണ്. ഇന്ത്യ ഒരു ജനാധിപത്യ റിപ്പബ്ലിക്ക് ആയതോടെ നേട്ടങ്ങളുടെ ഒരു പെരുമഴ തന്നെ തുടർന്നുകൊണ്ടേയിരുന്നു.

സ്വാതന്ത്ര്യത്തിലൂടെ ലഭിച്ച വിജയപാതയിൽ വിസ്മരിച്ചുകൂടാത്തതും ശ്രദ്ധിക്കേണ്ടതുമായ ഒന്നാണ് ലഭിക്കാതെപോയ പരിഷ്കൃത സ്വാതന്ത്ര്യം. ഒരു രാഷ്ട്രത്തോടും സമൂഹത്തോടും തന്നോട് തന്നെയും കാട്ടേണ്ട ഉത്തരവാദിത്തമാണ് ഇന്ന് രാജ്യത്തിന് നഷ്ടമായിക്കൊണ്ടിരിക്കുന്നതും. അങ്ങനെ ഒരു സ്വാതന്ത്ര്യ നിലപാട് ആയിരുന്നെങ്കിൽ സ്ത്രീധനം, ഗാർഹികപീഡനം, മാലിന്യക്കൂമ്പാരം, തൊഴിലില്ലായ്മ, അഴിമതി, രാഷ്ട്രീയ കൊലപാതകം, മതവിദ്വേഷം, വിലക്കയറ്റം, സാക്ഷരതക്കുറവ്, ആരോഗ്യപ്രശ്നങ്ങൾ, തുടങ്ങിയവ ഉണ്ടാകുമായിരുന്നില്ലല്ലോ. ഈ സ്വതന്ത്ര ഭാരതത്തിൽ വ്യക്തി നേതാക്കളാകേണ്ട നാം ചിന്തിക്കേണ്ട രണ്ടു സ്വതന്ത്ര

ചിന്തകളുണ്ട്.

## നിഷേധാത്മക സ്വാതന്ത്ര്യം

ഈ വീക്ഷണം ബാഹ്യ നിയന്ത്രണങ്ങളുടെയോ, ഇടപെടലുകളുടെയോ അഭാവത്തെ ഊന്നി പറയുന്നു. നിഷേധാത്മക സ്വാതന്ത്ര്യം ബാഹ്യമായ നിർബന്ധങ്ങളിൽ നിന്നോ, പരിമിതികളിൽ നിന്നോ സ്വാതന്ത്രമായിരിക്കണം.

## പോസിറ്റീവ് സ്വാതന്ത്ര്യം

നിയന്ത്രണങ്ങളുടെ ഭാവത്തിനു അതീതമാണ് പോസിറ്റീവ് സ്വാതന്ത്ര്യം. ഒരാളുടെ കഴിവിലും, ബോധ്യങ്ങളിലും, തിരിച്ചറിവിലും പ്രവർത്തിക്കുവാനുള്ള ഉത്തരവാദിത്തമാണ് പോസിറ്റീവ് സ്വാതന്ത്ര്യം. ഈ ഉത്തരവാദത്തമാണ് നമ്മുടെ പരിഷ്കൃത സമൂഹത്തിനാവശ്യം. അത് പരസ്പര ബഹുമാനത്തിൽ ആരംഭിക്കുന്നു. പരസ്പര ബഹുമാനം ആരോഗ്യകരമായ ബന്ധങ്ങളുടെ അടിസ്ഥാന ശിലയാണ്. പരസ്പര ബഹുമാനത്തിലൂടെ പ്രശ്നപരിഹാരം, വ്യത്യാസങ്ങളുടെ സ്വീകാര്യത, സഹിഷ്ണുത എന്നീ ഗുണങ്ങൾ നമ്മളിൽ വളർത്തുവാൻ സാധിക്കുകയും ചെയ്യും.

ഉത്തരവാദിത്തം എന്നതു ഒരു പ്രത്യേക രീതിയിൽ പ്രവർത്തിക്കുവാനുള്ള ബാധ്യതയെ അല്ലെങ്കിൽ കടമയെ സൂചിപ്പിക്കുന്നു. അത് വിവിധ ആളുകളിലുൾക്കൊള്ളുന്ന വ്യക്തിഗത ഉത്തരവാദിത്തം, സാമൂഹിക ഉത്തരവാദിത്തം, മുൻകാല ഉത്തരവാദിത്തം എന്നിങ്ങനെ പല രീതിയിൽ അവയെ തരം തിരിക്കാം. പുറമെ നിന്നൊരു നേതാവിന്റെ കീഴിൽ അല്ല നമ്മൾതന്നെ നേതാക്കൾ ആകണം. "നേതൃത്വം എന്നത് ദൈനംദിന പ്രവർത്തനം എന്നും, ഓരോ വ്യക്തിയും ഒരു നേതാവ്" എന്നും സിയൂല എന്ന അമേരിക്കൻ എഴുത്തുകാരി പറയുന്നു. നേതൃത്വത്തിൽ ധാർമികത അത്യാവശ്യ ഘടകമാണ്. വ്യക്തിഗത പ്രവർത്തനങ്ങൾക്കപ്പുറം ഒരു സമൂഹത്തിനോ, സമൂഹം മൊത്തത്തിലോ ശരിയുടെ പാത കാട്ടിക്കൊടുക്കേണ്ടതാകണം ഈ നേതൃത്വം. അവബോധം, വിവിധ പ്രവർത്തനം, പ്രതിഫലനം എന്നിവ ഉൾപ്പെടുന്ന പ്രതിഫലന നേതൃത്വം മാതൃകാപരവും, ഗുണകരവും, ധാർമികവുമായ തീരുമാനങ്ങളെടുക്കാൻ നേതാക്കളെ സഹായിക്കുന്നു.

ധാർമിക പെരുമാറ്റത്തെ മാനിക്കുക എന്നതിനർത്ഥം ശരിയായതു ചെയ്യുക എന്നതാണ്. അതായതു മറ്റുള്ളവരോട് നീതിപൂർവം പെരുമാറുകയും അവരുടെ ആവശ്യങ്ങൾ ശരിയാണെന്നു തോന്നിയാൽ അംഗീകരിക്കാൻ തയ്യാറാവുകയും ചെയ്യുക എന്നതാണ്. ലീഡർഷിപ്പിന്റെ മറ്റൊരു ഘടകം പൊതുജനത്തോടുള്ള പ്രതിബദ്ധത ആണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ എല്ലാവരുടെയും പ്രയോജനത്തിനായി ഒത്തൊരുമിച്ചു പ്രവർത്തിക്കുക എന്നതാണ്. പരിഷ്കൃത സമൂഹം കെട്ടിപ്പടുക്കുവാൻ അത് വലിയ ഒരു മുതൽകൂട്ടായിരിക്കും.

ഈ ആശയങ്ങൾ എല്ലാംതന്നെ വിവിധ നേതൃ സിദ്ധാന്തങ്ങളിലൂടെ വികസിപ്പിച്ചവയാണ്. മഹാത്മാഗാന്ധിയുടെ അഹിംസയും, നിയമലംഘന സിദ്ധാന്തങ്ങളും അതിനു ഏറ്റവും നല്ല ഉദാഹരണമാണ്. മഹാത്മാഗാന്ധി ഒരിക്കൽ ഇങ്ങനെ പറഞ്ഞു, "സ്വയം കണ്ടെത്തുവാനുള്ള ഏറ്റവും നല്ല മാർഗം മറ്റുള്ളവരുടെ സേവനത്തിൽ സ്വയം നഷ്ട്ടപ്പെടുക എന്നതാണ്. ഇവ സൂചിപ്പിക്കുന്നത് മറ്റൊന്നുമല്ല മറ്റുള്ളവരെ സേവിക്കുന്നതിനായി സ്വയം സമർപ്പിക്കുന്നതിലൂടെ നമുക്ക് നമ്മുടെ യഥാർത്ഥ സത്ത കണ്ടെത്തുവാനും, ലക്ഷ്യവും അതിന്റെ പൂർത്തീകരണവും കണ്ടെത്തുവാനും കഴിയും. നിസ്വാർത്ഥ പ്രവർത്തനങ്ങളുടെയും, അനുകമ്പയുടെയും പരിവർത്തന ശക്തിയെ അത് ഊന്നി പറയുന്നു.

നല്ല നേതൃത്വത്തിന് സ്വയം അറിഞ്ഞിരിക്കേണ്ട മറ്റു ചില സവിശേഷതകൾ കൂടി കൂട്ടി ചേർക്കുന്നത് ഉചിതമായിരിക്കും. ഉയർന്ന നിലവാരത്തിലുള്ള പ്രകടനം കാഴ്ചവയ്ക്കാൻ അനുയായികളെയും സമൂഹത്തെയും പ്രേരിപ്പിക്കുക ഒരു നല്ല നേതാവിന്റെ മികച്ച കഴിവാണ്. 1977 ൽ ബോസ് എന്ന ചിന്തകൻ പരിവർത്തന നേതൃത്വ പാടവം എന്നാണിതിനെ പറഞ്ഞിരിക്കുന്നത്. അതുപോലെ ധാർമികവും, കരുതലുമുള്ള പെരുമാറ്റം പ്രോത്സാഹിപ്പിക്കുന്ന നേതാക്കൾ സമൂഹത്തിനു ആവശ്യമാണ്. അങ്ങനെയുള്ള നേതാക്കളെ സേവന നേതൃത്വ നേതാക്കൾ എന്ന് വിളിക്കുന്നു. ധാർമിക നേതൃത്വം നൽകുന്നവർ ധാർമിക തത്വങ്ങളാൽ നയിക്കപ്പെടുകയും, ന്യായവും നീതിയുക്തവുമായ അന്തരീക്ഷം സൃഷ്ടിക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു.

ഇന്ന് വ്യക്തിഗത നേതാക്കളുടെ പ്രവർത്തനം വളരെ വലുതാണ്. നേതൃത്വം യഥാർത്ഥത്തിൽ ഒരു ദൈനംദിന പ്രവർത്തനമാണ്. എല്ലാവരും നേതാക്കളാണ്. ഡാനിയേൽ ഗോൾമാൻ "What makes a leader "എന്ന ലേഖനത്തിൽ ലീഡർഷിപ്പിലെ വശങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

## സ്വയം അവബോധം (Self awareness )

നിങ്ങളുടെ മാനസിക അവസ്ഥയെ തിരിച്ചറിയുവാനും, മനസിലാക്കുവാനുമുള്ള കഴിവിനെ സൂചിപ്പിക്കുന്നു. വൈകാരികമായ വികാരങ്ങളും അതുപോലെ മറ്റുള്ളവരിൽ അവയുടെ സ്വാധീനവും സ്വയം അവബോധത്തിലൂടെ അറിയാൻ കഴിയുന്നു. നമ്മളെതന്നെ സ്വയം മനസിലാക്കുക എന്ന അവസ്ഥയാണ് സ്വയം അവബോധം എന്ന് പറയുന്നത്. അത് നമ്മുടെയൊക്കെ വികാരങ്ങളെയും വിചാരങ്ങളെയും നമ്മുടെ സ്വഭാവത്തെതന്നെയും നിയന്ത്രിക്കുന്നു. നമ്മുടെ ഭാവിയെക്കുറിച്ചുള്ള ബോധ്യമുണ്ടാകുവാനും നല്ല തീരുമാനങ്ങൾക്കും സ്വയം അവബോധംകൊണ്ട് നമുക്ക് കഴിയുന്നു. ചുരുക്കി പറഞ്ഞാൽ നമ്മുടെയൊക്കെ വികാരങ്ങളും, വിചാരങ്ങളും അതുമൂലംഉണ്ടാകുന്ന അനന്തരഫലങ്ങളും ക്രമീകരിക്കുവാൻ സ്വയം അവബോധംകൊണ്ട് കഴിയും. നമ്മളെ ക്ഷീണിതരാക്കാനും, ശക്തരാക്കുവാനും സ്വയം അവബോധം എന്ന മാന്ത്രിക ശക്തിക്കു സാധിക്കും.

സ്വയം അവബോധം ഗൗരവമായെടുക്കാതെ തള്ളിക്കളയുന്നതുമൂലം ഈ കഴിവ് നമുക്ക് വിജയിപ്പിച്ചെടുക്കാൻ സാധിക്കുന്നില്ല. നമ്മുടെതന്നെ സ്വന്തം നിലയും വിലയും നമുക്ക് മനസിലാക്കാൻ കഴിയാതെ വന്നാൽ മറ്റുള്ളവരെക്കുറിച്ചു നമുക്ക് എങ്ങനെയാണ് മനസിലാക്കാൻ സാധിക്കുക? അതുകൊണ്ട് ആദ്യം നമ്മളെക്കുറിച്ച് നമുക്ക് വ്യക്തമായി മനസിലാക്കാൻ കഴിഞ്ഞാൽ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന എല്ലാ അനുഗ്രഹങ്ങളും നമ്മളിലേക്കുതന്നെ തിരികെ വരും. നമ്മുടെ വികാരവിചാരങ്ങളെക്കുറിച്ച് തോന്നലുകളേകുറിച്ച്, വിശ്വാസത്തെക്കുറിച്ച്, പ്രവർത്തനങ്ങളെക്കുറിച്ച് നമ്മൾ തന്നെ ബോധവാന്മാരാകണം നമ്മുടെ സ്വന്തം വികാരങ്ങളും, വിചാരങ്ങളും, പ്രവർത്തനങ്ങളും സ്വയം ക്രമീകരിക്കുവാൻ നമുക്ക് കഴിയണം. മറ്റുള്ളവരെക്കുറിച്ച് നമ്മൾ കാണുന്നതിനേക്കാൾ വ്യത്യസ്തമായിരിക്കും നമ്മളെക്കുറിച്ച് മറ്റുള്ളവർ കാണുന്നത് എന്ന് ഓർമിക്കുക.

## സ്വയം നിയന്ത്രണം (Self control )

പ്രവർത്തിക്കുന്നതിന് മുൻപ് ചിന്തിക്കുവാനുള്ള വിവരത്തെ നിയന്ത്രിക്കുവാനോ, വഴിതിരിച്ചു വിടുവാനോ ഉള്ള കഴിവ്. ഒരാളുടെ ആഗ്രഹങ്ങളെയും, മോഹങ്ങളെയും, വിചാരങ്ങളെയും, നിയന്ത്രിക്കുന്നതിനുള്ള പ്രത്യേകമായ കഴിവിനെയാണ് സ്വയം നിയന്ത്രണം എന്ന് പറയുന്നത്. നമ്മുടെ ജീവിതത്തിൽ നമ്മുടെ സ്വഭാവം നിയന്ത്രിക്കുന്നതിനുള്ള അപാരമായ കഴിവാണ് സെൽഫ് കൺട്രോൾ. ഇതേക്കുറിച്ചുള്ള നീണ്ട പഠനങ്ങൾ നടത്തുന്നവരുടെ അഭിപ്രായം വലിയ

സെൽഫ് കൺട്രോൾ ഉള്ള ആളുകളുടെ ജീവിതം വളരെ വലിയതോതിൽ തൃപ്തകരമായിരിക്കും എന്നതാണ്. സ്വയം നിയന്ത്രണം നമ്മുടെ സ്വഭാവത്തെ നിയന്ത്രിക്കുന്നതിനും നേട്ടങ്ങൾ കൈവരിക്കുന്നതിനും സഹായകമാണ്. നല്ല ആരോഗ്യവും, നല്ല സൗഹൃദബന്ധങ്ങളും കെട്ടിപ്പടുക്കുവാൻ സ്വയം നിയന്ത്രണം കൊണ്ട് കഴിയും. നമ്മുടെ അരുതാത്ത വിചാരങ്ങളും വികാരങ്ങളും ഉപേക്ഷിക്കുകയും, സമീകൃത ആഹാരം കഴിക്കുകയും, സാമ്പത്തിക ബുദ്ധിമുട്ടില്ലാതിരിക്കുകയും ചെയ്താൽ തീർച്ചയായും നമുക്ക് സ്വയം നിയന്ത്രണം സാധ്യമാക്കാൻ സാധിക്കും.

## പ്രചോദനം (Inspiration)

നേതാക്കൾ സാമൂഹിക നന്മക്കു വേണ്ടി പ്രവർത്തിക്കുന്നവരായിരിക്കണം. നേട്ടങ്ങൾക്കോ പദവികൾക്കോ വേണ്ടിയാവരുത് അവരുടെ പ്രവർത്തനം. ആ ഒരു ചിന്താഗതി എല്ലാവരിലും വളർത്തിയെടുക്കാൻ ശ്രമിക്കണം. ആത്മവിശ്വാസവും സത്യസന്ധതയും ഒരിക്കലും കൈവിടരുത്. പ്രചോദനം തടസ്സങ്ങളെ അഭിമുഖീകരിക്കാനും കഠിനമായ സമയങ്ങളിലൂടെ മുന്നോട്ടു പോകുവാനും നമ്മളെ സഹായിക്കുന്നു. നമ്മുടെ ജീവിത ലക്ഷ്യം കൈവരിക്കുവാൻ സഹായിക്കുന്ന ഒരു ഉപകരണമാണ് പ്രചോദനം. പ്രചോദിതനായ ഒരു വ്യക്തി തന്റെ പരിധികൾ മറികടക്കാൻ ശ്രമിക്കുന്നു. എല്ലായ്പോഴും അവരുടെ പ്രവർത്തങ്ങൾ മെച്ചപ്പെടുത്തുവാൻ ശ്രമിക്കുന്നു. കൂടാതെ വ്യക്തികൾ എപ്പോഴും പുരോഗമനപരവും അവരുടെ ലക്ഷ്യങ്ങൾക്കായി അർപ്പണബോധമുള്ളവരുമായി തുടരാൻ ശ്രമിക്കുന്നു.

## സഹാനുഭൂതി (Sympathy )

സഹാനുഭൂതി മറ്റുള്ളവരുടെ വൈകാരിക ഘടന മനസിലാക്കാനുള്ള കഴിവാണ്. വൈകാരിക പ്രവർത്തനത്തിനനുസരിച്ച് ആളുകളോട് പെരുമാറാനുള്ള കഴിവ്. പ്രയാസങ്ങൾ അനുഭവിക്കുന്ന ഒരാളുടെ ബുദ്ധിമുട്ടിൽ നമുക്കുണ്ടാകുന്ന ഒരു പ്രത്യേക അനുഭൂതി അല്ലെങ്കിൽ അനുകമ്പ ആണ് സിമ്പതി എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. അവരുടെ പ്രയാസങ്ങൾ നമ്മൾ കൂടി പങ്കുവയ്ക്കുന്ന ഒരു അവസ്ഥ പ്രത്യേകിച്ച് ദു:ഖകരമായ സന്ദർഭങ്ങളിൽ നമ്മുടെ ഇടപെടലുകൾ അവർക്കു ആശ്വാസത്തിന്റെ സുഖം പകരും എന്നതിൽ സംശയമില്ല

## സാമൂഹിക വൈദഗ്ധ്യം (Social Wisdom )

കൈകാര്യം ചെയ്യുവാനും, ശൃംഖലകൾ നിർമ്മിക്കുവാനും പൊതുവായ അടിസ്ഥാനം കണ്ടെത്തുവാനും, പിന്തുണ കെട്ടിയെടുക്കാനുമുള്ള കഴിവ്. നമുക്ക് നല്ല അറിവുണ്ടെങ്കിൽ തീർച്ചയായും അത് മറ്റുള്ളവരിലേക്ക് കൂടി പകർന്നു കൊടുക്കണം. അതിനുള്ള സന്മനസ്സ് നമുക്കുണ്ടാകണം. ഇങ്ങനെ വ്യക്തി നേതാക്കളുടെ കാര്യപ്രാപ്തി പരിഷ്കൃത സ്വാതന്ത്ര്യത്തെ നയിക്കും. ഈ പാതയിലേക്ക് ഉയരാൻ വായനക്കാരായ നിങ്ങൾക്കും എനിക്കും സാധിക്കുന്നിടത്തു പുതിയൊരു സ്വാതന്ത്ര്യത്തിന്റെ കഥ പറയുവാൻ സാധിക്കും. പ്രതിസന്ധിഘട്ടങ്ങളിൽ നല്ല തീരുമാനം എടുക്കുവാനുള്ള കഴിവ് ലീഡർഷിപ്പിൽ ഒഴിച്ച് കൂടാൻ പറ്റാത്ത ഒരു ഘടകമാണ്. അത് ഒരു പ്രത്യേക കഴിവ് തന്നെയാണ്. അതുപോലെ എല്ലാവർക്കുംമുന്നിൽ തികഞ്ഞ വിശ്വസ്തനായിരിക്കണം. സ്വഭാവത്തിലും പെരുമാറ്റത്തിലും അത് നിഴലിച്ചു കാണണം. പറയുന്നതുപോലെ തന്നെ പ്രവർത്തിക്കുന്നത് ഒരു നല്ല ലീഡറിന്റെ സവിശേഷതകളിൽ ഒന്നാണ്. എല്ലാറ്റിനും ഉപരി ജനങ്ങളുടെ ഏറ്റവും ചെറിയ സേവകൻ ആകാൻ കഴിഞ്ഞാൽ ഏറ്റവും വലിയ ജനനേതാവാകാൻ കഴിയും. ■





കവിത

# തീര (ചരമ) ഗീതം



ബർണാഡ് മൊറൈസ്

ചെമ്മൺ പാതയായിരുന്നു
അന്നെൻ ഗ്രാമധമനി.
പൂക്കളും പൂമ്പാറ്റകളും
ഇണചേർന്നു മയങ്ങിയ
മേടുകളുടെ മഞ്ഞുകാലവരമ്പത്ത്
പ്രേമത്തിന്റെ പുതപ്പിനുള്ളിൽ
വിയർത്തു തളർന്നപ്പോൾ
ഗ്രാമമണമുറഞ്ഞുവിളഞ്ഞ
നിന്റെ കവിളിന്റെ
പൂത്തുലഞ്ഞ
മാതളസൗരഭ്യലഹരിയിൽ ഞാൻ.
        സ്വപ്നമല്ലിതു,
        നൂതന വാണിജ്യവാതായനങ്ങളിൽ
        ആസുരദന്തങ്ങൾ
        യന്ത്രമൂർച്ച കൂട്ടുന്നതു കണ്ടു.
മത്സ്യമണമുള്ള രക്തവും കഫവും
മലവും മൂത്രവും പരിശോധിച്ച
ജൈവലാബുകളിൽ
സമുദ്രഗർഭത്തിന്റെ
പൊക്കിൾക്കൊടി തേടി
അടിമണ്ണിന്റെ
മൃദുസിരകളെ നിർദ്ധാരണം ചെയ്യുന്ന
തുരപ്പൻ യന്ത്രങ്ങൾ
ശ്വാസമെടുക്കുന്നതു കണ്ടു.
കണ്ടതെല്ലാം സത്യം
ഇനി കാണാനിരിക്കുന്നതും. . .



ലേഖനം



# മറിയം ക്രിസ്തു സ്വാതന്ത്ര്യത്തിലേയ്ക്കുള്ള ചൂണ്ടു പലക



ഫാ. റോഡ്രിഗ് കുട്ടി

ചൂണ്ടുപലകകൾ യാത്രക്കാരന്റെ സഹായിയാണ് ഒപ്പം ആത്മമിത്രവുമാണ്. വഴി അന്വേഷിച്ചെത്തുന്ന ഓരോ യാത്രക്കാരന്റെയും യഥാർത്ഥവഴി കാട്ടിയും. താൻ ദിശാസൂചികയായ് നിന്നുകൊണ്ട് നൽകുന്ന അറിവുകൾ ഒന്നും ഒരിക്കലും ഒരു യാത്രക്കാരനേയും വഴിതെറ്റിക്കരുത് എന്ന പ്രാർത്ഥനയോടെ നിലകൊള്ളുന്നവയാണ് ഓരോ ചൂണ്ട് ഫലകങ്ങളും. അതുപോലെതന്നെ നമ്മുടെ ആത്മീയ യാത്രകളിൽ നാം വഴിതെറ്റിപ്പോകാതിരിക്കാൻ നമ്മെ ക്രിസ്തുവിലേയ്ക്കു വഴി നടത്തുന്ന യഥാർത്ഥ ചൂണ്ടപലകയാണ് വഴികാട്ടിയാണ്... യേശുവിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയം. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിരുന്നാൾ ഈ ആത്മീയ ഉൾക്കാഴ്ചകളിലേയ്ക്കാണ് വാതിൽ തുറന്നുവയ്ക്കുന്നത്. മറിയം എന്ന നാമത്തിനുള്ളിൽ കെട്ടുപിണഞ്ഞ് കിടക്കാതെ ലോക മാതൃസ്നേഹത്തിന്റെയും, യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെയും ഒരുപിടി ദൈവീക അനുഭവത്തിലേയ്ക്കാണ് പരിശുദ്ധ അമ്മ നമ്മെ കൈപിടിച്ച് നടത്തുന്നത്. അമ്മ പകർന്നു നൽകുന്ന സ്വാതന്ത്ര്യം എന്തെന്നറിയണമെങ്കിൽ നാം അമ്മമനസ്സ് എന്തെന്നറിയണം. ആ അമ്മമനസ്സിന്റെ ഒരു ചെറുപാഠപുസ്തകമാണ് പരിശുദ്ധ അമ്മ. ആ അമ്മമനസ്സിലൂടെ ക്രിസ്തു

സ്വാതന്ത്ര്യത്തിലേയ്ക്കുള്ള ചൂണ്ടുപലകയായ അമ്മയെ നമുക്ക് അറിയാൻ ശ്രമിക്കാം. ഇതാകട്ടെ ഈ സ്വാതന്ത്ര്യദിനത്തിൽ നാം കൈവരിയ്ക്കേണ്ട ഏക ആത്മീയ ലക്ഷ്യവും.

'അമ്മ' എന്ന രണ്ടക്ഷരത്തിനുള്ളിൽ പൊതിഞ്ഞുവച്ചിരിക്കുന്നത് ലോകംമുഴുവനും കീഴടക്കാവുന്ന മാതൃസ്നേഹത്തിൻറെ വിവിതഭാവങ്ങളാണ്. കാരണം, 'അമ്മ' എന്ന വാക്ക് ഉച്ചരിക്കാത്ത ആരുമില്ല ഈ ലോകത്ത്. ആത്മാർത്ഥതയോടെ, സത്യസന്ധമായി നിർഭയം കാര്യങ്ങൾ അവതരിപ്പിക്കുന്നവരോട് ഈ ലോകത്തിൽവച്ച് ഏറ്റവും വിലമതിക്കാനാവാത്ത വ്യക്തി ആരാണ് നിങ്ങളുടെ ജീവിതത്തിൽ എന്ന് ചോദിച്ചാൽ സത്യസന്ധമായിപ്പറയും അത് ജന്മം നൽകിയ അമ്മയാണെന്ന്. ഒരുപക്ഷേ, അനാതത്വം പേറുന്നവരോടും ഇതേ ചോദ്യം ആവർത്തിച്ചാൽ പരിഭവത്തോടെയാണെങ്കിലും അവർക്കും ഒരു ഉത്തരം പറയാൻ ഉണ്ടാകും. അതായത് എനിക്കൊരു അമ്മയുണ്ടായിരുന്നെങ്കിൽ അവരാകുമായിരുന്നു എന്റെ ജീവിതത്തിലെ മാണിക്യം.

അമ്മയെന്ന യാഥാർത്ഥ്യത്തിന്റെ ഉൾക്കരുത്താണത്. വിരൽത്തുമ്പിലോ അങ്ങ് കണ്ണേറുദൂരത്തോ ആണെങ്കിലും അമ്മ അരികേയുണ്ടെന്നറിഞ്ഞാൽ സ്വതന്ത്രമായ് മുറ്റത്തോ-ഉത്സവപ്പറമ്പിലോ ഓടിക്കളിയ്ക്കുന്നതിന് ഒരു കുഞ്ഞിനും ഭയമൊന്നും ഉണ്ടാവുകയില്ല. മറിച്ചാണെങ്കിൽ കാര്യങ്ങൾ മാറിമറിയും. അതാണ് അമ്മയെന്ന സത്യം നൽകുന്ന ഉറപ്പും സ്വാതന്ത്ര്യവും. (ഇത് പരിശുദ്ധ കന്യാമറിയത്തിൽനിന്നും ഏറ്റവും കൂടുതൽ ആസ്വദിച്ചതും ഉണ്ണിയായ യേശുതന്നെ ആയിരിക്കണം). കൂടാതെ, അമ്മ രോഗിയാണെങ്കിലും കിടക്കയിൽ സംസാരശേഷിയില്ലാതെയാണ് കിടക്കുന്നതെങ്കിലും അമ്മയുടെ സാന്നിദ്ധ്യം പലർക്കും ഇന്നും ഒരു ഉൾക്കരുത്താണ്. മറിച്ചാണെങ്കിൽ ജീവിതത്തിലെ ഏറ്റവും വലിയ ശൂന്യതയും. അമ്മ അരികിലുള്ളപ്പോൾ സങ്കടങ്ങളും, പരിഭവങ്ങളും പറഞ്ഞിരിക്കുമ്പോൾ തിരിച്ച് മുറിപ്പെടുത്താതെ അവയെല്ലാം ജലം ഉള്ളിൽ വലിച്ചെടുക്കുന്ന പഞ്ഞിക്കട്ടപോലെ വലിച്ചെടുത്ത് നെഞ്ചിലെ സ്നേഹച്ചൂടിൽ ചേർത്തുപിടിച്ച്, നെറ്റിയിൽ ചുംബിച്ച്, ആ സ്നേഹത്തിന്റെ മൃതുകരങ്ങൾകൊണ്ട് ശിരസ്സിൽ തലോടുമ്പോൾ നമ്മിലെ ദുഃഖങ്ങളെല്ലാം മഞ്ഞുപോലെ ഉരുകി ഒലിച്ചുപോകുന്നതായ് കാണാൻ സാധിക്കും. ഇതാണ് അമ്മമനസ്സ്. കുരിശ്ശിന്റെ വഴിയിൽ കണ്ടുമുട്ടിയ മാതാവും യേശുവും ഈ സ്നേഹകീർത്തനങ്ങൾ ആയിരിക്കണം പരസ്പരം പങ്കുവച്ചത്. സാദ്ധ്യമല്ലെങ്കിലും ആത്മവിശ്വാസം പകരുന്ന സ്നേഹനിധിയാണ് അമ്മ. പൊക്കിൾക്കൊടിമാത്രമേ മുറിച്ചുമാറ്റിയിട്ടുള്ളു, എന്നാൽ നിന്നിലെ ശ്വാസവും, ജീവനും, നീ തന്നെയും ഞാനാണെന്ന് പറയുന്ന ഏക സ്നേഹമാണമ്മ. തെറ്റിൽനിന്നും ശരിയിലേയ്ക്കും, അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേയ്ക്കും നേർവഴി കാട്ടുന്ന യഥാർത്ഥ വഴികാട്ടിയാണ് അമ്മ. നിന്നെ ഊട്ടുമ്പോഴും, വിശപ്പിന്റെ വേദന മറച്ചുപിടിച്ചവളാണ് അമ്മ. സ്വന്തം രോഗാവസ്ഥകൾ തന്നെ ദുർബലപ്പെടുത്തുമ്പോഴും തൻറെ കരം കുഞ്ഞിന്റെ നെറ്റിയിൽ തൊടുമ്പോൾ തന്നെ കുഞ്ഞിന്റെ രോഗംകണ്ടുപിടിച്ച് രോഗനിവാരണം നടത്തുന്ന സ്നേഹവാത്സല്യത്തിന്റെ ഡോക്ടറാണ് അമ്മ എന്ന പുണ്യം. എന്തിനേറെ ആത്മീയ ജീവിതത്തിന്റെ പാഠങ്ങൾ തന്റെ ജീവിതാനുഭവത്തിന്റെ ചരിത്രത്താളുകളിൽ നിന്നും അടർത്തിയെടുത്ത് ഒരു ഗുരുവിനെപ്പോലെ തന്റെ മക്കൾക്ക് ശിക്ഷണം നൽകുന്ന ഗുരുനാഥയാണ് അമ്മയെന്ന അറിവിന്റെ ദീപനാളം. ഈ ദീപനാളമാണ് പരിശുദ്ധ അമ്മ നമുക്കും അവിടുത്തെ തിരുക്കുമാരനിൽനിന്നും പകർന്നു നൽകുന്നത്. ഈ ദീപം കെട്ടുപോയാൽ നാം പ്രകാശമറ്റവരായിത്തീരും.



സ്വർഗ്ഗാരോപണത്തിരുന്നാൾ ആഘോഷിക്കാൻ നാം ഒരുങ്ങുമ്പോൾ ഈ അമ്മമനസ്സിലേയ്ക്കാണ് - സ്വാതന്ത്ര്യത്തിലേയ്ക്കാണ് പരിശുദ്ധ കന്യകാമറിയം നമ്മുടെ മനചിന്തകളെ നയിക്കുന്നത്. ഒരു പൗരൻ എന്ന നിലയിൽ ആത്മവികാരങ്ങളെ മുറിപ്പെടുത്താതെ ഏറ്റുപറയാൻ സാധിക്കുമോ? ഞാൻ സ്വാതന്ത്ര്യത്തിന്റെ ലഹരി ആസ്വദിക്കുന്ന വ്യക്തിയാണെന്ന് സ്വാതന്ത്ര്യത്തെക്കുറിച്ച് പറഞ്ഞ് തുടങ്ങുമ്പോഴേ വാക്കുകൾ മുറിഞ്ഞുപോകുന്ന അനുഭവമാണ് നമ്മിൽ പലർക്കുമുള്ളത്. ഇങ്ങനെ ഉത്തരംകിട്ടാത്ത നിരവധി ചോദ്യങ്ങൾ ബാക്കി ആക്കിയാണ് നമ്മിലെ സ്വതന്ത്രചിന്തകളുടെ ചർച്ചകൾപോലും പലപ്പോഴും അവസാനിക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരം ചിന്തകൾ ഒരിയ്ക്കലും സ്വാതന്ത്ര്യത്തിന്റെ മാനങ്ങളെ ഘനിക്കുന്നുമില്ല.

ഇവിടെയാണ് പരിശുദ്ധ അമ്മ തന്റെ പുത്രനായ യേശുക്രിസ്തുവിന്റെ സ്വതന്ത്രചിന്തകളുടെ വേറിട്ടമാനങ്ങൾ തുറന്നുവെയ്ക്കുന്നത്. കാരണം, അമ്മയെന്ന

നിലയിൽ യേശുവിനെ പൂർണ്ണമായും അനുഭവിച്ചറിഞ്ഞത് പരിശുദ്ധകന്യകാമറിയമാണ്. പലപ്പോഴും യേശുതന്റെ പിതാനെക്കുറിച്ച് സാക്ഷ്യം നൽകുന്നത് ഇപ്രകാരമാണ്. പിതാവിനെ പൂർണ്ണമായ് അറിഞ്ഞ വ്യക്തി താനാണെന്നും, യേശുവിനെ അറിയുന്നവൻ പിതാവിനെ അറിയുന്നു എന്ന സത്യവും. അതുപോലെ അമ്മയെ അറിയുന്നവൻ യേശുവിനേയും ഒപ്പം യേശുവിലേയ്ക്ക് എത്തിച്ചേരാനുള്ള ചൂണ്ടുപലകയേയും അറിയുന്നു.

യോഹന്നാൻ 8:31, 32-ൽ ഇപ്രകാരം രേഖപ്പെടുത്തുന്നു. “എന്റെ വചനത്തിൽ നിലനില്ക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും.” ഈ സ്വാതന്ത്ര്യത്തിന്റെ അനന്തവിഹായുസ്സുകളിലേയ്ക്കാണ് സ്വർഗ്ഗാരോപിത മാതാവ് നമ്മെ ഇന്ന് കൂട്ടിക്കൊണ്ടുപോകുന്നത്. കാനായിലെ കല്ല്യാണവിരുന്നിൽ വീഞ്ഞുതീർന്നു എന്ന് മനസ്സിലാക്കുന്ന അമ്മ ആ കുടുംബത്തെ സ്വാതന്ത്ര്യത്തിന്റെ കയ്യേറുന്ന അനുഭവങ്ങളിൽ നിന്നും പുത്രനാകുന്ന സ്വാതന്ത്ര്യത്തിന്റെ പുതിയ ജീവിത അനുഭവങ്ങളിലേയ്ക്കാണ് പരിശുദ്ധ അമ്മ അവരെ എത്തിയ്ക്കുന്നത്. അവരോടായ് അമ്മ പറയുന്നത് ഇപ്രകാരമാണ്; അവൻ പറയുന്നതുപോലെ ചെയ്യുക. വീണ്ടും ദൈവാരൂപിയാൽ നിറഞ്ഞ്, തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ കാണാൻ ആ ഭവനത്തിൽ പ്രവേശിച്ചമാത്രയിൽ എലിസബത്തിന്റെ ഉള്ളിൽ ആയിരുന്ന ശിശു കുതിച്ചുചാടി എന്നാണ് വചനം പറഞ്ഞുവെയ്ക്കുന്നത്. ഇവയൊക്കെ നമ്മെ എത്തിയ്ക്കുന്നത് പരിശുദ്ധ അമ്മയ്ക്കു തന്റെ പുത്രനോടുണ്ടായിരുന്ന സ്വാതന്ത്ര്യത്തിന്റെ നേർക്കാഴ്ചകളിലേയ്ക്കാണ്. ഒരിടത്ത് ശിഷ്യത്വത്തിലേയ്ക്കും മറ്റൊരിടത്ത് താൻതന്നെയും സ്വാതന്ത്ര്യത്തിന്റെ ആഹ്ലാദാനുഭവമായ് മാറുന്ന ചിന്തകളിലേയ്ക്കാണ് നമ്മെ നയിക്കുന്നത്.

അതിനാൽ സ്വർഗ്ഗാരോഹപണത്തിരുന്നാളും സ്വാതന്ത്ര്യദിനവും പരിശുദ്ധ അമ്മയിൽ തെളിഞ്ഞും ഒളിഞ്ഞും നിലനിന്ന അമ്മമനസ്സിലേയ്ക്കും സ്വർഗ്ഗീയ സ്വാതന്ത്ര്യത്തിന്റെ നീലവിഹായസ്സിലേയ്ക്കുമാണ് നമ്മെ നയിക്കുന്നത്. അതുകൊണ്ടുതന്നെ ആയിരിയ്ക്കണം യേശു കുരിശ്ശിൻ ചുവട്ടിൽവച്ച് യോഹന്നാനോട് മാതാവിനെചൂണ്ടി പറഞ്ഞുവെയ്ക്കുന്നത് ‘ഇതാ നിന്റെ അമ്മ’-യെന്ന്. ഈ സ്നേഹത്തിന്റെയും - സ്വാതന്ത്ര്യത്തിന്റെയും ചൂണ്ടുപലകയായ പരിശുദ്ധ കന്യകാമറിയം ഇന്ന് തന്റെ മക്കളായ നമ്മിലേയ്ക്കു തന്റെ വിരൽചൂണ്ടി നിൽക്കുന്നുണ്ട്. അത് മറ്റൊന്നിനുമല്ല ക്രിസ്തു സ്വാതന്ത്ര്യത്തിന്റെ അനുഭവസ്ഥരായ് നാമും മാറണം എന്ന സത്ചിന്തയോടെ. കാരണം, ഈ ലോകം നൽകുന്ന സ്വാതന്ത്ര്യത്തിനു പരിമിതികളും, കുറവുകളുമുണ്ട്. എന്നാൽ, ക്രിസ്തു നൽകുന്ന സ്വാതന്ത്ര്യം സത്യത്തിലേയ്ക്കാണ് നമ്മെ നയിക്കുക. ആ സത്യം നമ്മെ സ്വതന്ത്രരാക്കും. അതിനായ് നാം ചെയ്യേണ്ട ഒരേ ഒരുകാര്യം പരിശുദ്ധ അമ്മയെ അറിയുക, അവൾവഴി ദൈവത്തിന്റെ ഏകപുത്രനായ ക്രിസ്തുവിനെ അറിയുക. അവൻ നമ്മെ സത്യത്തിലേയ്ക്കും യഥാർത്ഥ സ്വാതന്ത്ര്യത്തിലേയ്ക്കും നയിക്കും. അതിനായ് അവിടുത്തെ യഥാർത്ഥ ശിഷ്യരായ് മാറാം. ■

ST. JOSEPH’S HIGHER SECONDARY SCHOOL
THIRUVANANTHAPURAM
LATIN ARCHDIOCESE OF TRIVANDRUM




UP & HS : 0471-2471720 | HSS : 0471-2467078 | MANAGER 0471-2470970

ലേഖനം

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഒരു പുനർവായന

എം. ജോൺസൺ റോച്ച്
പരിസ്ഥിതി പ്രവർത്തകൻ, എഴുത്തുകാരൻ

**പാരിസ്ഥിതികമായും, സാമൂഹികമായും ഒരു സുസ്ഥിര വികസനമല്ല തുറമുഖ നിർമ്മാണം നല്കികൊണ്ടിരിക്കുന്നത്. തദ്ദേശമത്സ്യത്തൊഴിലാളി സമൂഹത്തിനും പരിസ്ഥിതിക്കും ഉണ്ടായതും, ഉണ്ടാകാൻ പോകുന്നതുമായ പ്രത്യാഘാതങ്ങളെ അതിജീവിക്കാനായൊരു ചട്ടക്കൂടുണ്ടാകേണ്ടതുണ്ട്. തുറമുഖനിർമ്മാണം മൂലമുണ്ടായ പ്രത്യാഘാതങ്ങളെ വിലയിരുത്തി പരമ്പരാഗത ചെറുകിട മത്സ്യബന്ധന സമൂഹങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും വേണം.**

അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിച്ചുകൊണ്ടിരിക്കുന്ന അന്താരാഷ്ട്രതുറമുഖം തീരദേശ ആവാസവ്യവസ്ഥയെയും സമുദ്ര ജൈവ വൈവിധ്യത്തെയും മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെയും ബാധിക്കുന്നതാണ്. തീരശോഷണം, ഭവനനഷ്ടം, ഉപജീവനമാർഗ്ഗതടസ്സം, പരിസ്ഥിതിനാശം, ജൈവവൈവിധ്യ ഉന്മൂലനം മുതലായവ വിഴിഞ്ഞം കണ്ടെയ്നർ തുറമുഖം ഈ പ്രദേശത്തിനു സംഭാവന ചെയ്തുകൊണ്ടിരിക്കുന്നതിനുള്ള പരിഹാരമായി ശാസ്ത്രീയമാർഗ്ഗങ്ങൾ അവലംബിക്കണമെന്ന് ചൂണ്ടിക്കാണിക്കുമ്പോൾ, ആഗോള കാലാവസ്ഥാ വ്യതിയാനമാണ് ഇതിനൊക്കെ കാരണമെന്ന് പറഞ്ഞ് അധികൃതർ തടിതപ്പുന്ന പ്രവണതയാണ് കണ്ടുവരുന്നത്. പ്രദേശവാസികൾ തങ്ങളുടെ ആശങ്ക പങ്കുവയ്ക്കുമ്പോൾ ഇവർ ഇവിടത്തെ സ്ഥലത്തിനു വമ്പിച്ച വില വലിയ തോതിൽ കൂടുമെന്നും





തൊഴിൽ സാധ്യത ഉണ്ടാകുമെന്നും തിരിച്ചു പറഞ്ഞ് ഈ ആശങ്കകളിന്മേൽ വെള്ളപൂശുകയാണ് പതിവ്. പ്രദേശത്തെ ബഹുഭൂരിപക്ഷത്തിനും ഒരു സെൻറിനും അഞ്ചുസെൻറിനും ഇടയ്ക്കുള്ള ഭൂമിയാണ് സ്വന്തമായുള്ളത്. കിടപ്പാടഭൂമി നല്ല വിലയ്ക്ക് വിറ്റ്, നിങ്ങൾ ഇവിടെനിന്ന് സ്ഥലം കാലിയാക്കി തരണമെന്നാണോ ഇവർ പറയുന്നത്? തൊഴിലിന്റെ കാര്യത്തിൽ പ്രാദേശികവാസികൾക്കായി കൃത്യമായൊരു മാനദണ്ഡം ഇതുവരെ രൂപീകരിക്കപ്പെട്ടിട്ടില്ല. കേരളത്തിന് കടുത്ത സാമ്പത്തിക ബാധ്യതയാണ് ഇപ്പോൾതന്നെ ഈ പദ്ധതി സമ്മാനിച്ചിരിക്കുന്നത്. ഇത് മറച്ചുവച്ച് ഇവിടെയെല്ലാം മാറ്റിമറിയ്ക്കപ്പെടാൻ പോകുകയാണെന്ന് പറഞ്ഞ്, മാമാങ്കകോലാഹലങ്ങൾ സൃഷ്ടിച്ച് പൊതുസമൂഹത്തെ സർക്കാർ കബളിപ്പിച്ചുകൊണ്ടിരിക്കുന്നു.

കടൽ, കടലിലേക്ക് തള്ളിനിൽക്കുന്ന പാറക്കെട്ടുകൾ, കുന്നുകൾ, തെങ്ങിൻ തോപ്പുകൾ, വിവിധതരം വൃക്ഷങ്ങൾ, വിവധയിനം പക്ഷികൾ, കടൽതീരങ്ങൾ, തോടുകൾ, കായലുകൾ എന്നിവയാൽ പ്രകൃതി അനുഗ്രഹിച്ച പ്രദേശമാണ് വിഴിഞ്ഞം തുറമുഖപ്രദേശവും സമീപപ്രദേശങ്ങളും. ഇവയൊക്കെയാണ് വിദേശസഞ്ചാരികളെ ഇങ്ങോട്ടു ആകർഷിച്ചു കൊണ്ടിരിക്കുന്നത്. ഈ പ്രകൃതി സൗന്ദര്യത്തെ തുറമുഖ നിർമ്മാണം മാറ്റിമറിച്ചു കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും തീരക്കടലിനെയും, തീരത്തെയും പങ്കുവെച്ച് തുറമുഖപ്രദേശത്ത് സ്ഥിതിചെയ്തിരുന്ന പാറക്കെട്ടുകളെ തുറമുഖത്തിനായി പൂർണ്ണമായും തകർത്തു കഴിഞ്ഞിരിക്കുന്നു. വൈവിധ്യമാർന്ന സമുദ്രജീവികൾ, പവിഴപ്പുറ്റുകൾ, മത്സ്യങ്ങൾ, ആൽഗകൾ എന്നിവകൊണ്ടു നിറഞ്ഞുനിന്നിരുന്ന ജൈവവൈവിധ്യത്തെയും ആവാസ വ്യവസ്ഥയെയും തുറമുഖത്തിനായി നശിപ്പിക്കപ്പെട്ടിരിക്കുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹങ്ങൾ അവരുടെ ഉപജീവനത്തിനായി ഈ ആവാസവ്യവസ്ഥയെയാണ് ശരണം പ്രാപിച്ചിരുന്നത്. ഇതിൽ ക്രിസ്ത്യൻ, മുസ്ലീം, ഹൈന്ദവ സമൂഹങ്ങൾ ഉൾപ്പെട്ടിരുന്നു. ഇവിടെ നിന്ന് കക്ക-ചിപ്പി എന്നിവ ശേഖരിച്ചു ജീവിച്ചിരുന്നവരുടെ തൊഴിൽ പൂർണ്ണമായും നഷ്ടപ്പെട്ടുകഴിഞ്ഞു. ഇങ്ങനെയുണ്ടായിരിക്കുന്ന നഷ്ടത്തിന്റെ മൂല്യം കണക്കാക്കി ഒരു ശാശ്വത പരിഹാരം ഇതുവരെ ഇവർക്കായി നിർദ്ദേശിക്കപ്പെട്ടിട്ടില്ല. തുറമുഖ നിർമ്മാണംമൂലമുള്ള നിരന്തര ശബ്ദത്താൽ തീരക്കടലിൽ ഉണ്ടായിരുന്ന മത്സ്യങ്ങളെല്ലാം ഇവിടെനിന്ന് പലായനം ചെയ്തുകഴിഞ്ഞു. അതിനാൽ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യതയിൽ വലിയ കുറവ് സംഭവിച്ചിരിക്കുന്നു. ഇത് മത്സ്യവിപണന സംസ്കരണ മേഖലയെയും പ്രതിസന്ധിയിലേക്ക് തള്ളിവിട്ടിരിക്കുന്നു. പാരിസ്ഥിതികമായും, സാമൂഹികമായും ഒരു സുസ്ഥിര വികസനമല്ല തുറമുഖ നിർമ്മാണം നല്കിക്കൊണ്ടിരിക്കുന്നത്. തദ്ദേശമത്സ്യത്തൊഴിലാളി സമൂഹത്തിനും പരിസ്ഥിതിക്കും ഉണ്ടായതും, ഉണ്ടാകാൻ പോകുന്നതുമായ പ്രത്യാഘാതങ്ങളെ അതിജീവിക്കാനായൊരു ചട്ടക്കൂടുണ്ടാകേണ്ടതുണ്ട്. തുറമുഖനിർമ്മാണം മൂലമുണ്ടായ പ്രത്യാഘാതങ്ങളെ വിലയിരുത്തി പരമ്പരാഗത ചെറുകിട മത്സ്യബന്ധന സമൂഹങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും വേണം. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുശേഷം തുറമുഖത്തിന്റെ വടക്ക് ഭാഗം തീരശോഷണത്തിനു വിധേയമായികൊണ്ടിരിക്കുന്നുവെന്ന് ഇതിനകംതന്നെ ഈ സമൂഹം തിരിച്ചറിഞ്ഞിട്ടുണ്ട്. തീരശോഷണഫലമായി തുറമുഖത്തിന്റെ തൊട്ടുള്ള ഏഴുതുറകളിലായി 291 വീടുകൾ കടലേറ്റത്താൽ നശിച്ചിട്ടുണ്ട്. അനേകവീടുകൾ നിരന്തര ഭീഷണി നേരിടുന്നു. തീരശോഷണത്തിനു വിധേയമാകുന്നവർക്കായി അംഗനവാടികൾ, സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, ആശുപത്രികൾ എന്നിവയാണ് ദുരിതാശ്വാസ ക്യാമ്പുകളായി മാറുന്നത്. അങ്ങനെ ഇത്തരം പൊതുസാമൂഹിക സൗകര്യയിടങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ വിധം പരിസ്ഥിതി ബാധിത പ്രദേശങ്ങളിലെ സാമൂഹ്യഘടനതന്നെ മാറ്റിമറിക്കപ്പെട്ടിരിക്കുകയാണ്. കടൽത്തീരം നഷ്ടപ്പെടുന്നതിനാൽ ഭവനരഹിതരാകുന്നവരുടെ പുനരധിവാസത്തിനായി കൃത്യമായൊരു സംവിധാനം ഇവിടെ ഉറപ്പുവരുത്തിയിട്ടില്ല.

തീരശോഷണം തടയാൻ കടൽഭിത്തിയുയർത്തി കോടികൾ ദുർവ്യയം ചെയ്യുന്നതു മതിയാക്കുകയാണ് വേണ്ടത്. കടൽഭിത്തി ഇവിടത്തെ പരിസ്ഥിതിയ്ക്ക് ഗുണത്തെക്കാൾ, ഏറെ ദോഷമാണ് പ്രദാനം ചെയ്തു കൊണ്ടിരിക്കുന്നത്. ഈ പ്രദേശത്ത് നിലനിൽക്കുന്ന ടൂറിസം സാധ്യതകൾക്കും കടൽഭിത്തി ഭീഷണി ഉയർത്തുന്നുണ്ട്. കടൽഭിത്തി നിർമാണത്തിനു മൊറട്ടോറിയം ഏർപ്പെടുത്തിക്കൊണ്ട്, കടൽത്തീരങ്ങളുടെ പുനരുജ്ജീവനവും നിലനിൽപും ലക്ഷ്യമാക്കിയുള്ള, ഒരു പുത്തൻ നയത്തിനു രൂപം നൽകേണ്ടിയിരിക്കുന്നു. കടൽത്തീരത്ത് കല്ലിട്ട് നശിപ്പിക്കുന്നതിനാവശ്യമായ ധനത്തെക്കാൾ കുറവ് മതിയാകും തീരശോഷണത്തിന്റെ പ്രത്യാഘാതം നേരിടുന്നവരെ കടലോരത്തുനിന്നും

മാറ്റി, അവർക്ക് തൊഴിലിനു പോകാൻ തടസ്സമാകാത്ത വിധത്തിലുള്ള ദൂരപരിധിയിൽ മാറ്റി പാർപ്പിക്കാനായി. തീരശോഷണംമൂലം കുട്ടികളുടെ കളിസ്ഥലങ്ങളും നഷ്ടമാകുന്നുണ്ട്. ഇതിനുപകരമായി ആ പ്രദേശത്തുനിന്നും വളരെ അകലെയല്ലാത്ത വിധത്തിൽ കളിസ്ഥലം ഒരുക്കിക്കൊടുക്കേണ്ടിയിരിക്കുന്നു. തുടരെയുള്ള കടലേറ്റത്താൽ വെള്ളക്കെട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. ഈ വെള്ളക്കെട്ടുകൾ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. മുകളിൽപ്പറഞ്ഞ പരിസ്ഥിതിപ്രശ്നങ്ങളെ പ്രതിരോധിക്കാനായി, പരിസ്ഥിതി പരിപാലന ഫണ്ട് ആവശ്യമാണ്. വിനോദസഞ്ചാരത്തെയും, മത്സ്യബന്ധനത്തെയും തുറമുഖം ഹാനികരമാക്കിക്കൊണ്ടിരിക്കുന്നതിനാൽ, ഈ പ്രദേശത്തെ, സമ്പദ് വ്യവസ്ഥയ്ക്ക് കനത്ത നഷ്ടമാണ് പ്രാദേശികവാസികൾക്ക് ഈ തുറമുഖം സംഭാവന ചെയ്തുകൊണ്ടിരിക്കുന്നത്. പാരിസ്ഥിതികമായും സാമൂഹികമായും സുസ്ഥിരമായ വികസനമല്ല തുറമുഖവുമായി ബന്ധപ്പെട്ട് നടന്നുക്കൊണ്ടിരിക്കുന്നത്. പരിസ്ഥിതിയെയും സമൂഹത്തെയും അപകടത്തിലാക്കുന്ന മൂലധന നിക്ഷേപമാണ് വിഴിഞ്ഞം കണ്ടെയ്നർ ഫോർട്ട്. തുറമുഖത്തോടനുബന്ധിച്ചുള്ള വികസനം ത്വരിതപ്പെടുന്നതിനനുസരിച്ച് മത്സ്യത്തൊഴിലാളികൾ കുടിയൊഴിപ്പിക്കപ്പെട്ടുകൊണ്ടിരിക്കും.

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വതന്ത്രമായി തൊഴിലിൽ ഏർപ്പെടുന്നതിനുള്ള ഭീഷണി തുറമുഖം ഉയർത്തുന്നുണ്ട്. ഇത് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ഉയർത്തുന്ന വെല്ലുവിളികളിൽ വളരെ പ്രാധാന്യമാണ്. നിർമ്മാണ സാമഗ്രികൾ കൊണ്ടുപോകുന്ന ബാർജുകൾ മത്സ്യബന്ധന വലകൾക്ക് കേടുപാടുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. തുറമുഖം കൂടുതൽ പ്രവർത്തനക്ഷമത കൈവരിക്കുമ്പോൾ, ഇത്തരത്തിലുള്ളൊരു അപകടമേഖലയായി ഈ മത്സ്യമേഖല മാറും. ഇപ്പോൾതന്നെ മത്സ്യബന്ധന ഉപകരണങ്ങൾ ഇടയ്ക്കിടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കൂടാതെ ജീവഹാനി സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. തുറമുഖ നിർമ്മാണം തുടങ്ങുന്നതുവരെ വിഴിഞ്ഞം മത്സ്യബന്ധനതുറമുഖം ഇത്തരത്തിൽ ഒരപകട മേഖലയായിരുന്നില്ല. ഇപ്പറഞ്ഞത് വസ്തുനിഷ്ഠമാണോയെന്ന് ആർക്കും പരിശോധിക്കാവുന്നതാണ്. അന്താരാഷ്ട്ര തുറമുഖത്തിന്റെ പരിസരത്തുള്ള കടലിൽ ഉണ്ടാകുന്ന ജീവഹാനികളെയും, മറ്റുനാശനഷ്ടങ്ങളെയും സാധാരണ നഷ്ടപരിഹാര മാനദണ്ഡത്തിൽ ഉൾപ്പെടുത്താതെ, ഇതിനായി വിഴിഞ്ഞം ഇൻറർനാഷണൽ സീപോർട്ട് ലിമിറ്റഡ് (VISIL) പ്രത്യേക ധനസഹായഫണ്ട് രൂപീകരിക്കണം. മരണപ്പെട്ടാൽ നഷ്ടപരിഹാരം 50 ലക്ഷമെന്ന് നിജപ്പെടുത്തുകയും വേണം. തുറമുഖത്തിന്റെ പ്രവർത്തനങ്ങൾമൂലം ഉണ്ടാകുന്ന മറ്റ് നിയന്ത്രണങ്ങളും പരിമിതികളും കണക്കിലെടുത്ത് നഷ്ടപരിഹാരം നിശ്ചയിച്ചു നല്കണം.

ബീച്ചുകൾ സംരക്ഷിക്കുന്നതിനും മാലിന്യമുക്തമായ തീരക്കടൽ നിലനിർ ത്തുന്നതിനും സുസ്ഥിര മത്സ്യബന്ധനരീതികൾ പാലിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. കണ്ടെയ്നർ തുറമുഖം ഇപ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തിനു തടസ്സം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഇനി വർദ്ധിച്ചുകൊണ്ടേയിരിക്കും. അങ്ങനെ കാലക്രമേണ ഈ പ്രദേശത്തുള്ള സമൂഹത്തെ ഒരു സാംസ്കാരിക അധഃപതനത്തിലേക്ക് തള്ളിവിടുകയും ചെയ്യും. ഇത് ഒഴിവാക്കാനായി തുറമുഖത്തോടനുബന്ധിച്ചു ഉണ്ടാകുന്ന വികസന പ്രവർത്തനങ്ങളിൽ വിഴിഞ്ഞത്തിൻറെ പ്രകൃതിയും പൈതൃകവും നിലനിർത്തിക്കൊണ്ടുള്ള വികസനരീതികൾ വേണം സ്വീകരിക്കേണ്ടത്. ഇതിനായി പ്രാദേശിക സമൂഹങ്ങൾക്ക് ബന്ധമുള്ളൊരു ഉത്തരവാദിത്തസംവിധാനം ഉറപ്പുവരുത്തണം. ഇത്തരമൊരു സംവിധാനം സംസ്കാരത്തിലും വികസന പദ്ധതികളിലും കടൽത്തീര സംരക്ഷണത്തിലും മാലിന്യ പരിപാലനത്തിലും ശ്രദ്ധകേന്ദ്രീകരിക്കണം. പ്രാദേശിക പ്രതിനിധികൾ അടങ്ങുന്ന ഈ സംവിധാനം ഈ പ്രദേശത്തിന്റെ മൊത്തത്തിലുള്ള സാമൂഹിക- പാരിസ്ഥിതിക- സാംസ്കാരിക സാഹചര്യങ്ങളെ വിലയിരുത്തികൊണ്ടിരിക്കുകയും വേണം. വിഴിഞ്ഞം തുറമുഖംമൂലം നഷ്ടപ്പെട്ട ജൈവവൈവിധ്യത്തിൽ ഇനി അവശേഷിക്കുന്നവ സംരക്ഷിക്കുന്നതിനായി പദ്ധതി ആവിഷ്കരിക്കണം. സമഗ്രമായ പാരിസ്ഥിതിക ആഘാത വിലയിരുത്തലുകൾക്കും ലഘൂകരണ നടപടികൾക്കും ഒരു തുടർച്ച ഉണ്ടായിരിക്കുകയും വേണം. ഈ തുടർച്ചയിലൂടെ പരിസ്ഥിതി സംരക്ഷണവും മനുഷ്യാവകാശങ്ങളും ഉറപ്പുവരുത്താനായി ആഘാത വിലയിരുത്തലുകളും, അതിൽ ഊന്നിയുള്ള പ്രോജക്ട് റിപ്പോർട്ടുകളുമാണ് ആവശ്യം.

ഈ പ്രദേശത്ത് ഉണ്ടാകുന്ന സാമ്പത്തിക-പാരിസ്ഥിതിക-സാംസ്കാരിക നഷ്ടങ്ങളുടെ മൂല്യം വിലയിരുത്തി അതിനനുസരിച്ചുള്ള പരിഹാരം ഒരു തുടർപ്രക്രിയയായി നടന്നുകൊണ്ടിരിക്കണം. നഷ്ടപ്പെട്ട കടൽതീരങ്ങളുടെ പുനരുജ്ജീവനത്തിനായുള്ള നടപടികൾ സ്വീകരിക്കണം. തീരശോഷണ പരിപാലനത്തിൽ, സുതാര്യത, വിദ്യാഭ്യാസം, നിക്ഷേപം, നഷ്ടപരിഹാരം എന്നിവയ്ക്ക് മുൻഗണന നല്കണം. തീരശോഷണത്തിന്റെയും ഉപജീവനത്തിന്റെയും നഷ്ടങ്ങളുടെ ആഘാതങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾക്കു വേണം മുൻഗണന നൽകേണ്ടത്. ഭക്ഷണം, ജോലി, സാസ്കാരിക സംരക്ഷണം എന്നിവയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾക്ക്, മനുഷ്യാവകാശം സംബന്ധിച്ച് ഐക്യരാഷ്ട്രസഭ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രത്യാഘാതങ്ങൾ നേരിടുന്ന, തീരപ്രദേശങ്ങളിലെ മനുഷ്യരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലും പാലിക്കപ്പെടണം. ഇതിന്റെ അടിസ്ഥാനത്തിലുള്ള പരിഹാരമാർഗ്ഗങ്ങളും, നഷ്ടപരിഹാരങ്ങളും നിശ്ചയിച്ചു നല്കേണ്ടിയിരിക്കുന്നു. ■




# കത്രീനയുടെ കണ്ണീർക്കടൽ

ആബേൽ ചെറിയമുട്ടം

വേനൽ ചൂട് പതിവിലും കൂടിയിരുന്ന ദിവസം ജോലിത്തിരക്കുകഴിഞ്ഞ് നഗരത്തിലെ പൊടിപിടിച്ച അന്തരീക്ഷത്തിൽനിന്നും മാറി ശുദ്ധവായു ശ്വസിക്കാനും കടൽകാറ്റുകൊള്ളാനും കടൽത്തീരത്തേയ്ക്കു ചെന്നു. പ്രഭാപൂരിതമായ സന്ധ്യാനേരം. അസ്തമയ സൂര്യന്റെ കിരണങ്ങൾകണ്ട് കടലിനഭിമുഖമായി സ്വർണ്ണ നിറമണിഞ്ഞ മണൽപ്പരപ്പിലിത്തിരി നേരമിരുന്നു. സരളവും സൗമ്യവുമായ ഒരു ആകാശക്കാഴ്ചയാണ് പ്രകൃതി അന്നെനിക്ക് സമ്മാനിച്ചത്.

കുളിർക്കാറ്റ് വീശുന്നുണ്ടായിരുന്നു. അങ്ങോട്ടുമിങ്ങോട്ടും ആളുകൾ നടക്കുന്നുണ്ട്. തീരത്തെ കുട്ടികൾ വോളിബോളും, ഫുട്ബോളും കളിക്കുന്നു. ആൾക്കാരുടെ തിരക്ക് കൂടിയതിനാൽ അല്പംമാറി തിരകളെ നോക്കി ഏകനായി മണലിലിരുന്നു. ചുവന്നുതുടുത്ത മാനം പതിയെ നീലിമയായി. പ്രപഞ്ചഭംഗി ആസ്വദിക്കാൻ കൊതിയായി. അസ്തമയസൂര്യന്റെ കിരണങ്ങൾ പതിയെ പതിയെ നിറം മങ്ങിത്തുടങ്ങി.

വാനിൽ വട്ടമിട്ടു പറക്കുന്ന പരുന്തുകൾ, കൂടുകളിലേക്ക് കൂട്ടമായി പറന്നു പോകുന്ന കൊറ്റികൾ. യന്ത്രയാനങ്ങളിൽ മത്സ്യബന്ധനത്തിനു തയ്യാറെടുക്കുന്ന മത്സ്യത്തൊഴിലാളികൾ. ശാന്തതയുടെ മഹനീയമായ ഇടമായിരുന്നു അവിടം.

കടൽക്കാക്കകളുടെ ശബ്ദം കാതിൽ വന്നലച്ച് അസ്വസ്ഥപ്പെടുത്തിയപ്പോൾ വീട്ടുകാര്യങ്ങൾ അലട്ടി. നിലാവ് ചിരിക്കുന്നതായും നക്ഷത്രങ്ങൾ കഥ പറയുന്നതായും തോന്നി. പെട്ടെന്ന് നീണ്ട കാർകൂന്തലുള്ള ഒരു സ്ത്രീ എന്റെയടുത്ത് വന്നു ചോദിച്ചു. സമയം വൈകിയില്ലേ, വീട്ടിലേക്ക് പോകുന്നില്ലേ? അപരിചിതയായ അവരോട് ആദ്യം ഞാനൊന്നും മിണ്ടിയില്ല. പിന്നെയും ചോദ്യങ്ങൾ ഉയർന്നു. എവിടെയാ വീട്? അല്പം അകലെയാണ്. ഞാൻ പറഞ്ഞു.

മോന്റെ പേരെന്താണ്? എനിക്കാദ്യം ദേഷ്യം വന്നു. പേരറിഞ്ഞിട്ട് എന്ത് എടുക്കാനാ ആൻറി? അവർ എന്നെ വിടുന്ന ഭാവമില്ലായിരുന്നു.

കുറെ നേരമായി മോനെ ഞാൻ ശ്രദ്ധിക്കുന്നു. നേരം ഇരുട്ടി വീട്ടിൽ പോകുന്നില്ലേ. . .? കുറച്ചുകൂടി

കഴിഞ്ഞിട്ട് പോകാം. ഞാൻ വീണ്ടും പറഞ്ഞു. ആരെയോ തിരയുന്ന മനസ്സായിരുന്നു അവർക്ക്.

എന്നെ അറിയാമോ. . .? ഇല്ലായെന്ന് ഞാൻ തലയാട്ടി. എന്റെ പേര് കത്രീന. പേര് പറഞ്ഞയുടൻ അവർ മണലിലിരുന്നു. പുറകിലേക്ക് കൈ ചൂണ്ടി കാണിച്ചിട്ടു പറഞ്ഞു. ദേ. . . അതാണ് എന്റെ വീട്. ഞാൻ മിണ്ടിയില്ല. ഇടിഞ്ഞു വീഴാറായ ഒരു പഴഞ്ചൻ വീട്.

ഞാൻ പതിയെ ചോദിച്ചു. കുടുംബം എങ്ങനെയാ? ചോദിച്ചതും അവരുടെ നയനങ്ങൾ നിറഞ്ഞു. കണ്ണീർപുഴ ഒഴുകി. മോൻ അന്വേഷിച്ചല്ലോ? സന്തോഷമായി!

എന്നെ വിവാഹം ചെയ്തു കൊണ്ടുവന്നതാ ഈ നാട്ടിൽ. നാളെ 25 വർഷം തികയുന്നു. അവരിലെ അന്യതാബോധം എനിക്ക് അനുഭവപ്പെട്ടു. കലങ്ങിയ കണ്ണുകൾ തുടച്ചുകൊണ്ട് അവർ തുടർന്നു.

മോൻ ഓഖി ചുഴലിക്കൊടുങ്കാറ്റിനെക്കുറിച്ച് കേട്ടിട്ടുണ്ടോ? അതേ, എന്ന് ഞാൻ പറഞ്ഞു. ഇന്ന് അഞ്ച് വർഷം തികയുന്നു. ഓഖി ചുഴലിക്കൊടുങ്കാറ്റ് വീശിയതിന്റെ തലേദിവസം ഇതുപോലൊരു സന്ധ്യാനേരം മത്സ്യബന്ധനത്തിന് പോയതാ എന്റെ ഭർത്താവും മകനും. കടലമ്മ അവരെ തിരിച്ചു തന്നിട്ടില്ല. ആ നശിച്ച ചുഴലിക്കാറ്റിൽ 133 പേർ മരണപ്പെട്ടിരുന്നു. കടലലകണക്കേ അവർ വാവിട്ടുകരഞ്ഞു. കത്രീന ആൻറിയുടെ നോവുകൾ കാറ്റിൽ അലഞ്ഞു നടന്നു.

വീണ്ടും കരയാൻ ശ്രമിക്കവേ ഞാൻ തടഞ്ഞു, കരയരുത്. . .? ആ സ്ത്രീ അല്പനേരം മൗനിയായ് തലതാഴ്ത്തിയിരുന്നു. നീണ്ട നിശബ്ദതയ്ക്ക് ശേഷം സ്നേഹത്തോടെ പറഞ്ഞു. നേരം വൈകിയല്ലേ? മോൻ വീട്ടിൽ വരുന്നെങ്കിൽ ഉണക്കമീൻ ചമ്മന്തി ചേർത്ത കഞ്ഞി തരാം. ഈ വാക്കുകൾ എന്റെ മനസ്സിനു കുളിർമയേകി. മറ്റൊരു ദിവസം വരാമെന്ന് ഞാൻ മറുപടി നൽകി. സ്വഭവനത്തിലേക്ക് അവർ തിടുക്കത്തിൽ നടന്നകന്നു.

മഹാശൂന്യത. ഇരുട്ട് കൂടിക്കൂടി വന്നു. കോവളത്തെ വിളക്കുമരം കറങ്ങിക്കൊണ്ടിരിക്കുന്നു. കടൽക്കാക്കകളുടെ നിർത്താതെയുള്ള കരച്ചിൽ അപ്പോഴും തീരത്ത് കേൾക്കാം. അഞ്ചു മിനിറ്റ് കഴിഞ്ഞതും പടിഞ്ഞാറൻ കാറ്റ് ആഞ്ഞു വീശി. അറബിക്കടൽ ക്ഷോഭിച്ചു. ചുറ്റും തിരിഞ്ഞു നോക്കി. ആരുമില്ല. ആർത്തിരമ്പുന്ന തിരമാലകളുടെ ആഘോഷനൃത്തം കണ്ട് ഞാൻ അവിടം വിട്ട് ഓടുന്നതിനിടയിൽ കനത്ത മഴ നിർത്താതെ പെയ്തു. പ്രകൃതി പെട്ടെന്നിങ്ങനെ ക്ഷോഭിക്കുമെന്ന് അറിഞ്ഞില്ല.

ഭയാനകമായ ആ രാത്രിയിൽ എങ്ങനെയോ വീടെത്തി. നടുക്കുന്ന ഓഖി ഓർമ്മകളിൽ ഏകയായ കത്രീന ആൻറിയുടെ ജീവിതം എന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. ■



ലേഖനം

# അഞ്ചുതെങ്ങ് യുദ്ധങ്ങൾ

## ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ പ്രഥമ ഖണ്ഡം

എ. അനിൽകുമാർ
അദ്ധ്യാപകൻ, എഴുത്തുകാരൻ

സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയേഴാം വാർഷികം ആഘോഷിക്കുന്ന സാഹചര്യത്തിൽ അതിന് നാന്ദികുറിച്ച 1694 മുതൽ 1809 വരെ നടന്ന അഞ്ചുതെങ്ങ് പോരാട്ടങ്ങളെ വിസ്മരിക്കുന്നത് ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല. സ്വാതന്ത്ര്യത്തോടുള്ള അഭിവാഞ്ഛ പല രീതിയിലുണ്ടെങ്കിലും, നമ്മെ അടക്കി ഭരിച്ച ബ്രിട്ടീഷ് അധിനിവേശ ശക്തിയാൽ ജനത്തിന്റെ നഷ്ടപ്പെട്ട ജീവിത സാഹചര്യം വീണ്ടെടുത്തതാണല്ലോ യഥാർഥ സ്വാതന്ത്ര്യം. ആ നിലയിൽ സ്വാതന്ത്ര്യം വീണ്ടെടുക്കാനുള്ള ഇന്ത്യയിലെ ആദ്യ സമരങ്ങളായി വേണം അഞ്ചുതെങ്ങ് യുദ്ധങ്ങളെ കാണാൻ. അതുകൊണ്ടുതന്നെ ഇന്ത്യൻ ദേശിയ സ്വാതന്ത്ര്യ സമരത്തിന്റെ പ്രഥമ ഖണ്ഡവുമാണ് അത്. ദേശിയതയുടെ ആധുനിക മാനദണ്ഡമുപയോഗിച്ച് നമുക്ക് 17ഉം, 18ഉം നൂറ്റാണ്ടിലെ കലാപങ്ങളെയും യുദ്ധങ്ങളെയും സ്വാതന്ത്ര്യസമരങ്ങളെയും വിലയിരുത്തുന്നത് ശരിയാവില്ല. കാരണം, ആ കാലത്തെ ദേശീയതയും രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുണ്ടായ വിപുല ദേശിയതയും തമ്മിൽ വലിയ അന്തരം കാണാം. എന്താണ് ദേശീയത? അക്കാലത്തെ ദേശക്കൂറിന്റെയും ഇപ്പോഴത്തെ ഇന്ത്യൻ ദേശീയതയുടെയും വ്യത്യാസം മനസ്സിലാക്കിയാൽ തീരാവുന്നതാണ്. പക്ഷേ, അക്കാലത്തെ ചെറിയ ചെറിയ നാട്ടുരാജ്യങ്ങളുടെ ദേശീയതയും, സ്വാതന്ത്ര്യാനന്തരമുണ്ടായ വിശാല ഇന്ത്യയിലെ ദേശീയതയും തമ്മിലുള്ള ചേർച്ചയില്ലായ്മ മനസ്സിലാകും.



ഇന്ത്യൻ നാഷണൽ എന്ന ബൃഹത്തായ ദേശീയത അക്കാലത്തില്ലെന്നുകൂടി ഓർക്കണം. ദേശക്കൂറ് എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഒരു നാട്ടുരാജാവിനോടുള്ള കൂറും അവിടത്തെ കരക്കാരോടുള്ള കൂറും വ്യക്തമാകുന്നതാണ്. എന്നാൽ, അഞ്ചുതെങ്ങിൽ ഇതിന്റെ സ്വഭാവം എന്തായിരുന്നു. അഞ്ചുതെങ്ങെന്നല്ല അക്കാലത്തെ കേരളത്തിലെ മിക്കവാറും ദേശങ്ങളിലെ ഭൂരിപക്ഷം വരുന്ന സവർണേതരരായ (അവർണ്ണർ) ജനങ്ങൾ ഇത്തരക്കാരെ പുറമേ ഭയത്തോടും അകമേ അവജ്ഞയോടും വെറുപ്പോടെയുമാണ് കണ്ടിരുന്നത്. കാരണം, മെയ്യനങ്ങാത്ത നാടുവാഴികളേയും സംഘത്തെയും അവരുടെ പിണിയാളുകളായ കരപ്രമാണിമാരായ പിള്ളമാരെയും മാടമ്പിമാരെയും തീറ്റിപോറ്റേണ്ടത് അഷ്ടിക്ക് വകയില്ലാത്ത, പകലന്തിയോളം പണിയെടുക്കുന്ന, ഈ തൊട്ടുകൂടാത്ത അയിത്തജാതിക്കാരായ തൊഴിലാളികളും ജനങ്ങളുമാണ്. മാത്രമല്ല, മനുഷ്യശരീരത്തിലെ മിക്കവാറും അവയവങ്ങൾക്കും, അവര് ചെയ്യുന്ന തൊഴിലിനും, തൊഴിലുപകരണങ്ങൾക്കും വരെ കരം വാങ്ങിയിരുന്നവരാണവർ.

നികുതി കൊടുത്തില്ലെങ്കിൽ ഈ നിസ്വരെ കൊല്ലാൻ വരെയുള്ള അധികാരവുമായാണ് ഈ കരപ്രമാണിമാരും മാടമ്പിമാരും ഗുണ്ടകളെപ്പോലെ നടന്നിരുന്നത്. ഇങ്ങനെയുള്ള ചാതുർവർണ്യത്തിൽ അധിഷ്ഠിതമായ സാമൂഹ്യ വ്യവസ്ഥിതിയിൽ എങ്ങനെയാണ് നാടുവാഴികളോടും കരപ്രമാണിമാരോടും സാമാന്യ ജനതയ്ക്ക് കൂറുകാണിക്കാൻ കഴിയുക. എന്നാൽ, അവർ ദേശത്തോടുള്ള കൂറ് അസന്ദിഗ്ധമായി പ്രകടിപ്പിക്കുന്നത് ഒത്തിരി പ്രാവശ്യം കാണാം. പ്രത്യേകിച്ച്, അഞ്ചുതെങ്ങ് നിവാസികളിൽനിന്ന് നിരവധി തവണ അത് ഉണ്ടായിട്ടുമുണ്ട്. അതാണ് 1694ലും 1697ലും 1720 - 1722ലും 1798-1803ലും 1809ലും ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട പോരാട്ടങ്ങളായി നാം കാണുന്നത്. എന്നാൽ, രേഖപ്പെടുത്താത്തതായി അനവധി കലാപങ്ങൾ ഇവിടെ നടന്നതായി കരുതണം. അങ്ങനെയുള്ള ഈ പോരാട്ടങ്ങളിലെല്ലാം ദേശീയതയോടുള്ള കൂറും വൈദേശിക ശക്തിയോടുള്ള എതിർപ്പും കാണാം. നാട്ടുകാർക്ക് നാടിനോടുള്ള താൽപര്യവും, വിദേശ കമ്പനി ഭരണാധികാരികളുടെ താൽപര്യവും തമ്മിലുള്ള ഒരു ഏറ്റുമുട്ടലായി വേണം അഞ്ചുതെങ്ങ് കലാപങ്ങളെ കാണേണ്ടത്. അങ്ങനെ വരുമ്പോൾ ദേശീയതയുടെ ഒരംശവും വൈദേശികതയുടെ ഒരംശവും തമ്മിലുള്ള ഒരു പോരാട്ടമായി അഞ്ചുതെങ്ങ് കലാപങ്ങളെ കാണാം. അതുപോലെതന്നെ സ്വാതന്ത്ര്യത്തിനുള്ള ഒരു അഭിവാഞ്ഛയും ഇതിലുണ്ട്. ആ നിലയ്ക്ക് അഞ്ചുതെങ്ങ് കലാപങ്ങളെ ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ മൂലരൂപമായി (ആദ്യ സ്വാതന്ത്ര്യ സമരം) കരുതാം.

എന്തുകൊണ്ട് അഞ്ചുതെങ്ങ് കലാപങ്ങൾ ജനകീയ യുദ്ധങ്ങളായി മാറുന്നു. അതിനു കാരണം അന്ന് കേരളത്തിലും ഇന്ത്യയിലും പലപ്പോഴായി നടന്ന സ്വാതന്ത്ര്യ സമരത്തിന് പിന്നിലും, നാട്ടുരാജാക്കന്മാരും വിദേശ ശക്തിയും തമ്മിലുള്ള പോരാട്ടമെന്നാണ് ചരിത്രകാരന്മാർ വിഭാവന ചെയ്തിരിക്കുന്നത്. അക്കാലത്ത് ഏതുതരം പോരാട്ടങ്ങൾ പരിശോധിച്ചാലും, ഒരു ഘട്ടമെത്തുമ്പോൾ രാജാക്കന്മാരോ, അധികാരിവർഗമോ ആകും അതിന്റെ തലപ്പത്ത് എത്തുക. എന്നാൽ, ഇവിടെ നാട്ടുഭരണാധികാരി (ആറ്റിങ്ങൽ റാണി) യും മന്ത്രിമാരായ പിള്ളമാരും വിദേശ അധിനിവേശ ശക്തിയായ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയും




ചേർന്നുള്ള കൂട്ടുകെട്ടിനെതിരെ അഞ്ചുതെങ്ങിലെ ജനങ്ങളും മത്സ്യ-കർഷക-കയർ-നെയ്ത്തുതൊഴിലാളികളും ചേർന്നു നടത്തിയ അതിസാഹസിക ധീരോദാത്ത പോരാട്ടമാണ് ഈ അഞ്ചുതെങ്ങ് കലാപങ്ങൾ. ആ ജനകീയ പോരാട്ടങ്ങളെ ഭാരത സ്വാതന്ത്ര്യത്തിന്റെ 77-ാം വാർഷികം ആഘോഷിക്കുമ്പോഴും തമസ്കരിക്കുന്നത് ജനകീയസമരങ്ങളെ അംഗീകരിക്കാതിരിനുള്ള ആഢ്യ മനസുകളുടെ ഇടുങ്ങിയ ചിന്താഗതിയോ? അതോ അധികാര വർഗത്തിന്റെ വൈമുഖ്യമോ ആണ്.

ജീവിതത്തിന്റെ പുറമ്പോക്കുകളിൽനിന്നോ, മർദ്ദിത ചൂഷിത ജനതയുടെ ദു:ഖ-ദുരിതങ്ങളിൽ നിന്നോ ആണ് എല്ലാ മഹത്വമേറിയ പോരാട്ടങ്ങളും പൊട്ടിപ്പുറപ്പെടുന്നത്. സവർണ ജാതിവെറിക്കെതിരെയും അവർക്കു വേണ്ടി ഭരണം തിരിക്കുന്ന ഭരണനേതൃത്വത്തിനെതിരെയും, അവരെ തലോടിക്കൊണ്ടും അടിസ്ഥാന ജനതയെ തഴഞ്ഞുകൊണ്ടും വ്യാപാരം പോഷിപ്പിക്കാനെത്തിയ അധിനിവേശ ശക്തിക്കെതിരെയും തിരുവിതാംകൂറിലും കേരളത്തിലാകെയും അടിമകളെപ്പോലുള്ള തൊഴിലാളികളിൽനിന്നും സ്ഥലവാസികളിൽനിന്നും പല പ്രക്ഷോഭങ്ങളും നടന്നിട്ടുണ്ട്. പക്ഷേ, അതെല്ലാം ചില അടിപിടി വഴക്കുകളായോ, വക്കാണമായോ, കൂട്ടത്തല്ലുകളായോ ഇകഴ്ത്താനും തമസ്കരിക്കാനുമാണ് പലപ്പോഴും അക്കാലത്തെ ഭരണക്കാരെ അനുകൂലിക്കുന്നവർ ശ്രമിക്കാറ്. പൊടിയടിഞ്ഞു കിടക്കുന്ന പല അഭിമാന പോരാട്ടങ്ങളെയും, സവർണരുടേയും അക്കാലത്തെ ഭരണക്കാരുടെയും നേതൃത്വത്തിലാണ് നടന്നതെന്ന് വരുത്തിത്തീർക്കാനുള്ള ഗൂഢമായ ശ്രമങ്ങളും ആലോചനകളും ഈ അടുത്തകാലത്ത് ഏറിവരുന്നുണ്ട്. അത്തരത്തിലോ അതിനെക്കാളേറെയോ പാർശ്വവൽക്കരിക്കപ്പെട്ടവരാൽ നടന്ന ഒരു പോരാട്ടമാണ് അഞ്ചുതെങ്ങ് യുദ്ധങ്ങൾ. അധിനിവേശ ശക്തിക്കും അവരെ അനുകൂലിക്കുന്ന നാട്ടുഭരണാധികാരികൾക്കുമെതിരെ ജീവിതം വഴിമുട്ടിയ അടിസ്ഥാന ജനതയുടെ സ്വമേധയായുള്ള എതിർപ്പായിരുന്നു അഞ്ചുതെങ്ങ് പോരാട്ടം. അതിൽ ഒരു അധികാരിയുടെയോ അവരുടെ പിണിയാളുകളുടയോ സഹായമില്ലാതെ, സാധാരണ



ക്കാരും അതിലേറെ അരികു വല്കരിക്കപ്പെട്ട മത്സ്യ - കർഷക - കയർ - നെയ്ത്തു തൊഴിലാളികളും നേടിയ വിജയമാണ്. സ്വാതന്ത്ര്യബോധത്തിന്റെ തീച്ചൂളയിൽ നിന്ന് ഉയർന്ന ഈ ജനകീയ പ്രക്ഷോഭത്തെ ഇടുങ്ങിയ പ്രാദേശികവാദത്തിന്റെ ഇരുട്ടറയിലടച്ച് ഞെരുക്കിക്കളയാനുള്ള ശ്രമങ്ങൾ എതിർക്കപ്പെടേണ്ടതാണ്. ചിലരുടെ നിക്ഷിപ്ത താല്പര്യങ്ങൾക്ക് വഴങ്ങിക്കൊണ്ട് അപൂർവ ചരിത്ര പ്രാധാന്യമുള്ള ഒരു സ്ഥലമായ അഞ്ചുതെങ്ങിനെ തമസ്കരിക്കുന്ന മാനസികജീർണതയ്ക്ക് ന്യായികരണമായി പല കൽപ്പിതകഥകളുമുണ്ടാകും. പക്ഷേ, ജനകീയാഭിമാനത്തിന്റെ കഴിഞ്ഞകാലത്തെയും, നീതിബോധത്തിന്റെ രണഭൂമിയിൽ പോരാടിവീണ പൂർവികരുടെ സ്ഥലകാല ബോധ്യങ്ങളെയും അട്ടിമറിക്കാൻ ആർക്കും അവകാശമില്ല.

കമ്പനി രേഖകളിൽ അഞ്ചുതെങ്ങ് ജനകീയ യുദ്ധപരമ്പരയെ ആകെ 1721-ലെ കൂട്ടക്കൊല എന്ന സംഭവത്തിൽ ഒതുക്കി തീർക്കാൻ ബ്രിട്ടീഷ് ചരിത്രകാരന്മാർ ശ്രമിക്കുന്നതായി കാണാം. കാര്യകാരണങ്ങളില്ലാതെ നടന്ന ഒരു കൂട്ടക്കൊല എന്ന മട്ടിൽ കമ്പനി രേഖകളിൽ ഇത് സ്ഥാപിച്ച് എടുക്കാൻ ശ്രമിക്കുമ്പോൾ, അതിനപ്പുറമൊരു പ്രക്ഷോഭവും 1694-1809 കാലയളവിൽ ബ്രിട്ടീഷ് കോട്ടയ്ക്കെതിരെ ഉണ്ടായിട്ടില്ല എന്ന മട്ടിലാണ് വസ്തുതകൾ തമസ്കരിക്കപ്പെടുന്നത്. 1721-ലെ കോട്ടമേധാവിയുടെ മരണത്തിൽ കലാശിച്ച സംഭവം യാതൊരു അർത്ഥത്തിലും അത് ഒരു കൂട്ടക്കൊലയായിരുന്നില്ല. മിറച്ച് കമ്പനി ഉദ്യോഗസ്ഥർക്കിടയിലുണ്ടായ വെറും ആഭ്യന്തര കലഹം മാത്രമാണെന്നും കരുതുന്നു. അതിൽ മരിച്ചവരുടെ എണ്ണം 10നു താഴെ എന്നു, ഇംഗ്ലീഷ് കമ്പനി തന്നെ സമ്മതിക്കുന്ന ഒറ്റപ്പെട്ട ഒരു സംഭവമാണത്. അതിന്റെ എത്രയോ മടങ്ങ് നാട്ടുകാർ 1694 മുതൽ 1809 വരെ നടന്ന ഏറ്റുമുട്ടലുകളിൽ ബ്രിട്ടീഷ് പീരങ്കിക്കും തോക്കിനും ഇരയായിട്ടുണ്ട് എന്നതിന്റെ കണക്കെടുപ്പ് നടത്തേണ്ടതിന്റെ ആവശ്യം കമ്പനിക്ക് ഉണ്ടായിട്ടില്ല. 1721-ൽ ബ്രിട്ടീഷുകാർക്കുണ്ടായ ആൾനാശത്തെ കൂട്ടക്കൊലയായി ചിത്രീകരിക്കുന്നതും, 1857 ൽ ശിപായികളുടെ ക്യാമ്പിൽ നിന്നുണ്ടായ ബ്രിട്ടീഷ് വിരുദ്ധ പൊട്ടിത്തെറിയെ ശിപായി ലഹളയായി ദീർഘനാൾ ചരിത്രപുസ്തകത്തിൽ വിശേഷിപ്പിച്ചു നിർത്തുന്നതും ഒരേ സൂത്രബുദ്ധിയാണ്. മത സ്പർധ ഉണ്ടാക്കാൻ വർഗ്ഗീതയുടെ കൊഴുപ്പ് തിരുകിക്കയറ്റിയത് ബ്രിട്ടീഷുകാരാണ്. അവരാണ് മതവൈര്യം ഇന്ത്യയിൽ ആദ്യം അവതരിപ്പിച്ചതും, അതിലൂടെ അവർ വിജയംകൊണ്ടതും. കുരിശുയുദ്ധങ്ങൾ, പ്രൊട്ടസ്റ്റൻറ്, കത്തോലിക്ക സമീപനങ്ങൾ എന്നിവ ഭിന്നിപ്പിക്കാൻ അവർ പ്രയോജനപ്പെടുത്തി. അതിന്റെ അവസാനമാണ് ഇന്ത്യ-പാകിസ്ഥാൻ വിഭജനം. ശിപായി ലഹള സ്വാതന്ത്ര്യ സമരം എന്ന നിലയിൽ തിരുത്തി എഴുതപ്പെട്ടിട്ടുണ്ട്. എന്നാൽ അഞ്ചുതെങ്ങിലെ ജനകീയ സ്വാതന്ത്ര്യ യുദ്ധങ്ങളുടെ പാർശ്വത്തിൽ നടക്കുന്ന ഒരു സംഭവത്തെ



വേർതിരിച്ചെടുത്ത് ആറ്റിങ്ങൽ കൂട്ടക്കൊലയായി എഴുതി പെരുപ്പിച്ചതിനെ തിരുത്തിപ്പറയാൻ ചരിത്രപഠിതാക്കൾ ഇനിയും തയ്യാറായിട്ടില്ല.

അഞ്ചുതെങ്ങ് യുദ്ധത്തെ ആറ്റിങ്ങൽ കലാപമെന്നും കൂട്ടക്കൊലയെന്നും പലതരത്തിൽ വിശേഷിപ്പിച്ചുകൊണ്ട് പല രചനകൾ പുറത്തുവന്നിട്ടുണ്ട്. എന്നാൽ വ്യക്തമായി സൂചിപ്പിക്കാനുദ്ദേശിക്കുന്ന വസ്തുത അഞ്ചുതെങ്ങ് കോട്ടയ്ക്കെതിരെ നടന്ന ജനകീയയുദ്ധം 1721 ഏപ്രിൽ 11-ന് ബ്രിട്ടീഷ് പക്ഷത്ത് ആൾനാശം വരുത്തിയ മണിക്കൂറുകൾ മാത്രം ആയുസ്സുള്ള ഒറ്റപ്പെട്ട ഒരു പ്രക്ഷോഭമല്ല എന്നതാണ്. ഏതെങ്കിലുമൊരു ദിവസം ഏതാനും മണിക്കൂറുകളിൽ തുടങ്ങി കെട്ടടങ്ങുന്ന ഒരു പ്രതിഭാസമല്ല മറിച്ച്, ഒരു ജനത അവരുടെ ജീവിതത്തിന്റെ സ്ഥലത്ത്, നാടുവാഴിയുടെ പിന്തുണയോടെ ബ്രിട്ടീഷുകാർ കെട്ടിയുയർത്തിയ വൈദേശികാധികാരത്തിന്റെ കോട്ടയ്ക്കെതിരെ നടത്തിയ ദശകങ്ങൾ നീണ്ടുനിന്ന പോരാട്ടമാണ് അഞ്ചുതെങ്ങ് യുദ്ധങ്ങൾ. കോട്ട നിർമ്മിക്കാനുള്ള അനുമതിപത്രത്തിൽ കാണുന്ന ഉള്ളടക്കം വസ്തുതാപരമാണ് എങ്കിൽ അതിന്റെ കൃത്യമായ തീയതി വിവാദമാകുമ്പോൾപോലും ബ്രിട്ടീഷുകാരുടെ കോട്ടയ്ക്കും വ്യാപാരശാലയ്ക്കും സെറ്റിൽമെൻറിനും ആവശ്യമായിവരുന്ന പ്രദേശം റാണിക്കുവിധേയമായി ഭരിച്ചു കൊള്ളുവാൻ ബ്രിട്ടീഷുകാർക്ക് റാണി അനുമതി നൽകുകയാണ്. ഭരണപ്രദേശത്തിന്റെ സ്ഥലപരിധി കൃത്യമായി നിർണ്ണയിക്കുന്നതിനു മുൻപുതന്നെ നിങ്ങൾക്ക് ആവശ്യമായിവരുന്ന സ്ഥലം നിങ്ങളുടെ അധീനതയിലാക്കാനും ആറ്റിങ്ങൽ നാട്ടുരാജ്യത്തിലെതന്നെ മുഖ്യവിഭവങ്ങളുടെ വ്യാപാരാവകാശം നിങ്ങൾക്ക് നൽകാനും അനുവദിച്ചിരിക്കുന്നുവെന്നാണ് റാണി ബ്രിട്ടീഷുകാർക്ക് നൽകുന്ന ആധാരത്തിൽ പറഞ്ഞിരിക്കുന്നത്. ജനസമ്മതിയോടെയുള്ള ഒരു ഭൂദാനക്കരാറോ അധികാരക്കരാറോ അല്ലായെന്നതുകൊണ്ട് ഇപ്പറഞ്ഞ രേഖയുടെ അടിസ്ഥാനത്തിൽ ബ്രിട്ടീഷുകാർ ദേശവാസികളുടെ ഭൂമിയിൽ ഭരണം തുടങ്ങുമ്പോൾ തദ്ദേശവാസികൾക്ക് എതിർപ്പുണ്ടാവുക സ്വാഭാവികമാണ്. വ്യാപാരശാല, കോട്ട, കുരുമുളക് വ്യാപാരം എന്നിവയുടെ അവകാശം, ബ്രിട്ടീഷുകാർ റാണിയിൽ നിന്ന് കരസ്ഥമാക്കി (obtained) എന്നത് എല്ലാ ചരിത്രപഠിതാക്കളും സമ്മതിക്കുന്നു. അതിനുവ്യക്തമായ ഒരു അനുമതിപത്രം ഉണ്ടായിരുന്നോ ഇല്ലയോ എന്ന സംശയം നിലനിൽക്കുമ്പോൾതന്നെ മുൻപറഞ്ഞിരുന്നതിനുള്ള അവകാശമോ അധികാരമോ അവർ കരസ്ഥമാക്കിയെന്നത് വസ്തുതയാണ്. എന്നാൽ തന്റെ വരുതിയിൽ നിന്നുകൊണ്ട് ബ്രിട്ടീഷുകാർക്ക് ആവശ്യമായി വരുന്ന സ്ഥലം ഭരിച്ചുകൊള്ളാൻ റാണി അനുമതി നൽകി എന്നു പ്രസ്താവിക്കുന്ന രേഖ വസ്തുതാപരമാണ് എന്നുണ്ടെങ്കിൽ ജനങ്ങളും പുത്തൻ ഭരണസ്ഥാപനവും തമ്മിലുള്ള ഏറ്റുമുട്ടൽ അനിവാര്യമായി തീരുക സ്വാഭാവികമാണ്. അത്തരമൊരു ഏറ്റുമുട്ടൽ അഞ്ചുതെങ്ങിൽ നടന്നിരുന്നു. അഞ്ചുതെങ്ങിന്റെ മുഖ്യഭൂവിഭാഗമായ കോടുതലയിൽ (Cottadilly) കടന്നുകയറാനും ബ്രിട്ടീഷ് ഭരണം അവിടെ വ്യാപിപ്പിക്കാനും കമ്പനി അധികാരികൾ ശ്രമിക്കുന്നതോടെ 1720-ൽ കമ്പനിയും ജനങ്ങളും തമ്മിൽ ഒരു തുറന്നയുദ്ധം തന്നെ ഉണ്ടാവുന്നു.

അഞ്ചുതെങ്ങിലെ ബ്രിട്ടീഷ് ഭരണസ്ഥാപനം, ജനങ്ങളുടെ ജീവിതസ്ഥലം കൈയേറുന്നതിനെതിരെ നടന്ന ഒരു നൂറ്റാണ്ടു കാലത്തിലധികം നീണ്ട യുദ്ധസംഘർഷ പരമ്പരയെ പൊടുന്നനേ സംഭവിച്ച ഒറ്റയാൻ കൂട്ടക്കൊല എന്ന വിശേഷണം കൊണ്ട് തമസ്കരിക്കുക എന്ന വിദ്യയാണ് ബ്രിട്ടീഷ് ചരിത്രാഖ്യാതാക്കൾ അവലംബിക്കുന്നത്. അവരുടെ ഭാഗത്ത് അഞ്ചോ പത്തോ പേർക്ക് ആൾനാശം സംഭവിക്കുന്ന ഒരു സംഘർഷത്തെ കൂട്ടക്കൊല എന്ന നിലയിൽ ചിത്രീകരിച്ച് മഹാസംഭവമാക്കിത്തീർക്കുക ഈസ്റ്റിന്ത്യാ കമ്പനിയുടെ ആവശ്യമായിരുന്നു. ദേശീയ നാടുവാഴിയായ ആറ്റിങ്ങൽ റാണിയുടെ അനുമതിയുടെ മറവിൽ ബ്രിട്ടീഷ് കമ്പനി അവർക്കു ലഭിച്ച ഭരണപ്രദേശത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കാൻവേണ്ടി നടത്തിയ അക്രമ പ്രവർത്തനങ്ങൾക്കെതിരെ അഞ്ചുതെങ്ങു ദേശവാസികൾ ദീർഘകാലം നടത്തിയ ചെറുത്തുനിൽപ്പും പോരാട്ടവും ബ്രിട്ടീഷുകാർക്ക് ആൾനാശമുണ്ടാക്കിയ ദുരൂഹപരിസരമുള്ള ഒരു സംഭവത്തിലേക്ക് വെട്ടിച്ചുരുക്കി. ആറ്റിങ്ങൽ കലാപമെന്നപേരിൽ ആ സംഭവത്തെ മാത്രം ഒറ്റതിരിച്ചു കാണിക്കുന്ന നിലപാട് പല കേരള ചരിത്രാഖ്യാതാക്കളും പിൻതുടരുന്നു. 1721 ഏപ്രിലിൽ സംഭവിച്ച ഏറ്റുമുട്ടലിൽ ബ്രിട്ടീഷുകാർ കൊല്ലപ്പെട്ടിട്ടുണ്ട്. കൊല്ലപ്പെട്ട ബ്രിട്ടീഷുകാരുടെ എണ്ണം പത്ത് എന്ന് 1731-ലെ കരാറിൽ പറയുമ്പോൾ, 140-ൽ അധികം ബ്രിട്ടീഷ് സൈനികർ കൊല്ലപ്പെട്ടിട്ടുണ്ട് എന്ന് മറ്റു ചില ചരിത്രാഖ്യാതാക്കൾ പറയുന്നു. ഒരു ദേശജനത അവരുടെ മണ്ണ് അധിനിവേശ ശക്തികളിൽ നിന്ന് രക്ഷിച്ചു നിർത്താൻ നടത്തുന്ന ഏതു സമരവും ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ രൂപമാണ്.

■

ചരിത്രപഥം



ഫാ. ഡോ. ജോൺ ബോസ്കോ

*നിങ്ങൾ എവിടെ നിന്നാണ് വരുന്നതെന്ന് അറിയില്ലെങ്കിൽ, നിങ്ങൾ എവിടെയാണെന്ന് നിങ്ങൾക്കറിയില്ല.*
*നിങ്ങൾ എവിടെയാണെന്ന് അറിയില്ലെങ്കിൽ എവിടേയ്ക്കാണ് പോകുന്നതെന്നും നിങ്ങൾക്ക് അറിയില്ല.*
*നിങ്ങൾക്ക് എവിടേയ്ക്കാണ് പോകേണ്ടതെന്നും അറിയില്ലെങ്കിൽ നിങ്ങൾക്ക് ഒരുപക്ഷേ തെറ്റ് സംഭവിച്ചേക്കാം.*
*Terry Pratchett*

# തിരുവിതാംകൂറിലെ ക്രിസ്തുമതത്തിന്റെ ഉത്ഭവം

തിരുവിതാംകൂറിലെ ക്രിസ്തുമതത്തിൻറെ ഉത്ഭവത്തിനും വളർച്ചക്കും നാലു ഘട്ടങ്ങൾ കണ്ടെത്താൻ കഴിയും. മലബാറിൽ സെൻറ്. തോമസിന്റെ ദൗത്യവുമായി ബന്ധപ്പെട്ടതാണ് ആദ്യഘട്ടം. തിരുവനന്തപുരത്ത് ക്രിസ്തുമതത്തിന്റെ ഉത്ഭവം പരിശോധിക്കുമ്പോൾ എ.ഡി. 52-ൽ സെൻറ് തോമസ് കേരളത്തിൽ എത്തിയതായി ഒരു പാരമ്പര്യമുണ്ട്. വിശുദ്ധ തോമസ് പ്രസംഗിച്ച രണ്ടാമത്തെ നഗരം കൊല്ലമായിരുന്നു എന്ന് പറയപ്പെടുന്നു. തെക്കൻ തിരുവിതാംകൂറിലെ വേണാടിന്റെ പുരാതന തലസ്ഥാനമായ തിരുവിതാംകോടിൽ സെൻറ് തോമസ് ഒരു പള്ളി സ്ഥാപിച്ചതായി വിശ്വസിക്കപ്പെടുന്നു. ഇന്ന് ആ പള്ളി സെൻറ് മേരീസ് സിറിയൻ ഓർത്തഡോക്സ് ചർച്ച് എന്നാണ് അറിയപ്പെടുന്നത്. തിരുവിതാംകോട്, കൊല്ലം, കായംകുളം, മുട്ടം തുടങ്ങിയ തീരപ്രദേശങ്ങളിലുടനീളമുള്ള മത്സ്യത്തൊഴിലാളികളുടെ ക്രിസ്ത്യൻ വാസസ്ഥലങ്ങളെ ആദ്യകാലം മുതൽ പിന്തുണയ്ക്കുന്ന തെളിവുകളുണ്ട്. വാമൊഴിയായുള്ള പാരമ്പര്യമനുസരിച്ച് അപ്പോസ്തലനായ സെൻറ് തോമസിൽ നിന്ന് ക്രിസ്തീയവിശ്വാസം ആദ്യമായി സ്വീകരിച്ചവരിൽ കുറച്ചുപേരാണ് മുക്കുവർ എന്ന് വിശ്വസിക്കപ്പെടുന്നു. എന്നിരുന്നാലും കേരളത്തിലെ ക്രിസ്ത്യൻ കാലഘട്ടത്തിന്റെ ആദ്യമൂന്ന് നൂറ്റാണ്ടുകളെ പരാമർശിക്കുന്ന പുരാവസ്തു തെളിവുകൾ ലഭ്യമായിട്ടില്ല. പാരമ്പര്യങ്ങളൊഴികെ സെൻറ് തോമസിന്റെ വരവിനെ പിന്തുണയ്ക്കുന്ന പുരാവസ്തു തെളിവുകളൊന്നുമില്ല. ലഭ്യമായ ഒരേയൊരു തെളിവ് അതിന്റെ



വ്യത്യസ്ത പതിപ്പുകളിലെ പാരമ്പര്യങ്ങളും പ്രാദേശിക പാരമ്പര്യങ്ങളുമാണ്. കേരളത്തിലെ ആദ്യത്തെ ക്രിസ്ത്യൻ സമൂഹം കുടിയേറ്റ സമൂഹമോ മറ്റു ക്രിസ്ത്യൻ സമൂഹങ്ങളോ ആയിരിക്കാം. കുടിയേറ്റം ആദ്യനൂറ്റാണ്ടുകളിലോ പിൽക്കാലത്തോ സംഭവിച്ചിരിക്കാം. ഒരു തവണയല്ല ഒരുപക്ഷേ പലതവണയാകാം. സഭയുടെ ചരിത്രത്തിൽ ക്രിസ്തുമതത്തിന്റെ വ്യാപനത്തിന്റെ പ്രധാന കാരണങ്ങളിലൊന്നാണ് കുടിയേറ്റം. കുടിയേറ്റത്തിനുള്ള കാരണങ്ങൾ രാഷ്ട്രീയവും മതപീഡനങ്ങളും വ്യാപാരവുമാകാം. കുടിയേറ്റക്കാരായ ക്രിസ്ത്യാനികൾ വലിയ നഗരങ്ങളിൽ സ്ഥിരതാമസമാക്കി. എ.ഡി ഏഴാം നൂറ്റാണ്ടിലും പന്ത്രണ്ടാം നൂറ്റാണ്ടിലും തിരുവനന്തപുരത്ത് വിഴിഞ്ഞത്തിൽനിന്ന് സമുദ്രവ്യാപാരം അഭിവൃദ്ധി പ്രാപിക്കുകയും ഇന്ത്യൻ മഹാസമുദ്രവ്യാപാരത്തിൽ വിഴിഞ്ഞം നിർണ്ണായക പങ്ക് വഹിക്കുകയും ചെയ്തതായി തെളിവുകളുണ്ട്. അതിനാൽ ഇന്നത്തെ തിരുവനന്തപുരം രൂപതയുടെ അതിർത്തിക്കുള്ളിൽ ആദ്യകാലം മുതൽ ക്രിസ്തുമതത്തിന്റെ സാന്നിധ്യം തള്ളിക്കളയാനാവില്ല. തിരുവനന്തപുരത്ത് ഒരു ക്രിസ്ത്യൻ സമൂഹം ഉണ്ടായിരുന്നെങ്കിൽ അത് ഒന്നുകിൽ സംഘടിതശക്തിയില്ലാത്തതോ ഇടയൻമാരില്ലാത്തതോ ആയിരുന്നിരിക്കാം.

രണ്ടാം ഘട്ടത്തിൽ 1291 മുതൽ കൊല്ലം അടിസ്ഥാനമാക്കിയുള്ള ഡൊമിനിക്കൻ ഫ്രാൻസിസ്കൻ മിഷനറിമാരുടെ പ്രവർത്തനങ്ങൾ ഇന്നത്തെ തിരുവനന്തപുരം രൂപതയുടെ പ്രദേശങ്ങളിലെ ക്രിസ്തീയ വിശ്വാസ വളർച്ചയെ സഹായിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. പോർച്ചുഗീസ് മിഷനറിമാരുടെ വരവോടെ മൂന്നാം ഘട്ടം ആരംഭിച്ചു. ഫ്രാൻസിസ് സേവ്യറുടെ (1506-1552) മിഷനറിപ്രവർത്തനത്തോടെ തിരുവനന്തപുരത്ത് ക്രിസ്തുമതത്തിന്റെ ഒരു പുതിയ യുഗം ആരംഭിച്ചു. പോർച്ചുഗീസ് മിഷനറിമാർ എല്ലാ ജാതികളിൽനിന്നും പ്രത്യേകിച്ച് അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളിൽ നിന്നുള്ളവരെ ക്രിസ്തുമതത്തിലേക്ക് സ്വീകരിച്ചു. തിരുവിതാംകൂർ തീരത്ത് ഫ്രാൻസിസ് സേവ്യറിന്റെ വരവ് തിരുവനന്തപുരത്തെ സുവിശേഷവത്കരണത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ യുഗത്തിന് തുടക്കമിട്ടു. ഫ്രാൻസിസ് സേവ്യർ മുക്കുവ മത്സ്യത്തൊഴിലാളികൾക്ക് ജ്ഞാനസ്നാനം നൽകുകയും തിരുവനന്തപുരത്ത് റോമൻ കത്തോലിക്കാ സഭയ്ക്ക് അടിത്തറയിടുകയും ചെയ്തു. 1544 നവംബർ പകുതിയോടെ ഫ്രാൻസിസ് സേവ്യർ തന്റെ രണ്ട് സഹപ്രവർത്തകരായ ക്രിസ്റ്റാവോ ഫെർണാണ്ടസ്, അന്റോണിയോ ഫെർണാണ്ടസ് എന്നിവരോടൊപ്പം പൂവാറിൽനിന്നും വലിയ തോതിലുള്ള സുവിശേഷവൽക്കരണം ആരംഭിച്ചു. തിരുവിതാംകൂർ തീരത്തെ പതിനാല് ഗ്രാമങ്ങളിലെ മുക്കുവരെ സേവ്യർ മാനസാന്തരപ്പെടുത്തി. ആ ഗ്രാമങ്ങൾ താഴെപ്പറയുന്നവയായിരുന്നു. പൂവാർ, കൊല്ലങ്കോട്, വള്ളവിളത്തുറ, തൂത്തൂർ, പൂത്തുറൈ, തേങ്ങാപ്പട്ടണം, ഇനയം, ടാലം, വാണിക്കുഴി, കുളച്ചൽ, കടിയപ്പട്ടണം, മുട്ടംതുറ, പള്ളം,



മണക്കുടി. ഫ്രാൻസിസ് സേവ്യർ പതിനായിരത്തിലധികം പേർക്ക് തിരുവിതാംകൂർ തീരത്ത് ജ്ഞാനസ്നാനം നൽകുകയും 4000 ത്തോളം ജ്ഞാനസ്നാനാർത്ഥികളെ അദ്ദേഹം ഒരുക്കുകയും ചെയ്തു. സേവ്യർ തദ്ദേശീയ ഹിന്ദുക്കളെ മാത്രമല്ല ഇസ്ലാം മതം സ്വീകരിക്കാൻ നിർബന്ധിതരായ ചില മുസ്ലീങ്ങളേയും ക്രിസ്തീയ വിശ്വാസത്തിലേക്ക് ആനയിച്ചു. കൊല്ലം മുതൽ കന്യാകുമാരി വരെയുള്ള തീരത്ത് അന്യമതക്കാരും മുസ്ലീങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. സേവ്യറും അദ്ദേഹത്തിന്റെ പിൻഗാമികളും ഈ ഗ്രാമങ്ങളെയെല്ലാം ക്രിസ്തീയതയിലേക്ക് നയിച്ചു. ഈ പ്രദേശത്ത് ഇസ്ലാം വളരെ വേഗം വളർന്നതിനാൽ ഹ്രസ്വമായ പ്രബോധനം നൽകി ഉടനെ എല്ലാവരെയും സഭയുടെ അംഗങ്ങളാക്കി തീർത്തു.

തിരുവനന്തപുരം രൂപതയുടെ രൂപീകരണത്തിന്റെ ആദ്യഘട്ടം പാദ്രുവാദോ മിഷന്റെ വരവോടെ ആണ് ആരംഭിച്ചത്. തിരുവനന്തപുരത്തെ ലത്തീൻ സമൂഹത്തെ 1544-ൽ ലിസ്ബൺ അതിരൂപതയുടെ സാമന്ത രൂപതയായ ഫംഗലിന്റെയും 1533-ൽ ഗോവയുടെയും 1557-ൽ കൊച്ചിയുടെയും കീഴിലാക്കി. മാമ്പള്ളി, വലിയതുറ, വിഴിഞ്ഞം, പൂത്തുറൈ എന്നീ സ്ഥലങ്ങൾ തിരുവനന്തപുരത്തെ ഏറ്റവും പഴയ ക്രിസ്ത്യൻ കേന്ദ്രങ്ങളായിരുന്നു. തിരുവിതാംകൂർ തീരത്തെ എല്ലാ ഗ്രാമങ്ങളെയും പോർച്ചുഗീസ് മിഷണറിമാർ ക്രിസ്തീയ വിശ്വാസത്തിലേക്ക് മാനസാന്തരപ്പെടുത്തിയശേഷം, 1701 ൽ തിരുവിതാംകൂറിന്റെ ഉൾപ്രദേശങ്ങളെ സുവിശേഷവത്ക്കരിക്കുന്നതിനായി അവർ നേമം മിഷൻ സ്ഥാപിച്ചു. ഭരണാധികാരികളും മിഷണറിമാരും തമ്മിലുള്ള ബന്ധം സമയത്തിനും വിഷയത്തിനും അനുസരിച്ച് മാറിക്കൊണ്ടിരുന്നതിനാൽ പതിനെട്ടാം നൂറ്റാണ്ടിൽ തിരുവിതാംകൂറിൽ മതപീഡനങ്ങൾ ഉണ്ടായതായി തെളിവുകളുണ്ട്. തിരുവിതാംകൂർ രക്തസാക്ഷികളുടെ രക്തംക്കൊണ്ട് മുങ്ങി. തത്ഫലമായി വിശുദ്ധ ദേവസഹായം ഇന്ത്യയിലെ ആദ്യത്തെ അൽമായ രക്തസാക്ഷിയാകുകയും ചെയ്തു. ആഴമേറിയ വിശ്വാസത്തിൽ വേരൂന്നിയ ഒരു കത്തോലിക്കാ സമൂഹം തിരുവനന്തപുരം പ്രദേശത്ത് കെട്ടിപ്പടുക്കുന്നതിൽ പോർച്ചുഗീസ് മിഷനറിമാർ വിജയിച്ചു. ആ വലിയ വിശ്വാസമാണ് തിരുവനന്തപുരം രൂപതയുടെ രൂപീകരണത്തിന് അടിത്തറ പാകിയത്.

(തുടരും)

പഠനം



# കള്ളക്കടൽ

അലൻ എം. വിനോദ്, അനഘ എസ്. എസ്, ബ്രിനി ആർ. ബോസ്കോ

ഈയിടെയായി നാം നിരന്തരം കേട്ടുവരുന്ന പേരാണ് കള്ളക്കടൽ. ഈ പേര് വരുന്നതിനു മുന്നേ അതിനെ കടലേറ്റം, വേലിയേറ്റം എന്നൊക്കെ അറിയപ്പെട്ടു. സമുദ്രനിരപ്പ് വർധന, കടലിൽ നിന്നും നേരിട്ടുള്ള വെള്ളപ്പൊക്കം, തീരപ്രദേശങ്ങളിലേക്ക് വന്നുചേരുന്ന വെള്ളപ്പൊക്കം, തീവ്രമായ കാലാവസ്ഥ വ്യതിയാനം, ചൂട് കൂടുന്നതുമൂലം ഉണ്ടാകുന്ന മഞ്ഞുരുകൽ, തീരദേശ പരിസ്ഥിതിയിൽ പ്രകടമാകുന്ന മാറ്റങ്ങൾ തുടങ്ങിയ കാരണങ്ങളാൽ രൂപപ്പെടുന്ന ഒന്നാണ് കള്ളക്കടൽ (swell surge) അഥവാ വീർപ്പുമുട്ടൽ തിരമാലകൾ.

**എന്താണ് കള്ളക്കടൽ? (Swell Surge)**

അപ്രതീക്ഷിതമായി ഉണ്ടാകുന്ന വേലിയേറ്റമാണ് കള്ളക്കടലെന്ന് പറയുമെങ്കിലും സാധരണയായി വേലിയേറ്റമുണ്ടാകുന്നത് കാറ്റിന്റെയോ സൂര്യന്റെയോ ചന്ദ്രന്റെയോ ഗുരുത്വാകർഷണത്തിന്റെ ഫലമായിട്ടാണ്. പക്ഷേ, ഇപ്പോൾ പ്രത്യേകിച്ച് ലക്ഷണങ്ങളൊന്നുമില്ലതെ അവിചാരിതമായും അസാധാരണമായും ആയിട്ടാണ് തിരമാലകൾ കള്ളക്കടലായി തീരത്തെത്തുന്നത്. സമുദ്ര ഉപരിതലത്തിലെ കാലാവസ്ഥാമാറ്റങ്ങളെ തുടർന്നാണ് ഇതുണ്ടാകുന്നത്. സുനാമിയുമായി സാമ്യമുണ്ട് ഈ കള്ളക്കടലിനും. സുനാമിയുടെ സമയത്ത് തീരം ഉള്ളിലോട്ടു വലിഞ്ഞ ശേഷമാണ് തിരമാലകൾ അടിച്ചുകയറുന്നത്. ഇതുപോലെയാണ് കള്ളക്കടൽ സമയങ്ങളിലും സംഭവിക്കുന്നത്. ഭൂമദ്ധ്യരേഖയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലാണ് ഈ പ്രതിഭാസം സംഭവിക്കുന്നത്. കാരണം ഏറ്റവും കൂടുതൽ താപം ലഭ്യമാകുന്നത് ഈ പ്രദേശങ്ങളിലാണ്. കരയിൽ നിന്നും വളരെയധികം അകലെയുള്ള ഉൾക്കടൽ അതിന്റെ വ്യത്യസ്തമായിട്ടുള്ള താപനിലയിലായിരിക്കും ഉണ്ടാവുക. അവിടെനിന്നും അകലുംതോറും താപനില കുറഞ്ഞുവരികയാണ് ചെയ്യുന്നത്. ഒരു പ്രദേശത്തെ ശക്തമായ താപനിലയും മറ്റൊരു പ്രദേശത്തെ കുറഞ്ഞ താപനിലയും ന്യൂനമർദ്ദത്തിനു കാരണമാകുന്നു.

ശക്തമായ താപനിലയിലുള്ള സമുദ്രഭാഗം, ആ സമുദ്ര ഭാഗത്തിന് തൊട്ടുമുകളിലായുള്ള വാതകം താപനിലയെത്തുടർന്ന് മുകളിലേക്ക് ഉയരുകയാണ് ചെയ്യുക. അങ്ങനെ ഉയരുമ്പോൾ അവിടെയുള്ള പ്രഷറിന് വേരിയേഷൻ വരികയും ഉയർന്ന മർദ്ദമുള്ള ഭാഗത്തെ വായു കുറഞ്ഞ മർദ്ദമുള്ള ഭാഗത്തേക്ക് ചേരുകയും ചെയ്യുന്നു. അതുകാരണം ഈ ഭാഗങ്ങളിൽ വലിയ രീതിയിലുള്ള കൊടുങ്കാറ്റ് ഉണ്ടാകുന്നു. കൊടുങ്കാറ്റിനെ തുടർന്ന് ശക്തമായിട്ടുള്ള ഇടിയോടുകൂടി മഴയ്ക്കും സാധ്യതയേറുന്നു. ആ മഴ ഒരിക്കലും കരയോട് ചേർന്നിട്ടല്ല സംഭവിക്കുന്നത്. കരയിൽ നിന്നും വളരെയധികം അകലെയുള്ള പ്രദേശത്തുമാത്രമാണത് സംഭവിക്കുന്നത്. അതുകൊണ്ടുതന്നെ ഈ പ്രതിഭാസം എപ്പോൾ സംഭവിക്കും എന്ന് പറയാൻ പ്രയാസമാണ്. കരയിൽ നിന്നും നോക്കുമ്പോൾ കാലാവസ്ഥയിൽ ഒരു രീതിയിലും മാറ്റം കാണാൻ സാധിക്കുന്നില്ല. ഈ വിചിത്രമായ സംഭവം നമ്മുടെ കേരളത്തിൽ സംഭവിക്കാനുള്ള സാധ്യത വളരെയധികം കുറവാണ്. കാരണം കേരളത്തിന്റെ ജോഗ്രഫിക്കൽ ഏരിയ തന്നെയാണ്. കേരളത്തിന്റെ സമുദ്രം അറബിക്കടൽ ആണ്. അറബിക്കടൽ അധികം ദൂരത്തേക്ക് വ്യാപിച്ച് കിടക്കുന്നതല്ലെങ്കിലും ആ സമുദ്രം അല്പം കഴിയുമ്പോൾ ആഫ്രിക്കൻ ഭൂഖണ്ഡത്തിലായി മാറുകയാണ്. അതേസമയം ഇന്ത്യൻ ഓഷ്യനിൽ വലിയ പ്രദേശത്തായിട്ടാണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഇവിടെ അതിന്റെ ഭാഗമായിട്ടുള്ള കരകളിൽ ഇത്തരത്തിലുള്ള പ്രതിഭാസം മിക്കപ്പോഴും സംഭവിക്കുന്നതും. എന്നാൽ കേരളത്തിൽ സംഭവിക്കുക

ചുരുക്കമാണ്. നമ്മുടെ കര സമുദ്രത്തെക്കാൾ വളരെ പെട്ടെന്ന് ചൂട് പിടിക്കുന്നതാണ്. പ്രത്യേകിച്ച് വേനൽ കാലങ്ങളിൽ കരയിൽ ശക്തമായ ചൂടും കടലിൽ ചൂട് കുറവുമാണ്. ഇതു കാരണം ന്യൂനമർദ്ദം സംഭവിക്കുകയും കടലിലുള്ള വാതകങ്ങൾ ഇരച്ചുകയറുകയും ചെയ്യുന്നു. ഈ പ്രതിഭാസത്തെ മലയാളികൾ തന്നെയാണ് ആദ്യം കള്ളക്കടൽ എന്നു വിളിച്ചത്. 2012ൽ യു എൻ ഇതൊരു സയന്റിഫിക് ആയിട്ടുതന്നെ എടുത്തിട്ടുണ്ട്. 2015 -16 കാലയളവിൽ ഇന്ത്യയ്ക്ക് മുൻകൂട്ടി പ്രെഡിക്റ്റ് ചെയ്യാനുള്ള ഒരു കാപ്പബിലിറ്റി ലഭ്യമായിരുന്നു. മുന്നറിയിപ്പ് നൽകാൻ കഴിയാമായിരുന്നിട്ടും എന്തുകൊണ്ടാണ് സാധാരണ ജനങ്ങളിലേക്ക് എത്തിച്ചേർന്നില്ല എന്നതിൽ ഒരു വ്യക്തതയുമില്ല. 2018ൽ നടന്ന ചുഴലിക്കാറ്റിനെക്കുറിച്ചും മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകാൻ സാധിക്കാത്തതും ഇവിടെ പരാമർശിക്കേണ്ടതുണ്ട്.

## എന്തുകൊണ്ട് ഇത്തരം പ്രതിഭാസങ്ങൾ സംഭവിക്കുന്നു?

1901നും 2018 ഇടയിൽ ശരാശരി ആഗോള സമുദ്ര നിരപ്പ് 15 മുതൽ 25 സെന്റീമീറ്റർ വരെ വർദ്ധിച്ചു. 1970 മുതൽ പ്രതിവർഷം 2.3 മില്ലിമീറ്റർ വർദ്ധനവ് ഉണ്ടായി. ഇത് മുൻപെന്നതിനേക്കാൾ വേഗത്തിലാണ്.

## പ്രത്യാഘാതങ്ങൾ

കള്ളക്കടൽമൂലം തിരുവനന്തപുരം കൊല്ലം ആലപ്പുഴ ജില്ലകളിൽ ശക്തമായ കടലാക്രമണംതന്നെയുണ്ടായി. ഇതിനോടനുബന്ധിച്ച് അഞ്ചുതെങ്ങിൽ രണ്ട് വീടുകളാണ് പൂർണമായും തകർന്നത്. പൂത്തുറയിൽ റോഡിൽ മണൽ കയറി മണിക്കൂറുകളോളം ഗതാഗതം തടസ്സപ്പെട്ടു. കൊല്ലം മുണ്ടയ്ക്കലിൽ മുൻപ് ഭാഗികമായി തകർന്നിരുന്ന വീട് പൂർണ്ണമായും തകർന്നു. ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, അമ്പലപ്പുഴ, നീർക്കുന്നം വളഞ്ഞവഴി ഭാഗങ്ങളിൽ ശക്തമായ കടലാക്രമണം ഉണ്ടായി. റവന്യൂ വിഭാഗം സ്ഥലത്തെത്തി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മുൻകരുതൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടായിരുന്നു. ഇപ്പോൾ കടൽ ശാന്തമാണെങ്കിലും വേലിയേറ്റ സാഹചര്യം സംജാതമായാൽ തിരയടി കൂടുതൽ ശക്തി ആർജ്ജിച്ചേക്കാം എന്നും നിർദ്ദേശിച്ചിരുന്നു. കള്ളക്കടൽ മുന്നിൽകണ്ട് ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചിരുന്നു. കടൽത്തീരത്തോട് ചേർന്ന് ജീവിക്കുന്നവർക്കാണ് ജാഗ്രത മുന്നറിയിപ്പ്. തിരുവനന്തപുരത്തെ പല കുടുംബങ്ങളും കടലാക്രമണ ഭീതിയിൽ നിലനിൽക്കുകയാണ്. വേളി മുതൽ പെരുമാതുറ വരെ ശക്തമായ കടലേറ്റമുണ്ടായി. പലയിടങ്ങളിലും തീരത്തോട് ചേർന്ന് റോഡുകളും കടൽഭിത്തികളും തകർന്ന അവസ്ഥയിൽ കാണപ്പെടുന്നു.

## തരംഗപ്രവചന മാതൃക

2012 ഫെബ്രുവരിയിൽ യുനെസ്കോ(UNESCO ) കള്ളക്കടൽ എന്ന പദം ഔപചാരികമായി അംഗീകരിച്ചു. വേൾഡ് മെറ്റീരിയോളജിക്കൽ ഓർഗനൈസേഷനും ഇന്റർ ഗവൺമെന്റ് ഓഷ്യനോഗ്രഫി കമ്മീഷനും ഈ പദം അംഗീകരിച്ചിട്ടുണ്ട്. ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ്(INCOIS), ISG ഗ്രൂപ്പ് മേധാവിയും എഴുത്തുകാരനുമായ ടി എം ബാലകൃഷ്ണൻ നായർ പറയുന്നു, "കള്ളക്കടൽ സംഭവങ്ങൾ നിരീക്ഷിക്കാനും പ്രവചിക്കാനുമായി ഇൻകോയിസ് ഒരു സെമി ഓപ്പറേഷൻ തരംഗപ്രവചന മാതൃകതന്നെ സജ്ജീകരിച്ചിരിക്കുന്നു. ഇത് ഒരു സുപ്രധാന വഴിത്തിരിവാണ്. ഈ സംവിധാനം പൂർണമായും പ്രവർത്തനക്ഷമമായാൽ കുറഞ്ഞത് 2-3 ദിവസം മുൻപ് ബന്ധപ്പെട്ട അധികാരികൾക്ക് പ്രത്യേക മുന്നറിയിപ്പ് നൽകാൻ സിസ്റ്റത്തിന് കഴിയും. അങ്ങനെ മത്സ്യത്തൊഴിലാളികൾക്ക് കള്ളക്കടൽ വരുന്നതു കാണാനും തയ്യാറെടുപ്പ് നടത്താനും സാധിക്കും."

മനുഷ്യന്റെ പ്രവർത്തനങ്ങൾമൂലം ഉണ്ടാകുന്ന കാലാവസ്ഥ വ്യതിയാനമാണ് പ്രധാന കാരണം. 1993 നും 2018 നും ഇടയിൽ മഞ്ഞുപാളികളും ഹിമാനികൾ ഉരുകുന്നതും സമുദ്രനിരപ്പിന്റെ 44 ശതമാനം ഉയർച്ചയ്ക്ക് കാരണമായി. സമുദ്രനിരപ്പ് ഉയരുന്നത് ഭൂമിയുടെ താപനിലയിലെ മാറ്റങ്ങളേക്കാൾ പിന്നിലാണ്. കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട സമുദ്രനിരപ്പ് ഉയരുന്നതും തീരപ്രദേശത്തെ മണ്ണൊലിപ്പ്, ഭൂമി തകർച്ച തുടങ്ങി മനുഷ്യരുമായി ബന്ധപ്പെട്ട മറ്റു പരിസ്ഥിതി ആഘാതങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ ദുർബലത വർധിപ്പിക്കുന്നതിനാൽ നഗരങ്ങളിലും മറ്റ് മനുഷ്യാധിനിവേശ തീരപ്രദേശങ്ങളിലും ഇത്തരത്തിലുള്ള വെള്ളപ്പൊക്കം സാധാരണമാണ്.

## മത്സ്യത്തൊഴിലാളികൾ എടുക്കേണ്ട ജാഗ്രതകൾ!

കടൽത്തീരത്തേക്കുള്ള യാത്രകളും കടലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഒഴിവാക്കുക. മത്സ്യബന്ധന യാനങ്ങൾ ഹാർബറിൽ സുരക്ഷിതമായി കെട്ടിയിടുക. കൂട്ടിയിടിക്കാൻ സാധ്യതയുള്ള ബോട്ടുകൾ സുരക്ഷിതമായി അകലം പാലിക്കാൻ ശ്രമിക്കുക. എല്ലാ സുരക്ഷാനിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കുക. അധികാരികളുടെ നിർദ്ദേശപ്രകാരം നിയുക്ത അപകടമേഖലകളിൽനിന്നും അകന്നു നിൽക്കുക.

*(തുമ്പ സെന്റ് സേവിയേഴ്സ് കോളേജിലെ ജേണലിസം വിദ്യാർഥികൾ ഇന്റേൺഷിപ്പിന്റെ ഭാഗമായി തയ്യാറാക്കിയത്.)*

■

# സ്റ്റുഡൻസ് ഫോറം

ഫാ. സജു റോൾഡൻ



വിദ്യാർത്ഥികേന്ദ്രീകൃത ബദൽ സമഗ്ര വിദ്യാഭ്യാസം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലത്തീൻ സമുദായത്തിലെ എല്ലാ വിദ്യാർത്ഥികളുടെയും സമഗ്രമായ വളർച്ച സാധ്യമാകുന്നതിന് 'സ്റ്റുഡൻസ് ഫോറ'ങ്ങൾ എല്ലാ കുടുംബയൂണിറ്റു/ബിസിസികളിലും രൂപീകരിക്കുകയാണ്. വിദ്യാഭ്യാസത്തിനും വ്യക്തിത്വവികസനത്തിനും കൂട്ടായ്മക്കും മുൻതൂക്കം കൊടുക്കുന്ന സ്റ്റുഡൻസ് ഫോറങ്ങൾക്ക് ശോഭനമായൊരു ഭാവിതലമുറയെ വാർത്തെടുക്കുന്നതിൽ നിർണായകമായ പങ്കുവഹിക്കുവാനും കുട്ടികളെ അറിയുവാനും അനുധാവനം ചെയ്യുവാനും സാധിക്കും. ചെറുപ്രായത്തിലേ തന്നെ കുട്ടികളുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് അതിനെ പരിപോഷിപ്പിക്കാൻ ഉതകുന്നതാണ് സ്റ്റുഡൻസ് ഫോറം. മാറി വരുന്ന വിദ്യാഭ്യാസ നയങ്ങളും രീതികളും മനസ്സിലാക്കാനും അതിനോട് കുട്ടികൾ ക്രിയാത്മകമായി എങ്ങനെയാണ് പ്രത്യുദ്ധരിക്കേണ്ടതെന്ന് പറഞ്ഞു കൊടുക്കാനും സ്റ്റുഡൻസ് ഫോറത്തിന് കഴിയും. രാജ്യത്തിലും സംസ്ഥാനത്തിലും അതിരൂപതയിലും ഉള്ള വിദ്യാഭ്യാസ പ്രക്രിയകളെ അതായത് അഡ്മിഷൻ, ഇൻറർവ്യൂസ്, കോഴ്സ്, കരിയർ ഗൈഡൻസ്... എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും വിശദാംശങ്ങളും ഇതുവഴി കുട്ടികൾക്ക് കൈമാറാൻ സാധിക്കും. പാഠ്യവും പാഠ്യേതരവുമായ വിഷയങ്ങളുടെ അറിവും സംവാദവും സംഘടിപ്പിക്കാൻ സാധിക്കും. ചുരുക്കത്തിൽ വിദ്യാഭ്യാസപരമായ കാര്യങ്ങളെല്ലാം കുട്ടികൾക്ക് കൈമാറാൻ സാധിക്കുന്ന ഏറ്റവും ഉദാത്തമായ ഒരു മാർഗ്ഗമാണ് സ്റ്റുഡൻസ് ഫോറം. ഇതിന്റെ രൂപീകരണത്തിന് ആവശ്യമായ പൊതു നിർദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

### 1. പേര്

1.1. പേര് 'സ്റ്റുഡൻസ് ഫോറം' എന്നായിരിക്കും

1.2. ഇടവകയിലെ സ്റ്റുഡൻസ് ഫോറം ഇടവകയുടെ പേരിലായിരിക്കും അറിയപ്പെടുക.

1.3. യൂണിറ്റുകളിലെ സ്റ്റുഡൻസ് ഫോറങ്ങൾ അതാത് യൂണിറ്റ്/യൂണിറ്റുകളുടെ പേരിലായിരിക്കും അറിയപ്പെടുക.

### 2. ലക്ഷ്യം

2.1. വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ച ലക്ഷ്യം വയ്ക്കുന്ന സ്റ്റുഡൻസ് ഫോറം, ആത്മീയ, സാമൂഹിക, പഠന, കലാകായിക, സാംസ്കാരികരംഗങ്ങളിൽ മികവ് പുലർത്തുവാൻ പ്രാപ്തരാക്കുന്നതോടൊപ്പം കൂട്ടായ പരിശ്രമത്തിലൂടെ ഉന്നതമായ ലക്ഷ്യസാക്ഷാത്കാരം സാധ്യമാകും എന്ന ബോധ്യത്തിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു.

### 3. ഡയറക്ടർ

3.1. ഓരോ ഇടവകയിലെയും വികാരിയച്ചനായിരിക്കും ആ സ്ഥലത്തെ സ്റ്റുഡൻസ് ഫോറങ്ങളുടെ ഡയറക്ടർ അസ്സി. വികാരിയച്ചൻ/വികാരിയച്ചൻ നിയോഗിക്കുന്ന വ്യക്തി അസിസ്റ്റൻറ് ഡയറക്ടർ ആയിരിക്കും.

3.2. സ്റ്റുഡൻസ് ഫോറങ്ങളുടെ പ്രവർത്തനങ്ങൾ ഡയറക്ടറുടെയും വിദ്യാഭ്യാസസമിതികളുടെയും നിർദേശങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കും.

### 4. ആനിമേറ്റർ

4.1. ബിസിസി തലത്തിലെ സ്റ്റുഡൻസ് ഫോറത്തിന്റെ ആനിമേറ്റർ അതതു ബിസിസിയിലെ വിദ്യാഭ്യാസശുശ്രൂഷ പ്രതിനിധിയായിരിക്കും.

4.2. ഇടവക വിദ്യാഭ്യാസശുശ്രൂഷ കൺവീനറായിരിക്കും ഇടവകതലത്തിൽ സ്റ്റുഡൻസ് ഫോറത്തിന്റെ ആനിമേറ്റർ

4.3. എല്ലാ ഇടവകകളിലും പാരീഷ് സ്റ്റുഡൻസ് ഫോറം രൂപീകരിക്കേണ്ടതാണ്. ഇടവകതലത്തിലുള്ള സ്റ്റുഡൻസ് ഫോറങ്ങളിൽ കുടുംബയൂണിറ്റു/ബിസിസികളിലേതുപോലെ പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, സെക്രട്ടറി, ജോയിൻറ് സെക്രട്ടറി, ട്രഷറർ എന്നിവർ തിരഞ്ഞെടുക്കപ്പെടേണ്ടതാണ്.

4.4. ഓരോ യൂണിറ്റതിർത്തിയിലെയും ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള ഇടവകാംഗങ്ങളായിട്ടുള്ള വിദ്യാർത്ഥികൾ ഇതിൽ അംഗങ്ങളായിരിക്കും.

### 5. യൂണിറ്റ് യോഗങ്ങൾ

5.1. സ്റ്റുഡൻസ് ഫോറങ്ങൾ മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതാണ്.

5.2. യോഗനടപടി ക്രമം താഴെ കൊടുക്കുന്നു.

5.2.1. പരിശുദ്ധാത്മാവിനോടുള്ള ഗാനം

5.2.2. പ്രാർത്ഥന - എല്ലാവരും ഏറ്റു ചൊല്ലുന്നു

5.2.3. സ്വാഗതം

5.2.4. റിപ്പോർട്ട്

5.2.5. ഹാജർ

5.2.6. അദ്ധ്യക്ഷപ്രസംഗം

5.2.7. വായനപരിശീലനം

5.2.8. പ്രസംഗപരിശീലനം

5.2.9. ക്വിസ് മത്സരം

5.2.10. ഗ്രൂപ്പ് ഗെയിം

5.2.11. മറ്റു മത്സരങ്ങൾ

5.2.12. ജന്മദിനാശംസകൾ/അഭിനന്ദനങ്ങൾ

5.2.13. തൊഴിൽപഠന മത്സര മേഖലയെ പരിചയപ്പെടുത്തൽ - വൈസ് പ്രസിഡൻറ്

5.2.14. സ്കോളർഷിപ്പ്/പ്രവേശനപരീക്ഷകളെ പരിചയപ്പെടുത്തൽ - ട്രഷറർ

5.2.15. വിദ്യാഭ്യാസ സമിതിയിൽ നിന്നുള്ള അറിയിപ്പുകൾ - പ്രസിഡൻറ്

5.2.16. ചർച്ച

5.2.17. നന്ദി

5.2.18. മാതാവിനോടുള്ള ഗാനം

■

വാർത്തകൾ
www.archtvmnews.com

# പേട്ട ഫൊറോന ബിസിസി സമിതി രണ്ടാം ഘട്ട പരിശീലന പരിപാടി സംഘടിപ്പിച്ചു.

മൺവിള: ഇടവകകളിലെ ബിസിസി യൂണിറ്റുകളും അതിലെ പ്രവർത്തനങ്ങളും ശക്തിപ്പെടുത്താൻ പേട്ട ഫൊറോനയിൽ നടക്കുന്ന പരിശീലന പരിപാടികളുടെ രണ്ടാം ഘട്ടം പൂർത്തിയായി. ആദിമ ക്രൈസ്തവ സമൂഹത്തിൽ നിലനിന്നിരുന്ന പരിശുദ്ധാത്മാവിന്റെ നിറവ്, കൂട്ടായ്മ, അപ്പം മുറിക്കൽ എന്നീ അനുഭവങ്ങൾ ഇന്നും നിലനിർത്തി ഒരുമിച്ച് മുന്നേറുന്ന സഭയാണ് ബി.സി.സി ലക്ഷ്യം വയ്ക്കുന്നത്. ഫൊറോന ആനിമേറ്റർ ശ്രീമതി ആഗ്നസ് ബാബു ക്ലാസിന് നേതൃത്വം നൽകി. ഫൊറോനയിലെ വിവിധ ഇടവകകളിൽനിന്നായി മുപ്പത്തിയൊൻപതോളം പേർ പങ്കെടുത്ത പരിപാടിയിൽ ഫൊറോന ബിസിസി സെക്രട്ടറി ശ്രീ. ജയരാജ് സ്വാഗതം പറഞ്ഞു. വികാസ് നഗർ കോർഡിനേറ്റർ ശ്രീമതി സ്മിതാ ക്രിസ്റ്റീൻ നന്ദി പറഞ്ഞു.

# ദൈവിക ചൈതന്യത്തിൽ കുടുംബങ്ങൾ വളരണം; കുടുംബ ദീപം സംഗമത്തിൽ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ്



വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപതയിലെ കുടുംബ പ്രേഷിത ശുശ്രൂഷ പ്രവർത്തകരുടെ സംഗമം വെള്ളയമ്പലത്ത് നടന്നു. കുടുംബദീപം എന്നപേരിൽ നടത്തിയ സംഗമം അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ഉദ്ഘാടനം ചെയ്തു. പൊതുസമ്മേളനത്തിൽ അതിരൂപത വികാർ ജനറൽ മോൺ. യൂജിൻ എച്ച്. പെരേര അധ്യക്ഷത വഹിച്ചു. ക്രിസ്തു കേന്ദ്രീകൃതമാകണം ക്രിസ്തീയ കുടുംബങ്ങൾ. ദൈവത്തെ അകറ്റി നിർത്തുമ്പോഴാണ് കുടുംബങ്ങളിൽ തകർച്ചകൾക്ക് വഴിയൊരുങ്ങുന്നത്. ആയതിനാൽ കുടുംബങ്ങളെ ദൈവിക ചൈതന്യത്തിൽ നിലനിർത്തലാണ് ഓരോ കുടുംബപ്രേഷിത ശുശ്രൂഷ പ്രവർത്തകരുടെയും പ്രഥമ ദൗത്യമെന്ന് ക്രിസ്തുദാസ് പിതാവ് പറഞ്ഞു. കുടുംബ ശുശ്രൂഷ പ്രവർത്തനങ്ങൾ ഫൊറോന – ഇടവക തലങ്ങളിൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ക്രിസ്തുദാസ് പിതാവ് ശുശ്രൂഷ ഡയറക്ടർക്കും ഫൊറോന കോഡിനേറ്റർമാർക്കും ആനിമേറ്റേഴ്സിനും പ്രകാശം പകർന്നുനല്കുകയും പ്രവർത്തകർക്കുള്ള പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. സാന്ത്വന കൂട്ടായ്മയിൽ അംഗങ്ങളെ ചേർക്കേണ്ട അംഗത്വ ഫോം ബ്രോഷർ ക്രിസ്തുദാസ് പിതാവ് പ്രകാശനം ചെയ്തു. ഫൊറോന – ഇടവകതല പ്രവർത്തനങ്ങളുടെ സമ്പുഷ്ടീകരണം ലക്ഷ്യം വയ്ക്കുന്ന ബ്രോഷർ മോൺ. യൂജിൻ എച്ച്. പെരേര പ്രകാശനം ചെയ്തു. സാന്ത്വനം മംഗല്യം, കരുണാമയൻ, ഹീലിംഗ് ഹാൻഡ് എന്നീ കാരുണ്യ പദ്ധതികളുടെ സഹായവും വിതരണം ചെയ്തു.



വെട്ടുതുറ സെന്റ്. സെബാസ്റ്റ്യൻ ദേവാലയത്തിൽ ജൂൺ 12 മുതൽ 23 വരെ ഹോം-മിഷൻ നടത്തി. അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് സമാപന ദിവ്യബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.



പാലപ്പൂര് ഹോളി ക്രോസ് ദൈവാലയത്തിൽ ജൂൺ 26 മുതൽ ജൂലൈ 3 വരെ ഹോം മിഷന്റെ തുടർപ്രവർത്തനം നടത്തി.

# ലോഗോസ് ക്വിസിന് ഇനി കളിച്ചുകൊണ്ടൊരുങ്ങാം; ലോഗോസ് ക്വിസ് ഗെയിം ആപ്പ് 2024 പ്ലേസ്റ്റോറിൽ ലഭ്യമായി

തിരുവനന്തപുരം: ഈ വർഷത്തെ ലോഗോസ് ക്വിസിന് ഒരുങ്ങാൻ സഹായിക്കുന്ന ലോഗോസ് ക്വിസ് ഗെയിം ആപ്പിന്റെ എട്ടാം പതിപ്പ് പ്രകാശനം ചെയ്തു. വെള്ളയമ്പലത്ത് നടന്ന ചടങ്ങിൽ ഗെയിം ആപ്പിന്റെ മലയാളം പതിപ്പ് അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവും ഇംഗ്ലീഷ് പതിപ്പ് വികാർ ജനറൽ മോൺ. യൂജിൻ എച്ച് പെരേരയും പുറത്തിറക്കി. അതിരൂപത മീഡിയ കമ്മിഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. വിജിൽ ജോർജ്ജ് അധ്യക്ഷത വഹിച്ച പ്രകാശന കർമ്മത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് സെക്രട്ടറി സതീഷ് ജോർജ്ജ് സ്വാഗതവും കോഡിനേറ്റർ ഷാജി ജോർജ്ജ് കൃതജ്ഞതയുമേകി. ഗെയിമിലെ വിജയികളെ 2024 സെപ്റ്റംബറിൽ പ്രഖ്യാപിക്കും. ഒന്നാം സ്ഥാനത്തിന് 10000/- രൂപ ക്യാഷ് അവാർഡ്, മെമന്റോ, സർട്ടിഫിക്കറ്റ്, രണ്ടാം സ്ഥാനത്തിന് 7500/- രൂപ ക്യാഷ് അവാർഡ്, മെമന്റോ, സർട്ടിഫിക്കറ്റ്, മൂന്നാം സ്ഥാനം നേടുന്നവർക്ക് 5000/- രൂപ ക്യാഷ് അവാർഡ്, മെമന്റോ, സർട്ടിഫിക്കറ്റ്, 4 മുതൽ 10 വരെ സ്ഥാനകാർക്ക് 1000/- രൂപ ക്യാഷ് അവാർഡ്, മെമന്റോ, സർട്ടിഫിക്കറ്റ് എന്നിവ മലയാളത്തിനും ഇംഗ്ലീഷിനും ലഭിക്കും. കൂടാതെ 11 മുതൽ 100 സ്ഥാനക്കാർക്ക് സർട്ടിഫിക്കറ്റും വിതരണം ചെയ്യും.

GET IT ON Google Play

# വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സിസ്റ്റർ ആനിമേറ്റർമാരുടെ കൂടിവരവ് നടത്തി വിദ്യാഭ്യാസ ശുശ്രൂഷ



വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ ഫൊറോന വിദ്യാഭ്യാസ ശുശ്രൂഷ ആനിമേറ്റർമാരുടെ കൂടിവരവ് നടന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ ജൂലൈ പതിനാറ് ചൊവ്വാഴ്ച രാവിലെ 10 30 ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്ന കൂടിവരവിന് അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. സജു റോൾഡൻ അധ്യക്ഷത വഹിച്ചു.

'ഇടവക – ഫൊറോന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക' എന്ന വിഷയത്തിൽ അതിരൂപത വികാർ ജനറൽ മോൺ. യൂജിൻ എച്ച്. പെരേര ക്ലാസിന് നേതൃത്വം നൽകി. തുടർന്ന് സ്റ്റുഡൻസ് ഫോറം, ഡ്രോപ്പ് ഔട്ട് സ്റ്റുഡൻസിനെ കണ്ടെത്തി തുടർപഠനമോ ജോലി സാധ്യതകളോ ലഭ്യമാക്കുക, +1, +2 ക്ലാസ്സുകളിലെ തത്തുല്യതാ പരീക്ഷ, ഫൊറോന തലത്തിൽ ജീവിത ദർശന ക്യാമ്പ് എന്നിവ എപ്രകാരം നടത്തണം എന്നതിനെക്കുറിച്ച് ഫാ. സജു റോൾഡൻ ക്ലാസ് നയിച്ചു. വിവിധ ഇടവകകളിൽ നിന്നായി 26 സിസ്റ്റർ ആനിമേറ്റേഴ്സ് പങ്കെടുത്തു.

# കെ.സി.എസ്.എൽ തിരുവനന്തപുരം അതിരൂപതയിൽ പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്തു

വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപതയിൽ കെ.സി.എസ്.എൽ പ്രസ്ഥാനത്തിന് പുതിയ ആനിമേറ്റർമാരെ തിരഞ്ഞെടുത്തു. വെള്ളയമ്പലത്ത് നടന്ന ആനിമേറ്റേഴ്സ്മാരുടെ സമ്മേളനത്തിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. 2024 – 26 വർഷത്തെ പുതിയ ഭാരവാഹികളായി താഴെപറയുന്നവരെ തിരഞ്ഞെടുത്തു. പ്രസിഡന്റ് മേരിറാണി ടീച്ചർ (സെന്റ്. റോക്ക്സ് HSS തോപ്പ്) വൈസ് പ്രസിഡന്റുമാർ ആലിസ് ടീച്ചർ (കാർമ്മൽ HSS വഴുതക്കാട്), അനില ടീച്ചർ (റോസ്മിനി കോൺവെന്റ്, ചെറിയതുറ) ഓർഗനൈസർ സിസ്റ്റർ സിനി (സെന്റ്. ജോസഫ്സ് LPS, കൊച്ചുവേളി) ട്രഷറർ ബ്രദർ ഷിജോ ആർ. ജി. (Regent KCSL) എക്സിക്യൂട്ടിവ് അംഗങ്ങളായി LP വിഭാഗം ഷെർളി ടീച്ചർ (കാർമ്മൽ HSS വഴുതക്കാട്), UP വിഭാഗം ജെനിഫർ







ടീച്ചർ (വിശ്വപ്രകാശ് സെൻട്രൽ സ്കൂൾ, മങ്കാട്ടുകടവ്), HS വിഭാഗം ദിനേഷ് നായകം സർ (സെന്റ്. ജോസഫ്സ് HSS തിരുവനന്തപുരം) , HSSS വിഭാഗം ശ്രീ. ബിജി എം. സാമുവേൽ സർ (സെന്റ്. മേരീസ് HSS വെട്ടുകാട്) എന്നിവരെ തിരഞ്ഞെടുത്തു.

ഫൊറോന കോ-ഓർഡിനേറ്റർമാരായി പുല്ലുവിള ഫൊറോന – സിസ്റ്റർ റിനി (ലിയോ XIII HSS, പുല്ലുവിള), കോവളം ഫൊറോന മാർഗ്രറ്റ് ടീച്ചർ (സെന്റ്. മേരിസ് HSS, വിഴിഞ്ഞം), വലിയതുറ ഫൊറോന രഞ്ജിമ ടീച്ചർ (സെന്റ്. ആന്റണീസ് HSS, വലിയതുറ), പുതുക്കുറിച്ചി & കഴക്കൂട്ടം ഫൊറോനകൾക്കായി ഗിജി ടീച്ചർ (പള്ളിത്തുറ HSS), അഞ്ചുതെങ്ങ് ഫൊറോന മിനി ടീച്ചർ (സെന്റ്. അലോഷ്യസ് UPS, മാമ്പള്ളി), പാളയം, പേട്ട ഫൊറോനകൾക്കായി മോളി ടീച്ചർ (ഹോളി ഏഞ്ചൽസ് HSS, വഞ്ചിയൂർ) എന്നിവരെ തിരഞ്ഞെടുത്തു.

കെ.സി.എസ്.എൽ വിദ്യാർഥികളുടെ ലീഡേഴ്സ് ക്യാമ്പ് ജൂലൈ 15, 16 തിയതികളിലായി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്നു. പ്രസിഡന്റ് ശ്രീമതി മേരി റാണിയുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. സജു റോൾഡൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്യാമ്പിന്റെ സമാപനത്തിൽ 2024-25 അധ്യായന വർഷത്തെ പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്തു. പൂന്തുറ സെന്റ്. തോമസ് HSS ലെ കുമാരി സൂസൻ എ – ചെയർപേഴ്സൻ, പുല്ലുവിള ലിയോ XIII HSS ലെ മാസ്റ്റർ ശ്രേയസ് – ജനറൽ സെക്രട്ടറി. കൂടാതെ ഫൊറോന പ്രതിനിധികളായി ഓരോ ഫൊറോനയിൽ നിന്നും പ്രതിനിധികളെ തിരഞ്ഞെടുത്തു.

# ആനി മസ്ക്രീനെ അനുസ്മരിച്ച് കെ.എൽ.സി.എ.



വഴുതക്കാട്: ദിവാൻ സി.പി. യുടെ ഭരണത്തിൽ ഒരുപാട് വേദനകളും, യാതനകളും സധൈര്യം നേരിട്ട് ഇന്ത്യ അറിയപ്പെടുന്ന നേതാവായ, ഡോ. അംബേദ്ക്കറോടൊപ്പം ഇന്ത്യൻ ഭരണഘടന ഡ്രാഫ്റ്റിംഗ് കമ്മിറ്റി അംഗമായിരുന്ന ധീരവനിത ആനിമസ്ക്രീനെ അനുസ്മരിച്ച് കെ.എൽ.സി.എ. തിരുവനന്തപുരം ലത്തീൻ അതിരൂപത. വഴുതക്കാട് ആനിമസ്ക്രീൻ സ്ക്വയറിൽ നടന്ന ചടങ്ങ് ശശി തരൂർ എം.പി. ഉദ്ഘാടനം ചെയ്തു. ആനി മസ്ക്രീന്റെ പ്രതിമയുടെ മുന്നിൽ സൗന്ദര്യവൽക്കരണത്തിൻറെ ഭാഗമായി നിർമ്മിക്കുന്ന ജലധാര, പ്രതിമയുടെ പ്രാധാന്യം നഷ്ടപെടുത്തുന്നുവെന്ന് ശശി തരൂർ എം.പി ചൂണ്ടികാണിച്ചു. കേരളത്തിന്റെ ഝാൻസിറാണി എന്നറിയപ്പെടുന്ന ആനി മസ്ക്രീന്റെ പ്രാധാന്യം നഷ്ടപ്പെടുന്നത് അധികാരികൾ കാണണമെന്നും അടിയന്തിരമായി ഇതിന് പരിഹാരം ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.



തൃക്കണ്ണാപുരം നല്ലിടയൻ ദൈവാലയത്തിൽ ജൂലൈ 7 മുതൽ 14 വരെ കുടുംബകേന്ദ്രീകൃത അജപാലന യജ്ഞത്തിന്റെ (ഹോം മിഷൻ) രണ്ടാം ഘട്ടപ്രവർത്തനങ്ങൾ നടന്നു.



കുടുംബപ്രേഷിത ശുശ്രൂഷ നടത്തുന്ന കൗൺസിലിംഗ് കോഴ്സുകൾ (CCP 2022, 2023 & DCP 2023 Batches) വിജയകരമായി പൂർത്തിയായവർക്ക് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

# ലഹരിക്കെതിരെ ഫ്ളാഷ് മോബുമായി റ്റി.എസ്.എസ്.എസ്.




തിരുവനന്തപുരം: അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരിക്കെതിരെ എല്ലാവരും കണ്ണിചേരണമെന്നുള്ള സന്ദേശം നൽകി ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും വർക്കല സി.എച്ച്.എം. കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസും സംയുക്തമായി 'ഫ്ളാഷ് മോബ്' സംഘടിപ്പിച്ചു. തമ്പാനൂർ കെ.എസ്.ആർ.ടി.സി ടെർമിനലിൽ നടന്ന 'ഫ്ളാഷ് മോബ്' റ്റി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ആഷ്ലിൻ ജോസ് ഉദ്ഘാടനം ചെയ്തു.ലഹരിക്കെതിരെയുള്ള പ്രവർത്തനം വലിയൊരു സാമൂഹിക സേവനമാണെന്നും ലഹരിക്കെതിരെ പ്രതിരോധം തീർക്കാൻ എല്ലാ ജനവിഭാഗവും ഒന്നിക്കണമെന്നും തന്റെ സന്ദേശത്തിൽ ഫാ. ആഷ്ലിൻ ജോസ് പറഞ്ഞു. കലാലയങ്ങളും സന്നദ്ധ സംഘടനകളും വിദ്യാലയങ്ങളും, യുവജനങ്ങളും സർക്കാർ സംവിധാനങ്ങളും ലഹരിക്കെതിരെയുള്ള ബോധവത്കരണ പ്രക്രിയയിൽ പങ്കാളികളാകുന്നതിലൂടെ രാഷ്ട്ര നിർമിതിയിലാണ് പങ്കാളികളാകുന്നതെന്നുള്ള സന്ദേശമാണ് ഫ്ളാഷ് മോബ് വഴി ജനങ്ങളിൽ എത്തിക്കാൻ ശ്രമിച്ചത്. ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി ലഹരി വിരുദ്ധ കമ്മിഷൻ കോഡിനേറ്റർ ശ്രീ. എബി മാത്യു ഈ ദിനത്തിന്റെ ആശംസകൾ നേർന്നു കൊണ്ട് എല്ലാവർക്കും നന്ദി അർപ്പിച്ചു. പരിപാടിയിൽ റ്റി.എസ്.എസ്.എസ്. സ്റ്റാഫ് അംഗങ്ങളും സി. എച്ച്. എം. എം. കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിലെ അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു

## ആനി മസ്ക്രീന്റെ 61-ാം ചരമ വാർഷികം; അനുസ്മരണദിവ്യബലിയും പുഷ്പാർച്ചനയും നടത്തി പാളയം ഫൊറോന KLCA, KLCWA

പാറ്റൂർ: സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഝാൻസിറാണിയെപ്പോലെ പടപൊരുതിയ ധീരവനിത ആനി മസ്ക്രീന്റെ 61 ചരമവാർഷികത്തോടനുബന്ധിച്ച് അനുസ്മരണദിവ്യബലിയും പുഷ്പാർച്ചനയും നടത്തി പാളയം ഫൊറോന KLCA, KLCWA. പാറ്റൂർ സെന്റ് പീറ്റേഴ്സ് സെമിത്തേരി ചാപ്പലിൽ അനുസ്മരണദിവ്യബലിയും പാറ്റൂർ സെമിത്തേരിയിലെ കല്ലറയിൽ പുഷ്പാർച്ചനയും തുടർന്ന് അനുസ്മരണ സമ്മേളനവും നടത്തി.

KLCA ഫെറോന പ്രസിഡന്റ് ശ്രി. ഷെയിൻ ജോസഫ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ഫെറോന വികാരി മോൺ. വിൽഫ്രഡ് ഇ. മുഖ്യപ്രഭാഷണം നടത്തി. KLCWA ഫെറോന പ്രസിഡന്റ് ശ്രിമതി. മേരി പുഷ്പം, KLCA രൂപത പ്രസിഡന്റ് ശ്രീ പാട്രിക് മൈക്കിൾ , KLCWA രൂപത പ്രസിഡന്റ് ശ്രിമതി. ജോളി പത്രോസ് തുടങ്ങിയവർ സംസാരിച്ചു.



## ജോസ്കോ ജ്വല്ലറിയുടെ സഹായത്താൽ ക്യാൻസർ രോഗികൾക്ക് സാമ്പത്തിക സഹായം നൽകി സാമൂഹ്യ ശുശ്രൂഷ

വെള്ളയമ്പലം: ക്യാൻസർ രോഗികൾക്ക് ആശ്വാസമേകി അതിരൂപത സാമൂഹ്യ ശുശ്രൂഷ. നിർധനരായ ക്യാൻസർ രോഗികളുടെ ചികിത്സയ്ക്കും മരുന്നിനുമായി ജോസ്കോ ജ്വല്ലറിയുടെ സഹായത്താൽ ക്യാൻസർ രോഗികൾക്ക് സാമ്പത്തിക സഹായം നൽകി. ജൂലൈ 19 വെള്ളിയാഴ്ച വെള്ളയമ്പലത്ത് വച്ച് നടന്ന ചടങ്ങിൽ ക്യാൻസർ സഹായ പദ്ധതിയുടെ ചെക്ക് വിതരണം ചെയ്തു.

അതിരൂപത സാമൂഹ്യ ശുശ്രൂഷ ഡയറക്ടർ ഫാ. ആഷ്ലിൻ ജോസ് അധ്യക്ഷത വഹിച്ച ചടങ്ങ് ജോസ്കോ ജ്വല്ലറി ജനറൽ മാനേജർ ശ്രീ ജെയിംസ് പി. എബ്രഹാം ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം ലത്തീൻ അതിരൂപത ജുഡീഷ്യൽ വികാർ ഫാ. ബെബിൻസൻ അനുഗ്രഹ പ്രഭാഷണം നടത്തി. തിരുവനന്തപുരം ജില്ലയിലെ വിവിധ മതസ്ഥരായ 22 ക്യാൻസർ രോഗികൾക്ക് 10,000 രൂപ വീതം നല്കി.






## നീർച്ചാൽ

# ആഴങ്ങൾ തേടുന്ന ദൈവം

**ആണ്ടുവട്ടം 18-ാം ഞായർ (ആഗസ്റ്റ് 4)** പുറ: 16:2-4, 12-15 | എഫേ: 4:17, 20-24 | യോഹ: 4:24-35

ഫാ.സി.കെ.തോപ്പിൽ




ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന് ഒരുക്കമായ ഈ ഭാഗത്ത്, ശിഷ്യരിൽ ഉണ്ടായിരിക്കേണ്ട മനോഭാവങ്ങൾ വ്യക്തമാക്കപ്പെടുന്നു. ആത്മാർത്ഥമായ ദൈവാന്വേഷണം (25); ആഴമേറിയ വിശ്വാസം (29); ആത്മീയ വിശപ്പ് (34); എന്നിവയാണ്. ആ അടിസ്ഥാന മനോഭാവങ്ങൾ ഓരോന്നും വിശദമായി മനസ്സിലാക്കാൻ ശ്രമിക്കാം.

### (i) ആത്മാർത്ഥമായ ദൈവാന്വേഷണം:

യേശുവിനെ കടലിന്റെ മറുകരയിൽ കണ്ടെത്തിയപ്പോൾ അവർ ചോദിച്ചു. റബ്ബീ, അങ്ങ് എപ്പോൾ ഇവിടെയെത്തി? തന്റെ പിന്നാലെ വരുന്നവരോടു ക്രിസ്തു ചോദിക്കുന്ന മറുചോദ്യം എക്കാലത്തും പ്രസക്തമാണ്. "നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" യഹൂദ ഗുരുവിന് നൽകുന്ന ആദരണീയ നാമമാണ് റബ്ബീ. യഹൂദർ എന്നും ഗുരുക്കന്മാരെ തേടിയിരുന്നു. ജീവിതത്തിലെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് ഉത്തരം തേടി വരുന്ന അനേകരെ പുതിയ നിയമം തന്നെ പരിചയപ്പെടുത്തുന്നുണ്ട്. സുപ്രധാന കൽപന അന്വേഷിച്ചും (മത്താ: 22:36) അത്ഭുതകരമായ അടയാളം തേടിയും (മത്താ: 12:38) അടിമത്തത്തിൽ നിന്ന് മോചനം തേടിയും (യോഹ: 6:15) അനേകർ യേശുവിന്റെ അടുക്കൽ എത്തിയിരുന്നു. ഇന്നും ആ അന്വേഷണം തുടരുകയാണ്. രോഗശാന്തി, കടഭാരം മാറുക, ജോലി കിട്ടാൻ, വിവാഹ തടസ്സം മാറാൻ, എന്നിവയുൾപ്പെടെ ഭൗതിക നന്മകൾ മാത്രം തേടുന്നതിൽ ഒതുങ്ങിപ്പോകുന്ന അന്വേഷണത്തെയാ

ണ് യേശുനാഥൻ തിരുത്തുന്നത്. "ദൈവം സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യമക്കളെ നോക്കുന്നു. ദൈവത്തെ തേടുന്ന ജ്ഞാനികളുണ്ടോ? എന്ന് അവിടുന്ന് ആരായുന്നു" (സങ്കീ: 53:2). യഥാർത്ഥ ദൈവാന്വേഷകരായി ശിഷ്യന്മാർ മാറണം എന്നതാണ് വിവക്ഷ.

### (ii) ആഴമേറിയ വിശ്വാസം:

'പ്രവൃത്തി' എന്ന പദത്തിന് ക്രിസ്തുവിന്റെ രക്ഷാകര ചെയ്തികൾ എന്നതിനോടൊപ്പം ക്രിസ്തുവിൽ വിശ്വസിക്കുന്ന കർമ്മം എന്നുകൂടി അർത്ഥമുണ്ട്. ദൈവഹിതമനുസരിച്ച് പ്രവർത്തിക്കുന്നവരാകാൻ ഞങ്ങൾ എന്തു ചെയ്യണം?" എന്ന ചോദ്യം പ്രസക്തമാണ്. യഹൂദരുടെ പരമ്പരാഗതമായ വിശ്വാസം നിഴലിക്കുന്ന ചോദ്യമാണ് അവർ ചോദിച്ചത്. ചോദ്യമിതാണ്. ഞങ്ങൾ നന്മ നിറഞ്ഞവരോ തിന്മനിറഞ്ഞവരോ അല്ല; അതിനിടയിലാണ് ഞങ്ങളുടെ സ്ഥാനം. നല്ലവരുടെ കൂടെ ചേർക്കപ്പെടാൻ ഞങ്ങൾ ഇനി എന്തു ചെയ്യണം? കൂടുതൽ നന്മ പ്രവൃത്തികളുടെ ഒരു പട്ടികയാവാം അവർ പ്രതീക്ഷിച്ചത്. യേശു അവർക്ക് സനാതന പാഠം നൽകുന്നു. പ്രവൃത്തിമൂലം മാത്രമല്ല, വിശ്വാസം മൂലമാണ് ഒരാൾ രക്ഷിക്കപ്പെടുന്നത്. "ആകയാൽ യേശു കർത്താവാണ് എന്നു അധരംകൊണ്ട് ഏറ്റു പറയുകയും, ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കും എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും."

മനുഷ്യരിൽ മഹാഭൂരിപക്ഷവും വിശ്വാസികളാണെങ്കിലും വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങാൻ സാധിക്കാത്തവരാണ്. പ്രബലമായ അടിത്തറ വിശ്വാസജീവിത്തിനില്ലാതെ പോകുമ്പോൾ അടയാളങ്ങളും, തെളിവുകളും അന്വേഷിക്കും. 'ആദ്യം അടയാളം പിന്നെ വിശ്വാസം' എന്ന വികലമായ വീക്ഷണം തിരുത്തിക്കുറിച്ചുകൊണ്ട് യേശു പഠിപ്പിച്ചു. 'ആദ്യം വിശ്വാസം പിന്നെ അടയാളം.'

### (iii) ആത്മീയ വിശപ്പ്:

വിശക്കുന്നവനാണ് മനുഷ്യൻ. ഭൗതികമെന്നും, ആത്മീയമെന്നും വിശപ്പിന് രണ്ട് മുഖങ്ങളുണ്ട്. വയറിന്റെ നിറവിൽ ആത്മീയ വിശപ്പ് അവർ മറന്നു. ആത്മീയ വിശപ്പിനെ തൃപ്തിപ്പെടുത്താനും, നിത്യജീവൻ പ്രദാനം ചെയ്യാനും കഴിവുള്ള ഭോജനം നൽകാൻ ക്രിസ്തുവിനു മാത്രമേ സാധിക്കുകയുള്ളൂ. മരുഭൂമിയിൽ വച്ച് മന്നാ നൽകിയ മോശയോടു (പുറ: 16:4) മത്സരിക്കാൻ യേശുവിനെ വെല്ലുവിളിക്കുന്ന ജനക്കൂട്ടം. മന്ന സ്വർഗ്ഗത്തിൽ നിന്ന് വന്നതായിരുന്നു എങ്കിലും (6, 32) അത് ഉരുകിപ്പോവുകയും (പുറ: 6:21) പിറ്റേ ദിവസത്തേക്ക് മാറ്റിവയ്ക്കപ്പെട്ടാൽ പുഴുത്തു മോശമാവുകയും ചെയ്യുമായിരുന്നു (പുറ:16:19-20). മോശയുടെ സമയത്ത് ലഭിച്ച മന്നയിൽ നിന്നു വ്യത്യസ്തമാണ് യേശു നൽകുന്ന സ്വർഗ്ഗീയ അപ്പം. (1) ഇത് മോശയല്ല, ദൈവമാണ് നൽകുന്നത്; (2) കഴിഞ്ഞ കാലത്തല്ല ഇന്നും ലഭിക്കുന്ന ദാനമാണ്. (3) യഥാർത്ഥ അപ്പമാണ്; (4) പിതാക്കന്മാർക്കല്ല യേശുവിൽ വിശ്വസിക്കുന്നവർക്കുള്ളതാണ്; (5) യേശുതന്നെയാണ് ഈ ജീവന്റെ അപ്പം.

ആത്മീയ വിശപ്പും ദാഹവും മനുഷ്യനിൽ സന്നിവേശിപ്പിച്ചത് ദൈവമാണ്. അതിനാൽ ആ വിശപ്പും ദാഹവും ദിവ്യമാണ്. അത് യേശുവിനുവേണ്ടിയുള്ള വിശപ്പും ദാഹവുമാണ്. യേശു പറഞ്ഞു: "എന്റെ അടുക്കൽ വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല. യേശു മനുഷ്യന്റെ എല്ലാ വിശപ്പും ദാഹവും ശമിപ്പിക്കുന്നു. നിത്യമായ സംതൃപ്തി പ്രദാനം ചെയ്യുന്നു. നിത്യജീവനിലേക്ക് നയിക്കുന്നു. ചുരുക്കത്തിൽ സഞ്ചാരങ്ങൾ, അന്വേഷണങ്ങൾ പുറത്തേക്കല്ല, അകത്തേക്കാണ് മിഴി തുറക്കേണ്ടത്. അകലങ്ങളിലേക്കും, ആഴങ്ങളിലേക്കുമാണ് ആഴ്ന്നിറങ്ങേണ്ടത്. അപ്പോൾ ആ യാത്ര ക്രിസ്തുവിലെത്തിച്ചേരും. ആ യാത്രയുടെ പേരാണ് 'വിശ്വാസം'. അതിന്റെ ലക്ഷ്യമാണ് 'നിത്യജീവൻ'. നിത്യജീവന്റെ അച്ചാരമാണ് 'ജീവന്റെ അപ്പം'.

# ലോകത്തിന്റെ വിശപ്പകറ്റുന്ന ജീവനുള്ള അപ്പം

**ആണ്ടുവട്ടം 19-ാം ഞായർ (ആഗസ്റ്റ് 11)** 1 രാജാ: 19:4-8 | എഫെ: 4:30, 5:2 | യോഹ:6:41-51

ഫാ. ഡൈസൺ. വൈ

സന്യാസത്തിന്റെ വഴിയിൽനിന്ന് ബുദ്ധനെ പിൻതിരിപ്പിക്കാൻ ശ്രമിച്ച പ്രസേനജിത്ത് രാജാവിന്റെ കണ്ണുകളിലേക്ക് നോക്കി ബുദ്ധൻ ചോദിച്ചു. അങ്ങേക്ക് കൊട്ടാരമുണ്ട്, കൊട്ടാരത്തിനകത്ത് പൊന്നും പണ്ടവും നിറഞ്ഞിരിപ്പുണ്ട്. അങ്ങയെ പരിചരിക്കാൻ സുന്ദരിയായ ദാസിമാരുണ്ട്. അങ്ങേക്ക് കഴിക്കുവാൻ വിഭവസമൃദ്ധമായ ഭക്ഷ്യവിഭവങ്ങളുണ്ട്. രാജാവേ അങ്ങയോട് ഞാനൊരു ചോദ്യം ചോദിക്കാം. കൃത്യമായി ഉത്തരം പറഞ്ഞാൽ ഞാൻ അങ്ങയെ അനുഗമിക്കാം.


ഇത്രയും സുഖസൗകര്യങ്ങൾ ഉണ്ടായിട്ടും അങ്ങേക്ക് യഥാർത്ഥ ആനന്ദമുണ്ടോ? മനുഷ്യന് പരമമായ ആനന്ദം നല്കുന്നത് ദൈവമാണ് (സങ്കീ: 4:4). യഥാർത്ഥ ആനന്ദം നല്കാൻ കഴിയുന്ന കർത്താവായ യേശുക്രിസ്തു അതിനുള്ള വഴി സുവിശേഷത്തിലൂടെ പറഞ്ഞുതരുന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ഇത് ഭക്ഷിക്കുന്നവൻ മരിക്കുകയില്ല.

ഭോഷൈകദൃക്കുകളാകാതെ സത്യത്തെ, നന്മയെ പരിപോഷിപ്പിക്കുന്ന ഗുണൈകദൃക്കുകളാകാൻ വേണ്ടിയുള്ള ആഹ്വാനമാണ് സുവിശേഷം നല്കുന്നത്. പൗരോഹിത്യത്തിന്റെയോ, പാരമ്പര്യത്തിന്റെയോ, കുലമഹിമയുടെയോ യാതൊരു അടിസ്ഥാനവുമില്ലാതെ ദരിദ്രനായ തച്ചന്റെ മകൻ യേശുവിന് എങ്ങനെ സ്വർഗ്ഗത്തിലെ ജീവന്റെ അപ്പമാകാൻ കഴിയുമെന്നുള്ള അവിശ്വാസത്തിൽ യേശുവിനെ അവർ സംഘം ചേർന്ന് പരിഹസിക്കുന്നു. യേശു യൗസേഫിന്റെയും മറിയത്തിന്റെയും മകനാണെന്ന് അറിയാമായിരുന്ന യഹൂദർക്ക് യേശു ദൈവത്തിന്റെ മകനാണെന്നുള്ള സത്യം അറിയാതെ പോകുന്നത് അവരുടെ വിശ്വാസരാഹിത്യം കാരണമാണ്. വിശ്വാസരാഹിത്യം യേശുവിനെതിരെ പിറുപിറുക്കാൻ പ്രചോദനം നല്കുന്നു.

മനുഷ്യന്റെ അടിസ്ഥാന ദു:ശ്ശീലങ്ങളിലൊന്ന് പിറുപിറുക്കലാണ്. യാക്കോബ് അപ്പസ്തോലൻ പറയുന്നു. "നിങ്ങൾ വിധിക്കപ്പെടാതിരിക്കാൻ എന്റെ സഹോദരര ഒരുവൻ മറ്റൊരുവനു വിരോധമായി പിറുപിറുക്കരുത് (യാക്കോ: 5:9). പിറുപിറുക്കലിന്റെ അടിസ്ഥാനം ഇഷ്ടമില്ലായ്മയാണ്, സംതൃപ്തിയില്ലായ്മയാണ്, വിശ്വാസമില്ലായ്മയാണ് ചുരുക്കത്തിൽ ഒരുവനിൽ യഥാർത്ഥ സ്നേഹത്തിന്റെ മരണം സംഭവിക്കുമ്പോൾ, പിറുപിറുക്കാനാരംഭിച്ചിരിക്കും. യേശുവിനോടുള്ള സ്നേഹവും, വിശ്വാസമില്ലായ്മയുമാണ് യഹൂദരെ പിറുപിറുക്കുവാൻ പ്രേരിപ്പിക്കുന്നത്.

പിറുപിറുക്കുന്ന ധാരാളം രംഗങ്ങൾ വിശുദ്ധ ലിഖിതത്തിൽ കാണാൻ സാധിക്കും. മരുഭൂമിയിൽ വച്ച് വിശന്ന് വലഞ്ഞപ്പോൾ ഇസ്രായേൽ ജനം ദൈവത്തിനെതിരെയും, അഹറോനും, മോശയ്ക്കുമെതിരെയും പിറുപിറുക്കുന്നു. ഈജിപ്തിന്റെ അടിമത്വത്തിൽ നിന്നും രക്ഷിച്ച ദൈവം തങ്ങളെ പശിയിൽ നിന്നും പോറ്റുമെന്നുള്ള വിശ്വാസരാഹിത്യമാണ് ജനങ്ങളെ പിറുപിറുക്കാൻ പ്രേരിപ്പിക്കുന്നത്. ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പമാണെന്ന് യേശു പറഞ്ഞതിൽ വിശ്വസിക്കാതെയാണ് യഹൂദർ യേശുവിനെതിരെ പരിഹാസപൂർവ്വം പിറുപിറുക്കുന്നത്. പിറുപിറുക്കരുതെന്ന് പത്രോസ് അപ്പസ്തോലൻ നമ്മെ ഉത്ബോധിപ്പിക്കുന്നു. "സർവ്വോപരി നിങ്ങൾക്ക് ഗാഢമായ പരസ്പരസ്നേഹം ഉണ്ടായിരിക്കട്ടെ. കാരണം, സ്നേഹം നിരവധി പാപങ്ങളെ മറയ്ക്കുന്നു. പിറുപിറുപ്പുകൂടാതെ നിങ്ങൾ പരസ്പരം അതിഥ്യമര്യാദ പാലിക്കുവിൻ" (1 പത്രോ:4:8-8). വിശുദ്ധ പാദ്രേപീയോ പറയുന്നു: പിറുപിറുക്കൽ ഒരു തിന്മയാണ്. മോശം സ്വഭാവമാണ്. കാരണം, നന്മയേയും സ്നേഹത്തെയും അത് കൊല ചെയ്യുന്നു. സ്നേഹത്തിന്റെയും, സഹനത്തിന്റെയും അസ്തമനമാണ്. മരണമാണ് പിറുപിറുക്കൽ.

പിറുപിറുക്കലിൽ നിന്നുള്ള മോചനത്തിനുള്ള വഴി യേശു കാണിച്ചുതരികയാണ്. അത് ദൈവത്തിൽ ആകർഷിക്കപ്പെടണം. ദൈവത്താൽ ആകർഷിക്ക



എന്നേക്കും ജീവിക്കും. അവൻ എന്നേക്കും ആനന്ദിക്കും.

ലോകത്തിന്റെ ജീവനുവേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം യേശുവാണ്. യോഹ: 6:41-51 ൽ യേശു ഞാനാണ് ജീവന്റെ അപ്പമാണെന്ന് അഞ്ച് പ്രാവശ്യം ഏറ്റുപറയുന്നു. അതുകൊണ്ട് ഈ സുവിശേഷ ഭാഗത്തിന്റെ കാതലായ ആശയം യേശു ജീവന്റെ അപ്പമെന്നുള്ളതാണ്. വൈലോപ്പിള്ളിയുടെ സുന്ദരമായ കവിതയിൽ ദരിദ്രൻ വിശന്നു മരിച്ചു. ശവസംസ്കാരത്തിന് പലരുമെത്തി. ശവത്തിന് ചുറ്റും അൽപ്പം ഉണക്കലരി വിതറാനായി ദരിദ്രന്റെ വിധവയോട് ആളുകൾ ആവശ്യപ്പെട്ടപ്പോൾ കണ്ണുനീരോടുകൂടി അവൾ പറഞ്ഞു. അരിയുണ്ടെന്നാൽ അങ്ങേർ അന്തരിക്കുകയില്ലല്ലോ. ഒരാളുടെ വിശപ്പ് മനസ്സിലാക്കി അന്നം നല്കുന്നതിനെക്കാൾ വലിയ പ്രാർത്ഥനയും അത്ഭുതവുമില്ല. യേശു മനുഷ്യന്റെ വിശപ്പിന് അപ്പം വർദ്ധിപ്പിച്ചു നല്കിയവനാണ്. മനുഷ്യൻറെ ശരീരിക വിശപ്പിനെക്കാൾ ആന്തരിക വിശപ്പിന് യേശു അപ്പമായി മാറി. സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നു ജീവന്റെ അപ്പമായി മാറി.

സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാനാണെന്ന സത്യം യേശു പ്രഖ്യാപിച്ചപ്പോൾ യഹൂദർ യേശുവിനെതിരെ പിറുപിറുക്കുകയും പരിഹാസം ചൊരിയുകയും ചെയ്യുന്നു. സത്യത്തെ, നന്മയെ നിഗ്രഹിക്കുവാനുള്ള തിന്മയുടെ പടയോട്ടത്തിൽ ബലിയാടുകളാകുന്നത് പുണ്യാത്മാക്കളാണ്. ജാതിയുടെ പേരിൽ, മതത്തിന്റെ പേരിൽ, ഭാഷുടെയും, വർണ്ണത്തിന്റെയും പേരിൽ ഒരുവനിലെ നന്മയെ പരിഹസിക്കുമ്പോൾ അരങ്ങേറുന്നത് വ്യക്തിഹത്യയാണ്. ഇത് മനുഷ്യത്വത്തിന്റെ ജീർണ്ണതയെയാണ് തുറന്നു കാട്ടുന്നത്. സത്യത്തെ, നന്മയെ കളങ്കപ്പെടുത്തുന്ന

പ്പെട്ടവൻ പിറുപിറുക്കുന്നില്ല. അവനിൽ നന്മയും സ്നേഹവും തളിരിടുന്നു. ഈ ലോകത്ത് ജനിക്കുന്ന എല്ലാ മനുഷ്യരും ദൈവവുമായി ഒന്നുചേരേണ്ടവരാണ്. എല്ലാ നദികളുടെയും അവസാനലക്ഷ്യം, അതിനായി നിശ്ചയിക്കപ്പെട്ട ജലാശയത്തോട് ഒന്നു ചേരുന്നതാണ്. അതുപോലെ എല്ലാ മനുഷ്യരും ദൈവവുമായി താദാത്മ്യം പ്രാപിക്കുമ്പോഴാണ് യഥാർത്ഥ സന്തോഷം അനുഭവിക്കുവാൻ സാധിക്കുന്നത്. സദാസമയവും ദൈവം മനുഷ്യരെ തന്നിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു. ദൈവസ്നേഹം തിരിച്ചറിയുന്ന കഠിന പാപിപോലും ദൈവത്തോട് ഒന്നായി തീരുന്നു. ദൈവസ്നേഹത്തിന്റെ കാന്തീകവലയത്തിന് പുറത്തു നില്ക്കുന്ന മനുഷ്യന്റെ ആത്മാവ് അസ്വസ്തമായിരിക്കും. അസ്വസ്തമായ മനസ്സിൽ നിന്നാണ് പിറുപിറുക്കൽ മുളപൊട്ടുന്നത്.

ദൈവത്താൽ ആകർഷിക്കപ്പെടുവാൻ ദൈവത്തിന്റെ സ്വന്തം പുത്രനായ യേശുവിനെ ശ്രവിക്കുകയും, വിശ്വസിക്കുകയും ചെയ്യുന്നു. തൽഫലമായി അവന് നിത്യജീവൻ ലഭിക്കുന്നു. ദൈവം ആയിരിക്കുന്ന യഥാർത്ഥ അവസ്ഥയിൽ ദൈവത്തെ പരിപൂർണ്ണമായി കണ്ടവൻ ദൈവപുത്രനായ യേശു മാത്രമാണ്. കാരണം, യേശു ദൈവമാണ്. പിതാവായ ദൈവത്തിന്റെ പുത്രനുമാണ്.


മോശ ഹെറോബിലെ മുൾപടർപ്പിൽ അഗ്നിയുടെ മദ്ധ്യേ ദൈവത്തിന്റെ ശബ്ദം മാത്രമേ കേട്ടുള്ളു. യഥാർത്ഥ രൂപം കണ്ടിട്ടില്ല (നിയമ:4:10-12). ദൈവത്തെ കണ്ടിട്ടുള്ളത് യേശു മാത്രമാണ് (യോഹ:1:18). ഇതാണ് യേശുവിനെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. പിതാവിനെ അറിയുന്നവൻ യേശുവിനെ അറിയും. പിതാവിന്റെ അടുക്കൽ വരുന്നവൻ യേശുവിന്റെ അടുക്കൽ വരും. കാരണം യേശുവും പിതാവും ഒന്നാണ്.

യേശു മനുഷ്യകുലത്തിന് നല്കിയ മഹത്തായ സംഭാവനയാണ് അവന്റെ വചനങ്ങളും. അവന്റെ ശരീരമായ നിത്യജീവൻറെന്റെ അപ്പവും. യേശു നല്കുന്ന തൻറെ ശരീരമാകുന്ന അപ്പം നിത്യജീവൻ നല്കാത്ത മന്നപോലെയല്ല. യഹൂദരുടെ പൂർവ്വികർ മരുഭൂമിയിൽ വച്ച് മന്ന ഭക്ഷിച്ചു. എങ്കിലും മരണമടഞ്ഞു. യേശു നല്കുന്ന അപ്പം ഭക്ഷിക്കുന്നവൻ നിത്യം ജീവിക്കും. കാരണം യേശു ദൈവമാണ്. ഈ ലോകമാകുന്ന മരുഭൂമിയിലൂടെ വാഗ്ദത്ത ദേശമായ സ്വർഗ്ഗം നോക്കി യാത്ര ചെയ്യുന്ന മനുഷ്യന് ദൈവം നല്കുന്ന വലിയദാനമാണ് ജീവന്റെ അപ്പം. ജനം അപ്പം ഭക്ഷിക്കുന്നവൻ പിറുപിറുപ്പ് അവസാനിപ്പിച്ച് നിത്യജീവൻ സ്വന്തമാക്കും.

# നിത്യം നിലനിൽക്കുന്ന ജീവന്റെ അപ്പം : ക്രിസ്തു

**ആണ്ടുവട്ടം 20-ാം ഞായർ (ആഗസ്റ്റ് 18)** സുഭാ 9: 1-6 | ഏഫേ 5: 15-20 | യോഹ 6: 51-58

ഫാ. ജോസ് വർഗീസ്



തന്റെ വിശുദ്ധ ജീവിതം കൊണ്ടും ആകർഷണീയമായ പ്രസംഗശൈലി കൊണ്ടും അക്രൈസ്തവരെയുൾപ്പെടെ ആകർഷിച്ചയാളാണ് അമേരിക്കയിലെ ഇല്ലിനോയിസിൽ 1895ൽ ജനിച്ച ആർച്ച് ബിഷപ്പ് ഫുൾട്ടൻ ജെ ഷീൻ. എല്ലാ ആഴ്ചകളിലും ടെലിവിഷനിൽ സംപ്രേക്ഷണം ചെയ്തിരുന്ന അദ്ദേഹത്തിന്റെ പ്രഭാഷണ പരമ്പരയായ "ലൈഫ് ഈസ് വോർത്ത് ലിവിങ്" ഏകദേശം 60 ലക്ഷത്തോളം ആളുകളാണ് വീക്ഷിച്ചിരുന്നത്.

ആളുകളുടെ ഹൃദയത്തെ സ്പർശിക്കുന്ന പ്രഭാഷണങ്ങൾ നടത്താൻ ആർച്ച് ബിഷപ്പ് ഷീനിന് ശക്തി ലഭിച്ചിരുന്നത് അദ്ദേഹം നടത്തിയ ദിവ്യകാരുണ്യ മണിക്കൂർ ആചരണത്തിൽ നിന്നാണ്. ഒരിക്കൽ ഒരു ദേശീയ മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ അവതാരകൻ ഇപ്രകാരം ചോദിച്ചു, "ബിഷപ്പ് ഷീൻ, താങ്കൾ ലക്ഷക്കണക്കിന് ആളുകൾക്ക് പ്രചോദനമാണ്. ആരാണ് താങ്കളുടെ പ്രചോദനം? അത് ഏതെങ്കിലും പാപ്പമാരാണോ?" അദ്ദേഹത്തിന്റെ ഉത്തരം ആളുകളിൽ ഞെട്ടലുണ്ടാക്കി. ഏതെങ്കിലും പാപ്പയോ, കർദിനാൾമാരോ, ബിഷപ്പുമാരോ അല്ല, മറിച്ച് ഒരു ചൈനക്കാരി പെൺകുട്ടിയാണ് തന്റെ പ്രചോദനമെന്ന് അദ്ദേഹം

പറഞ്ഞു. ലീ എന്ന ചൈനക്കാരി പെൺകുട്ടിയുടെ കഥയാണ് സെമിനാരി വിദ്യാർത്ഥിയായിരുന്ന സമയത്ത് ദിവ്യകാരുണ്യ ഈശോയുടെ മുമ്പിൽ എല്ലാദിവസവും ഒരു മണിക്കൂർ ചെലവഴിക്കാനായുള്ള ഉറച്ച തീരുമാന മെടുക്കാൻ ഷീനിനെ പ്രേരിപ്പിച്ചത്.

ആ കഥ ഇപ്രകാരമാണ്. 1950കളിൽ ചൈനയിൽ ക്രൈസ്തവ വിശ്വാസം അടിച്ചമർത്ത പ്പെട്ടിരുന്നു. ദൈവത്തിന്റെ പേരുപോലും ഉച്ചരിക്കാൻ വിലക്കുകളുണ്ടായിരുന്നു. വിശ്വാസത്തിന്റെ പേരിൽ അനേകം പേർ ജയിലിലടക്കപ്പെടുകയും ചിലർ കൊല്ലപ്പെടുകയും ചെയ്തു. ഇതിനിടയിൽ ഒരു ഗ്രാമ പ്രദേശത്തെ സ്കൂളിൽ ലീ എന്നൊരു പെൺകുട്ടിയും സഹപാഠികളും അധ്യാപകയായ സിസ്റ്റർ യൂഫ്രേസിയ യിൽനിന്നും വിശുദ്ധ കുർബാനയുടെ ബാലപാഠങ്ങൾ പഠിക്കുകയായിരുന്നു. രണ്ടു മാസങ്ങൾക്ക് മുൻപാണ് ലീ ഉൾപ്പെടെയുള്ള കുട്ടികൾ പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ചത്. വളരെ വിചിത്രമായ ഒരു ചോദ്യം ഇതി നിടയിൽ ബാലികയായ ലീ സിസ്റ്റർ യൂഫ്രേസിയയോട് ചോദിച്ചു, "അന്നന്നു വേണ്ട ആഹാരം ഇന്നു ഞങ്ങൾ ക്കു തരണമേ" എന്ന പ്രാർത്ഥന എന്തിനായിരുന്നു ഈശോ പഠിപ്പിച്ചത് എന്നതായിരുന്നു കുഞ്ഞ് ലീയുടെ സംശയം. ദിവസം മൂന്നുനേരവും കുട്ടികൾക്ക് ഭക്ഷണം കിട്ടുന്നതുകൊണ്ട് പ്രസ്തുത ചോദ്യത്തിന് ഉത്തരം നൽകാൻ സിസ്റ്റർ നന്നേ പണിപ്പെട്ടു. ദിവ്യകാരുണ്യത്തെ ഉദ്ദേശിച്ചാണ് ഈശോ ഭക്ഷണമെന്ന് പറഞ്ഞതെന്ന് സിസ്റ്റർ യൂഫ്രേസിയ ഉത്തരം നൽകി.

ദൈവശാസ്ത്രപരമായ ഉത്തരമല്ലായിരുന്നു മറിച്ച് ഹൃദയത്തിൽനിന്നുള്ള ഉത്തരമാണ് സിസ്റ്റർ കുട്ടിക്ക് നൽകിയത്. "നിങ്ങൾ നല്ല ഈശോയോട് അനുദിനം വിശുദ്ധ കുർബാനയ്ക്ക് വേണ്ടി ആവശ്യപ്പെ ടുന്നു. നിങ്ങളുടെ ശരീരത്തിന് മറ്റു ഭക്ഷണങ്ങളും വേണമെന്നത് ശരിയാണ്. എന്നാൽ ശരീരത്തെക്കാൾ പ്രാധാന്യമുള്ള ആത്മാവിന് വിശുദ്ധ കുർബാനയിലെ ഈശോയുടെ ശരീരമാണ് വേണ്ടത്" സിസ്റ്റർ വിശദീ കരിച്ചു. 1953 മെയ് മാസം ആദ്യമായി ദിവ്യകാരുണ്യ നാഥനെ സ്വീകരിച്ചപ്പോൾ എല്ലാദിവസവും വിശുദ്ധ കുർബാന സ്വീകരിക്കാൻ യോഗ്യത നൽകണമെന്ന് അവൾ ഈശോയോട് ആവശ്യപ്പെട്ടിരുന്നു. അന്നു മുതൽ എല്ലാ ദിവസവും മുടങ്ങാതെ അവൾ ബലിയ്ക്കായി പോകുമായിരുന്നു. എപ്പോൾ വേണമെങ്കിലും സർക്കാർ തങ്ങളുടെ ആരാധന മുടക്കുമെന്നുള്ള പേടി അവളെ അലട്ടിയിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം പോലീസ് ഉദ്യോഗസ്ഥർ ലീ പഠിച്ചിരുന്ന ക്ലാസിലെത്തി കുട്ടികളുടെ കൈകളിലുള്ള വിശുദ്ധ രൂപങ്ങൾ തങ്ങൾക്ക് നൽകാൻ ആക്രോശിച്ചു. ബാഗുകളിൽ സൂക്ഷിച്ചുവച്ചിരുന്ന ഈശോയുടെയും മാതാവിന്റെയും വിശുദ്ധരുടെയും രൂപങ്ങൾ പേടിച്ചുവിറച്ച് കുട്ടികൾ പോലീസുകാർക്ക് കൈമാറി. ഇതിനിടയിൽ ഒരു ഉദ്യോഗസ്ഥൻ ചുമരിലു ണ്ടായിരുന്ന ക്രൂശിതരൂപവും വലിച്ചെറിഞ്ഞുകളഞ്ഞു. അന്നുതന്നെ പോലീസുകാർ ഗ്രാമത്തിലെ ക്രൈസ്തവ വിശ്വാസികളെയെല്ലാം അവിടുത്തെ ദേവാലയത്തിലേ ക്ക് കൊണ്ടുവന്നു. ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥൻ മിഷനറിമാരെയും ക്രൈസ്തവ വിശ്വാസത്തെതന്നെയും കടുത്ത ഭാഷയിൽ വിമർശിച്ച് പ്രസംഗിക്കാൻ തുടങ്ങി. ഇതൊക്കെ കഴിഞ്ഞിട്ട് സക്രാരി ചൂണ്ടിക്കാട്ടി അതിലേ ക്ക് നിറയൊഴിക്കാനായി മറ്റുള്ള പോലീസുകാരോട് അയാൾ ആവശ്യപ്പെട്ടു. നിങ്ങളുടെ ദൈവം സ്വയം രക്ഷിക്കുമോ എന്ന് കാണട്ടെ എന്ന് ആ ഉദ്യോഗസ്ഥൻ ജനങ്ങളെ നോക്കി പറഞ്ഞു.

അതിനുശേഷം അയാൾ ദിവ്യകാരുണ്യം വച്ചി രുന്ന കുസ്തോതി ദൂരേക്ക് വലിച്ചെറിഞ്ഞു. വിശുദ്ധ കുർബാന പലസ്ഥലങ്ങളിലായി ചിതറിപ്പോയി. ഇതു കണ്ട് കരഞ്ഞ് ഉച്ചത്തിൽ നിലവിളിച്ചു പ്രാർത്ഥിക്കാൻ മാത്രമേ വിശ്വാസികൾക്ക് സാധിച്ചുള്ളൂ. കുഞ്ഞ് ലീ പേടിച്ചു വിരണ്ടുപോയി. അവൾ ഏറ്റവും സ്നേഹിച്ചിരുന്ന ഈശോയുടെ ശരീരം നിലത്തു കിടക്കുന്നതു കണ്ട് അവൾ നിശബ്ദമായി കരഞ്ഞു. ജീവനിൽ കൊതിയുള്ള വർ ഇനി മടങ്ങിയെത്തരുതെന്ന് പറഞ്ഞ് ആളുകളെ പോലീസ് മേധാവി ഓടിച്ചു. ഉടനെതന്നെ ദേവാലയ ത്തിൽ നിന്ന് ആളുകളെല്ലാം ഒഴിഞ്ഞു പോയി.

ദിവ്യകാരുണ്യനാഥനെ ആരാധിക്കാനായി അനുനിമിഷം മാലാഖമാർ സക്രാരിക്ക് ചുറ്റും നിൽ ക്കുന്നതുപോലെ ഇതിനെല്ലാം സാക്ഷിയായി ഒരു വൈദികൻ അവിടെ അവശേഷിച്ചു. വിദേശത്തുനിന്നും മിഷനറി പ്രവർത്തനത്തിനെത്തിയ ലൂക്ക് എന്ന വൈദി കനായിരുന്നു അത്. ഈ അതിക്രമങ്ങൾ നടക്കുന്നതി നിടയിൽ പോലീസ് ഉദ്യോഗസ്ഥർ സമീപത്തുള്ള ഒരു കെട്ടിടത്തിൽ അദ്ദേഹത്തെ വീട്ടുതടങ്കലിലാക്കിയി രുന്നു. വിശുദ്ധ കുർബാന ചിന്നിച്ചിതറിക്കിടന്നിരുന്ന ദേവാലയത്തിലെ ഉൾവശം അദ്ദേഹത്തിന് ദൂരെനിന്നും കാണാമായിരുന്നു. അദ്ദേഹം ദുഃഖഭാരത്താൽ പ്രാർത്ഥ നയിൽ മുഴുകി ദിവസം കഴിച്ചുകൂട്ടി.

പിറ്റേദിവസം ദേവാലയത്തിന്റെ വാതിൽ തുറക്കുന്ന ശബ്ദം കേട്ട് അദ്ദേഹം അങ്ങോട്ട് നോക്കി. ലീ എന്ന പത്തുവയസ്സുകാരി പെൺകുട്ടിയാണ് വാ തിലുകൾ തുറന്നത്. അവൾ ശബ്ദമുണ്ടാക്കാതെ അൾ ത്താരയുടെ ഭാഗത്തേക്ക് നീങ്ങി. ഈ സമയം കുട്ടിയെ ആരെങ്കിലും കാണുമോ എന്ന് ഫാദർ ലൂക്ക് ഭയപ്പെട്ടു. കുട്ടിക്ക് ആപത്തൊന്നും വരുത്തരുതെന്ന് ദൈവത്തോട് പ്രാർത്ഥിക്കുക എന്ന ഒരു പോംവഴി മാത്രമേ അദ്ദേഹ ത്തിനുമുൻപിൽ ഉണ്ടായിരുന്നുള്ളൂ. പതിയെ ലീ വിശുദ്ധ കുർബാന കിടന്നിരുന്ന ഭാഗത്തെത്തി. സിസ്റ്റർ യൂഫ്രേ സിയ പഠിപ്പിച്ചതുപോലെ അവൾ നിലത്തു കിടന്നിരുന്ന വിശുദ്ധ കുർബാനയുടെ മുൻപിൽ കുമ്പിട്ടാരാധിച്ചു. ദിവ്യകാരുണ്യ നാഥനെ ഹൃദയത്തിൽ സ്വീകരിക്കാനായി ഒരുമണിക്കൂർ അവൾ അങ്ങനെതന്നെ പ്രാർത്ഥനയിൽ തുടർന്നു. പിന്നീട് അവൾ തലകുനിച്ച് നാവിൽ വിശുദ്ധ

കുർബാന സ്വീകരിച്ചു.

കുട്ടിയോട് സംസാരിക്കാൻ ലൂക്കിന് ആഗ്രഹമുണ്ടായിരുന്നെങ്കിലും അത് നടന്നില്ല. അദ്ദേഹം ഭയപ്പെട്ടതുപോലെ ഒന്നും അന്ന് നടന്നില്ല. ദേവാലയത്തിൽ നിന്നും ലീ തിരികെ മടങ്ങി. എന്നാൽ പിറ്റേ ദിവസവും അതു കഴിഞ്ഞുള്ള ദിവസങ്ങളിലും ലീ ദിവ്യകാരുണ്യനാഥനെ സ്വീകരിക്കാനായി ദേവാലയത്തിലേക്ക് മടങ്ങിവന്നു. 32 അപ്പക്കഷണങ്ങളായിരുന്നു അവിടെ ചിതറി കിടന്നിരുന്നതെന്ന കൃത്യമായ കണക്ക് ലൂക്കിന് അറിയാമായിരുന്നു.

അങ്ങനെ മുപ്പത്തിരണ്ടാമത്തെ ദിവസം അവസാന വിശുദ്ധ കുർബാനയും സ്വീകരിക്കാനായി ലീ അവിടെയെത്തി. അവൾ അൾത്താരയുടെ പക്കലേക്ക് നീങ്ങി നിശബ്ദമായി പ്രാർത്ഥിക്കാനാരംഭിച്ചു. അവൾ വിശുദ്ധ കുർബാന നാവിൽ സ്വീകരിക്കാനായി തലകുനിച്ച നിമിഷം ഒരു പോലീസ് ഉദ്യോഗസ്ഥൻ ദേവാലയത്തിനുള്ളിൽ പ്രവേശിപ്പിക്കുന്നത് ഫാദർ ലൂക്ക് കണ്ടു. അയാൾ തോക്കെടുത്ത് പെൺകുട്ടിക്ക് നേരെ നിറയൊഴിച്ചു. ഒരു ചെറിയ കരച്ചിൽ മാത്രം ഫാദർ ലൂക്കിന് കേൾക്കാനായി. ശേഷം പെൺകുട്ടി നിലത്ത് കിടന്നു പിടയുന്നതാണ് അദ്ദേഹം കണ്ടത്. എന്നാൽ അതിനിടയിൽ നിലത്തു വീണുകിടന്നിരുന്ന അവശേഷിച്ച വിശുദ്ധ കുർബാനയും അവൾ സ്വീകരിച്ചിരുന്നു. ഇന്ന് സുവിശേഷം നമ്മോട് മന്ത്രിക്കുന്നതു ജീവന്റെ അപ്പത്തെക്കുറിച്ചാണ്. ജീവന്റെ അപ്പം ക്രിസ്തുവാണ് എന്നുള്ള വലിയ രഹസ്യവും ഈശോ വെളിപ്പെടുത്തുന്നുണ്ട്. ക്രിസ്തീയ ജീവിതത്തിന്റെ ഉച്ചിയും ഉറവയുമാണ് വിശുദ്ധ കുർബ്ബാന. അപ്പൻ അപ്പമായി മാറിയ വലിയ കാരുണ്യമാണ് ദിവ്യകാരുണ്യം. സ്വയം ശൂന്യവത്കരണത്തിന്റെ പരമോന്നതമായ ദൃശ്യരൂപമാണ് ജീവന്റെ അപ്പമായ ക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ. ക്രിസ്തു കാൽവരിയിൽ സ്വയം ശൂന്യവത്കരിച്ചതിന് പ്രധാന കാരണം മനുഷ്യരാശിയെ അത്രമാത്രം കരുണയോടെ സ്നേഹിച്ചു (His compassionate Love) എന്നത് തന്നെയാണ്. അതു യോഹന്നാൻ ശ്ലീഹ മനോഹരമായി അവതരിപ്പിക്കുകയും ചെയ്യുന്നു, എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.

# കണ്ണുംപൂട്ടിയുള്ള വിശ്വാസം

**ആണ്ടുവട്ടം 21-ാം ഞായർ (ആഗസ്റ്റ് 25)** ജോഷ്വ: 24:12a, 15-17, 18b | എഫേ: 5:21-32 | യോഹ: 6: 61-70

ഫാ.വർഗീസ് ജോസഫ്



അന്നും ഇന്നും ക്രിസ്തുവിനെ സ്നേഹിക്കുന്നവരും വെറുക്കുന്നവരും എപ്പോഴും കൂടെ ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെ വിമർശനങ്ങളും പ്രോത്സാഹനങ്ങളും നിരവധി കേൾക്കേണ്ടിവന്നവനാണ് ക്രിസ്തു. അപ്പോഴെല്ലാം ക്രിസ്തുവിനെ വ്യത്യസ്തനാക്കുന്നത് നിലപാടുകളും ശരികളുമാണ്. ആ ശരികൾക്ക് പിന്നിൽ യാത്ര ചെയ്യുന്നവന് ലക്ഷ്യം ദൈവരാജ്യനിർമ്മിതിയാണ്. അതിനായി മനുഷ്യരുടെ ശരികളെ തലോലിക്കാത്ത ക്രിസ്തുവിനെ നോക്കിക്കാണുന്നതാണ് ഇന്നത്തെ സുവിശേഷം.

എല്ലാ പ്രബോധനങ്ങളും നൽകുമ്പോൾ ഉപമയും രൂപകവുമൊക്കെ ഉപയോഗിക്കുന്ന യേശുനാഥൻ പരിശുദ്ധ കുർബാനയെന്ന മഹാരഹസ്യത്തിന്റെ പ്രബോധനം നേരിട്ടുതന്നെ നൽകുകയാണ്. ഇത് അന്നും ഇന്നും മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാണ്. അതിനാൽ വിശ്വാസത്തിന്റെ വെളിച്ചത്തിൽ അവയെ നോക്കി കാണുവാൻ യേശു തന്റെ ജനത്തെ ക്ഷണിച്ചു. എന്നാൽ നശ്വരമായ അപ്പത്തിൽ കുടുങ്ങിപ്പോയവർക്ക് അനശ്വരമായ അപ്പത്തെ മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. മനസ്സിലാക്കാൻ കഴിഞ്ഞില്ല എന്നതിനെക്കാളും മനസ്സിലാക്കാൻ ശ്രമിച്ചില്ല എന്നു പറയുന്നതാവും ശരി. വിശ്വാസത്തോടെ പ്രതികരിക്കുവാൻ തയ്യാറാകാത്തവർ

ഈ പ്രബോധനത്തോട് നിഷേധാത്മകമായ രീതിയിലാണ് പ്രതികരിച്ചത് (യോഹ: 6:60-65). വിശ്വാസത്തോടെ പ്രത്യുത്തരം നല്കാത്തവർ പിന്നീടൊരിക്കലും യേശുവിന്റെ 'കൂടെ' നടന്നില്ല. അവർ യേശുവിന്റെ ശിഷ്യത്വം ഉപേക്ഷിച്ചുപോയി എന്നാണ് ഇതർത്ഥമാക്കുന്നത്. അവർക്ക് ക്രിസ്തുവിനോടുള്ള സമീപനം മാനുഷികമായതുകൊണ്ടാണ് ഈ വചനം കഠിനമായി തോന്നിയത്. വിശ്വാസത്തോടെ ജീവന്റെ അപ്പത്തെ സമീപിക്കുന്നവർക്ക് അത് മനസ്സിലാക്കാനും സ്വീകരിക്കാനും സാധ്യമാകും. ക്രിസ്തു ശിഷ്യത്വത്തെ അവകാശപ്പെടുന്ന നമ്മൾ ഏതു വെളിച്ചത്തോടുകൂടെയാണ് ക്രിസ്തുവിനെ സമീപിക്കുന്നത്?.

പന്ത്രണ്ടുപേരോടുമുള്ള നേരിട്ടുള്ള ഒരു ചോദ്യം പ്രസക്തമാണ്. നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ? (യോഹ: 6:67). പത്രോസിന്റെ മറുപടിയിൽ ഞങ്ങൾ ആരുടെ പക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിൻറെ പരിശുദ്ധൻ എന്ന് ഞങ്ങൾ വിശ്വസിക്കുകയും, അറിയുകയും ചെയ്തിരിക്കുന്നു (യോഹ:6:68-69). വിശ്വസിക്കുക, അറിയുക തുടങ്ങിയ പ്രയോഗങ്ങൾ ശിഷ്യത്വത്തിന്റെ ബന്ധം ആഴപ്പെടുത്തുന്നു.

ഒന്നാം വായനയിൽ ജോഷ്വയുടെ പുസ്തകത്തിലെ വായനകൾ സൂചിപ്പിക്കുന്നതും വിശ്വാസത്തെയും അറിവിനെയും കുറിച്ചാണ്. ജോഷ്വാ ഗോത്രങ്ങളെ വിളിച്ചുകൂട്ടി പറഞ്ഞു: ഞാനും എന്റെ കുടുംബവും കർത്താവിനെ സ്നേഹിക്കും. ഞങ്ങൾ അന്യദേവന്മാരെ സേവിക്കാതിരിക്കട്ടെ. ആഴമായ ബന്ധത്തിനിടയിൽ വിട്ടുവീഴ്ചകൾ കാട്ടാതിരിക്കുക എന്ന ഓർമ്മപ്പെടുത്തൽ പഴയനിയമം മുതൽ ഉണ്ടായിരുന്നു.

രണ്ടാം വായനയിൽ പൗലോസ് അപ്പസ്തോലൻ എഫേസോസുകാർക്ക് എഴുതിയ ലേഖനം ക്രിസ്തുവുമായുള്ള അഗാധമായ ബന്ധത്തെ ഭാര്യഭർത്തൃബന്ധവുമായി ബന്ധപ്പെടുത്തുന്നു. വേർപിരിയാത്ത അഗാധ സ്നേഹം. വിശദീകരണം ചോദിക്കാതെ ചോദ്യം ചെയ്യാതെ ജീവൻറെ അപ്പത്തെ വിശ്വസിക്കുക, ക്രിസ്തുവിൻറെ പിന്നാലെ യാത്ര ചെയ്യുക.



## കാനോൻ നിയമം

# സമൂഹ രോഗീലേപനം

ഫാ. ജോസ് ജി. (ജുഡീഷ്യൽ വികാർ)

അടുത്തകാലത്ത് തിരുവനന്തപുരം അതിരൂപതയിലെ ചില ഇടവകകൾ സമൂഹ രോഗീലേപനം നല്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഈ സാഹചര്യത്തിലാണ് സമൂഹ രോഗീലേപനത്തെക്കുറിച്ച് സഭ എന്താണ് പഠിപ്പിക്കുന്നതെന്ന് പങ്കുവയ്ക്കാമെന്നു കരുതുന്നത്.

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (CCC) 1517-1519, ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 999-1002 എന്നിവയാണ് രോഗീലേപന കൂദാശയുടെ പൊതുവായ ആഘോഷരീതി വ്യക്തമാക്കുന്നത്. ആരാധനക്രമപരവും സാമൂഹികവുമായ ഒരു ആഘോഷമാണ് രോഗീലേപന കൂദാശയെന്ന് CCC 1517 വ്യക്തമാക്കുന്നു. അത് വീട്ടിൽവച്ചോ ആശുപത്രിയിൽ വച്ചോ ദൈവാലയത്തിൽവച്ചോ നടത്തിയാലും, ഒരു രോഗിക്കുവേണ്ടിയോ രോഗികളുടെ ഒരു ഗണത്തിനുവേണ്ടിയോ നടത്തിയാലും അങ്ങനെതന്നെയെന്ന് CCC 1517 പഠിപ്പിക്കുന്നു. രൂപതാമെത്രാന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി വേണ്ടവിധം ഒരുക്കിയതും ശരിയായ മനോഭാവമുള്ളതുമായ നിരവധി രോഗികൾക്ക് ഒരുമിച്ച് രോഗീലേപനം പരികർമ്മം ചെയ്യാൻ CIC 1002 അനുവാദം നല്കുന്നു. രോഗീലേപന കർമ്മക്രമം (OUI) 17 പ്രകാരം, ഈ കൂദാശ സ്വീകരിക്കാൻ നിരവധി രോഗികൾ ഒരുമിച്ചുവരുന്ന ആഘോഷങ്ങളിൽ മേൽനോട്ടം വഹിക്കാൻ രൂപതാമെത്രാന് കടമയുണ്ട്. നിരവധി രോഗികൾക്ക് ഒരുമിച്ച് രോഗീലേപന കൂദാശ പരികർമ്മം ചെയ്യുമ്പോൾ CIC 1002, OUI 17, 83 എന്നിവ പ്രകാരം താഴെപറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്:

> ഈ കൂദാശ സ്വീകരിക്കേണ്ട രോഗികളെയും സന്നിഹിതരായിരിക്കുന്നവരെയും അജപാലനപരമായി ഒരുക്കുക. അവരെ ഒരുക്കാൻ സന്യസ്തരുടെയും അല്മായരുടെയും സഹായം വിനിയോഗിക്കുക.

> ഈ കൂദാശ സ്വീകരിക്കാൻ ശരിയായ മനോഭാവം അവർക്കുണ്ടെന്ന് ഉറപ്പുവരുത്തുക.

> ഈ കൂദാശ ആഘോഷിക്കുമ്പോൾ രോഗീലേപന കർമ്മത്തിന്റെ ക്രമം / നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം പാലിക്കുക.

> മരണാസന്ന അവസ്ഥയിലെത്തുന്ന വ്യക്തിക്ക് രോഗീലേപന കൂദാശ നല്കുന്നതിന് ഈ ആഘോഷം തടസ്സമാകരുത്.

> ദിവ്യബലിയോടുകൂടിയാണ് ഈ കൂദാശ പരികർമ്മം ചെയ്യുന്നതെങ്കിൽ, കൂദാശയുടെ ആഘോഷം ദൈവാലയത്തിൽവച്ചോ സഭ അനുവദിക്കുന്ന അനുയോജ്യമായ സ്ഥലത്തുവച്ചോ ആയിരിക്കണം.

ടാക്കീസ്



സുനിൽ സി. ഇ




# മലയാളീകരിക്കപ്പെടുന്ന പെൺവിനിമയങ്ങൾ

അധികാരത്തിന്റെ പണിയായുധമായാണ് കുടുംബം എന്നതിനെ പുരുഷൻ ഇന്നും വീക്ഷിക്കുന്നത്. നമ്മൾ നമ്മുടെ അമ്മപ്രതിരൂപം എന്ന സങ്കല്പത്തെ പണ്ടേ ഉപേക്ഷിച്ചു കഴിഞ്ഞു. ആ സങ്കല്പത്തിനുള്ളിൽ തുടരാൻപോലും വിസമ്മതിക്കുന്നവരാണ് പുതിയ അമ്മത്വത്തിനായി പരിശീലനം തേടുന്നവർ. എല്ലാം വീമ്പുപറച്ചിലായിമാറിയ കാലത്തിൽ സ്ത്രീ അവളുടെ അധികാരവീര്യം പുറത്തെടുക്കുന്നത് കയ്പുനീര് കുടിച്ചുകൊണ്ടാണെന്ന് സ്ഥാപിക്കുകയാണ് ക്രിസ്റ്റോ ടോമിയുടെ 'ഉള്ളൊഴുക്ക്' എന്ന സിനിമ. കറി ആൻഡ് സയനൈഡിലൂടെ ശ്രദ്ധ നേടിയ ക്രിസ്റ്റോ ഒതുങ്ങിയ ക്രാഫ്റ്റിലേക്ക് അതിവൈകാരികതകളെ ഒഴിവാക്കിക്കൊണ്ട് ആത്മസംഘർഷങ്ങളെ അനാവരണപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ വാതാവതരണത്തിൽ അവളവളെ സ്വയം കണ്ടുപിടിക്കുകയും അമ്മ, മരുമകൾ സ്വരൂപങ്ങളെ ആവാഹിക്കുകയും ചെയ്യുന്ന മാന്ത്രികവിദ്യാകഥനമാണ് ഉള്ളൊഴുക്കിന്റെ ഉള്ളടക്കം. സമാന്തരമായി കുടുംബത്തിന്റെ അധികാരസ്വരൂപത്തെ കൃത്രിമമായി ഉൾക്കൊള്ളാൻ ശ്രമിക്കുന്ന അയഞ്ഞ പ്രേക്ഷകന്റെ പാളിപ്പോകുന്ന ശ്രമങ്ങളും സ്വന്തം സ്വത്വം മാത്രമല്ല അവളവളുടെ ഇടങ്ങളും അവയുമായുള്ള താദാത്മ്യവും ഉൾക്കൊള്ളുന്നത് എങ്ങനെ എന്നതും സിനിമയുടെ വെളിവാക്കലിൽപെടുന്നു.ജീവിതം തങ്ങളോട് പല തവണ നീതിരഹിതമായി പെരുമാറിയിട്ടും നോവുകളുടെ അഗാധഗർത്തങ്ങളിലിരുന്ന് സ്നേഹത്തിന്റെ രശ്മികൾക്കായി പ്രതീക്ഷയോടെ കാത്തിരിക്കുന്ന രണ്ടു സ്ത്രീകളെയാണ് ഉള്ളൊഴുക്ക് പ്രതിനിധാനപ്പെടുത്തുന്നത്. അവരുടെ മനസ്സുകൾ നിലയില്ലാകയങ്ങളാണ്. അവരുടെ മനസ്സിന്റെ ഉള്ളൊഴുക്കാണ് ഈ സിനിമയുടെ കഥാതന്തു. രണ്ടു സ്ത്രീകളുടെ പ്രവചനാതീതമായ ജീവിതത്തെ പിളർന്നുവെയ്ക്കുന്നവിധമാണ് ഉള്ളൊഴുക്കിനെ മുന്നോട്ടു നയിക്കുന്നത്.

വർഷത്തിന്റെ മുന്തിയഭാഗവും വെള്ളത്തിൽ താണുകിടക്കുന്ന നാടാണ് കുട്ടനാട്. അവിടുത്തെ ഒരു ഇടത്തരം ക്രിസ്ത്യൻകുടുംബത്തിലെ സ്നേഹനിധിയായ അമ്മയെയും മനസ്സില്ലാമനസ്സോടെ മരുമകളായി വരേണ്ടിവന്ന ഒരു യുവതിയുടെ ആത്മസംഘർഷങ്ങളെയുമാണ് ഉള്ളൊഴുക്ക് ദൃശ്യപ്പെടുത്തുന്നത്. രാത്രിയിൽ കുട്ടനാട് കായലിലെ സൂക്ഷ്മജീവികൾ ഉജ്ജ്വലമായ ഫ്ളൂറസൻസ് ഉള്ള സ്വയം പ്രഭകളാകുന്നത് അപാരസുന്ദരക്കാഴ്ചകളാണ്. പക്ഷേ, ഇവിടെ ഈ അമ്മയുടെയും മരുമകളുടെയും മനസ്സിന് കാന്തഭംഗി നഷ്ടപ്പെടുന്നു. അവരുടെ മനസ്സ് കാറും കോളും നിറഞ്ഞതാകുന്നു. അവിടുത്തെ അടിയൊഴുക്കുകൾ ഒരു ദുഃഖമാപിനികൊണ്ടും അളക്കാനാവാത്തതായി തീരുന്നു. അതിജീവനത്തിന്റെ തന്ത്രങ്ങളൊന്നും പഠിച്ചെടുക്കാനോ അവയെപ്പറ്റി ബോധമുദിക്കാനോ സാധിക്കാത്ത ഇതിലെ സ്ത്രീകൾ പിന്നീട് അഭിമുഖീകരിക്കുന്ന ദുരന്തങ്ങളെയാണ് ക്രിസ്റ്റോ ടോമി ആവിഷ്കരിക്കുന്നത്.

വിവാഹം കഴിഞ്ഞ ആദ്യതളിർ ദിനങ്ങളിൽതന്നെ ഭർത്താവ് രോഗാതുരനാവുകയും കിടക്കയെ അഭയം പ്രാപിക്കുകയും ചെയ്യുകയാണ്. കിടപ്പിലായ ഭർത്താവിനെ അവൾ നിറഞ്ഞ മനസ്സോടെയാണ് >> പേജ് 41



# വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

**2024 സെപ്റ്റംബർ മാസത്തെ ഉപയോഗത്തിനായി**

## "സ്ഥൈര്യലേപനം: ഒരു പരിശുദ്ധ കൂദാശ"

**1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം**

**2. ആമുഖം**

പ്രിയ സ്നേഹിതരേ, അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ നമ്മുടെ വിശ്വാസത്തിന്റെ അടിത്തറയിൽ വേരൂന്നണം എന്ന ലക്ഷ്യത്തോടെ പരിശുദ്ധകൂദാശയുടെ പ്രാധാന്യത്തെകുറിച്ച് നാം ഈ മാസങ്ങളിൽ പഠിക്കുകയായിരുന്നു. പ്രാരംഭ കൂദാശകളിൽ രണ്ടാമത്തേത് സ്ഥൈര്യലേപന കൂദാശയാണ്. 'സ്ഥൈര്യലേപനം' എന്നപദം 'സ്ഥീര്യം' (സ്ഥായിത്വം) + 'ആലേപനം' (അഭിഷേകം) എന്നീ പദങ്ങളിൽനിന്നും ഉരുത്തിരിഞ്ഞതാണ്, ആത്മാവിൽ സ്ഥിരത വരുത്തുന്ന അഭിഷേകം എന്നാണ് ഈ വാക്കിനർത്ഥം. യേശുവിനെ പ്രഘോഷിക്കുവാനും, ധീരതയോടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാനുമുള്ള ശക്തിയാണ് സ്ഥൈര്യലേപനത്തിലൂടെ പരിശുദ്ധാത്മാവ് നൽകുന്നത്. പരിശുദ്ധാത്മാവിന്റെ ആത്മീയ കൃപാവരങ്ങളാൽ നിറഞ്ഞ് എപ്രകാരമാണോ സെഹിയോൻ മാളികയിൽ ഒരു പെന്തക്കോസ്താനുഭവത്തിൽ സഭ രൂപം കൊണ്ടത്, തത്തുല്യമായ അഭിഷേകം നമ്മുടെ ഭവനങ്ങളിലും എന്നും നിറയുവാൻ നമുക്ക് പ്രാർഥിക്കാം.

**3. യേശുവിനെ ക്ഷണിക്കൽ**

**4. ദൈവവചന പാരായണം അപ്പോസ്തല പ്രവർത്തനങ്ങൾ 2: 1-13**

**5. വചനഭാഗം പങ്കുവയ്ക്കൽ;**

**6. നിശബ്ദധ്യാനം;**

**7. വചനാനുഭവം പങ്കുവയ്ക്കൽ**

**8. വചനവിചിന്തനം**

പെന്തക്കോസ്ത നാളിൽ ശിഷ്യഗണം ഒരുമിച്ചു കൂടിയിരുന്നപ്പോൾ അഗ്നിജ്വാലകൾ വിണ്ണിനെ കീറി മുറിച്ച് ആ പുണ്യാത്മാക്കളുടെ മേൽ വ്യാപിച്ചു. അങ്ങനെ അപ്പസ്തോലന്മാർ വാചാലരായി. പരിശുദ്ധാത്മാവിന്റെ ശക്തി നിറയുമ്പോൾ അപ്പസ്തോലന്മാർ ശക്തി പ്രാപിക്കുകയും ക്രിസ്തുസാക്ഷികളായി തീരുകയും ചെയ്യുന്നതായി ഈ വചനഭാഗത്തിൽ കാണാം. അതുപോലെ അഭിഷേകകർമ്മത്തിൽ പരിശുദ്ധാത്മാവിനെ ലഭിക്കുന്നതുവഴി വിശ്വാസം പ്രഖ്യാപിക്കുവാനും, സംരക്ഷിക്കുവാനും പരിശീലിക്കാനും ശക്തി ലഭിക്കുന്ന കൂദാശയാണ് സ്ഥൈര്യലേപനം. ഈ കൂദാശ മാമോദീസയുടെ കൃപാവരത്തെ പൂർണ്ണമാക്കുന്നു. ഈ ദിവ്യരഹസ്യം നമുക്ക് പരിശുദ്ധാത്മാവിനെ നൽകികൊണ്ട് നമ്മുടെ ദൈവീകപുത്രത്വം ആഴപ്പെടുത്തുകയും മിശിഹായിലേയ്ക്ക് നമ്മെ കൂടുതൽ ദൃഢമായി ഒന്നിപ്പിക്കുകയും സഭയുടെ ബന്ധം ശക്തിപ്പെടുത്തുകയും അവളുടെ ദൗത്യത്തിൽ പങ്കുചേർന്നുകൊണ്ട് ക്രൈസ്തവ വിശ്വാസത്തിൽ വാക്കുകളിലൂടേയും തുടർന്ന് പ്രവർത്തികളിലൂടേയും സാക്ഷ്യം നൽകുകയും ചെയ്യുന്നതിനു പ്രാപ്തരാക്കുന്നു (CCC.1316). ലത്തീൻ

കാനോൻ നിയമത്തിൽ സൈ്ഥര്യലേപനം എന്നുവിളിക്കപ്പെടുന്ന ദിവ്യരഹസ്യത്തെ പൗരസ്ത്യ സഭകളുടെ കാനോൻ നിയമം അനുശാസിക്കുന്നതിപ്രകാരമാണ്. "മാമോദീസ സ്വീകരിച്ചിരിക്കുന്ന എല്ലാവരും പരിശുദ്ധാത്മാവിന്റെ ദാനമാകുന്ന മുദ്രയാൽ അടയാളപ്പെടുത്തുകയും മിശിഹായുടെ രാജ്യത്തിന്റെ സജീവസാക്ഷികളും കൂട്ടുപണിക്കാരും ആയിത്തീരേണ്ടതിന് വിശുദ്ധ തൈലത്താൽ ലേപനം ചെയ്യപ്പെടുക ആവശ്യമാണ്". പരിശുദ്ധാത്മാവിന്റെ പ്രതീകമായ തൈലംകൊണ്ടുള്ള ലേപനവും കൈവയ്പ്പുമാണ് ഈ കൂദാശയുടെ കേന്ദ്രഭാഗം അതിനാൽ ഇത് ക്രൈസ്തവ പക്വതയുടെ കൂദാശ എന്നറിയപ്പെടുന്നു. ഈ കൗദാശിക രഹസ്യത്തിന്റെ കേന്ദ്രം വിശ്വാസ ജീവിത സാക്ഷ്യത്തിന് നമ്മെ പ്രാപ്തരാക്കുന്നതിനാവിശ്യമായ പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾ നൽകുക എന്നതാണ്.

മാമോദീസായും സൈ്ഥര്യലേപനവും പരസ്പരം ബന്ധപ്പെടുത്തി മനസ്സിലാക്കേണ്ട കൂദാശകളാണ്. അതുകൊണ്ടാണ് വിശുദ്ധ സിപ്രിയാൻ ഇവയെ 'ഇരട്ടക്കൂദാശ' എന്ന് വിശേഷിപ്പിച്ചത്. കൂടാതെ, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പറയുന്നതുപോലെ, സൈ്ഥര്യലേപനം മാമോദീസായോടും കുർബാനയോടും ചേർന്ന് ക്രൈസ്തവ പ്രാരംഭകൂദാശകളുടെ സമന്വയം സ്ഥാപിക്കുന്നു. സൈ്ഥര്യലേപനം എന്ന കൂദാശയുടെ സ്വീകരണം മാമോദീസായിലെ കൃപാവരത്തിന്റെ പൂർത്തീകരണത്തിന് അത്യാവശ്യമാണെന്ന് സാർവത്രിക മതബോധനഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നു (CCC.1285). സൈ്ഥര്യലേപനം വഴി ലഭിക്കുന്ന ജ്ഞാനം, ബുദ്ധി, ആലോചന, ആത്മശക്തി, അറിവ്, ഭക്തി, ദൈവഭയം എന്നീ ദാനങ്ങളും (1 കൊറി. 12:8-10). സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, നന്മ, ഔദാര്യം, സൗമ്യത, വിശ്വസ്തത, അടക്കം, ആത്മനിയന്ത്രണം, ശുദ്ധത എന്നീ ഫലങ്ങളും ലഭിക്കുന്നു (ഗലാ. 5:22-23).

**സൈ്ഥര്യലേപനത്തിൻറെ പ്രധാനപ്പെട്ട രണ്ട് അടയാളങ്ങളാണ് തൈലാഭിഷേകവും കൈവയ്പ്പും**

## തൈലാഭിഷേകം:

വിശുദ്ധ തൈലം കൊണ്ടുള്ള അഭിഷേകമാണ് സൈ്ഥര്യലേപനത്തിന്റെ സാരാംശപരമായ കർമ്മം (CCC.1318). ദൈവാത്മാവിന്റെ ശക്തി ആവസിക്കുന്ന കർമ്മമാണ് ഈ തൈലാഭിഷേകം. "ഞങ്ങളെ നിങ്ങളോടുകൂടെ മിശിഹായിൽ സ്ഥാപിച്ചിരിക്കുന്നതും അഭിഷേകം ചെയ്തിരിക്കുന്നതും ദൈവമാണ്. അവിടുന്നു നമ്മിൽ തന്റെ മുദ്ര പതിപ്പിക്കുകയും അച്ചാരമായി തന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്ക് പകരുകയും ചെയ്തിരിക്കുന്നു" (2 കൊറി. 1:21-22). വിശ്വാസത്തിൽ ഉണ്ടാകുന്ന പ്രതിസന്ധികളെ നേരിടാനുള്ള കൃപാഭിഷേകം തൈലാഭിഷേകത്തിലൂടെ ലഭിക്കുന്നു. ഈ തൈലാഭിഷേകം പരിശുദ്ധാത്മാവിനാൽ മുദ്രിതമാകുന്നതിനാൽ മായാത്ത മുദ്രയെന്ന് ഇതിനെ വിശേഷിപ്പിക്കപ്പെടുന്നു. മെത്രാനാണ് സൈ്ഥര്യലേപനം സ്വീകരിക്കുന്ന അർഥിയുടെ നെറ്റിയിൽ ലേപനം നടത്തുന്നത്. ക്രിസ്തുവിനോടും അവിടുത്തെ സഭയോടും ഗാഢമായി ഐക്യപ്പെടുന്ന പരിശുദ്ധാത്മാവിന്റെ ദാനങ്ങളെ ആത്മാവിൽ പുനരുജ്ജീവിപ്പിക്കുന്നു. കൂടാതെ ക്രിസ്തീയ വിശ്വാസത്തിൽ സാക്ഷ്യം വഹിക്കാൻ ഒരു സവിശേഷ ശക്തി പ്രദാനം ചെയ്യുന്നു.

## കൈവയ്പ്പ്:

സൈ്ഥര്യലേപനത്തിന്റെ മറ്റൊരു അടയാളമാണ് കൈവയ്പ്പ്. ഇത് പരിശുദ്ധാത്മാവിന്റെ ശക്തിപതിക്കുന്നതിന്റെ സൂചനയാണ്. കൈ പരിശുദ്ധാത്മാവിന്റെ പ്രതീകമാണെന്ന് സഭ പഠിപ്പിക്കുന്നു (CCC.699). മെത്രാൻ വിശ്വാസിയുടെ ശിരസ്സിലും നെറ്റിയിലും കൈവച്ചു പ്രാർഥിക്കുന്നു. ഈ കൈവയ്പ്പുവഴി സഭയുടെ അധികാരത്തിന്റെയും ശക്തിയുടെ നിദാനമായ പരിശുദ്ധാത്മാവിന്റെയും കൃപാവരങ്ങൾ ഈ കൂദാശ സ്വീകരിക്കുന്നവർക്ക് ലഭിക്കുന്നു. എന്നാൽ സഭ നിയോഗിക്കാത്തവരും ഏതെങ്കിലും തരത്തിൽ മേൽപ്പറഞ്ഞ കൈവയ്പ്പു ശുശ്രൂഷയ്ക്ക് യോഗ്യത ഇല്ലാത്തവരും സഭാത്മകമായ ഈ അടയാളം ഉപയോഗിക്കുവാൻ അവകാശമില്ല.

പ്രിയപ്പെട്ടവരേ മതബോധനക്ലാസിൽ നമ്മളെല്ലാവരും പഠിച്ചിട്ടുള്ളത് സൈ്ഥര്യലേപനം എന്നാൽ പരിശുദ്ധാരൂപിയെ നമുക്ക് നൽകുകയും ഉത്തമ ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ സാക്ഷികളുമാക്കുന്ന ഒരു കൂദാശയുമാണ് എന്നതാണ്. നമ്മുടെ ഈ കൂട്ടായ്മയിൽ ഏറെക്കുറെ എല്ലാവരും ഈ കൂദാശ സ്വീകരിച്ചവരാണ്. നമ്മളിൽ എത്രപേർക്ക് ഉറച്ച വിശ്വാസത്തോടും ഉത്തമ ബോധ്യത്തോടുംകൂടെ ഞാനൊരു ക്രിസ്ത്യാനിയാണ് എന്ന് അഭിമാനിക്കുവാനും അപ്പസ്തോലന്മാരെപ്പോലെ ദൈവാത്മാവിനാൽ പ്രചോദിതരായി സുവിശേഷം പങ്കുവയ്ക്കുവാനും സാധിക്കുന്നു. ഇന്ന് നമ്മെ/നമ്മുടെ കൂട്ടായ്മകളെ നയിക്കുന്നത് ദൈവാത്മാവ് തന്നെയാണോ? ഒരു ആത്മപരിശോധനയ്ക്ക് വിധേയരാകാം.

**9. ദൗത്യമേറ്റെടുക്കൽ;**

**10. സ്വയം പ്രേരിതപ്രാർഥന;**

**11. കർത്തൃപ്രാർഥന;**

**12. സമാപനപ്രാർഥന**

### രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്);
2. വരവ് ചെലവ് കണക്ക് അവതരണം;
3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം *(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)*
4. ചർച്ചയും പങ്കുവയ്ക്കലും;
5. ഹാജർ;
6. രഹസ്യപ്പിരിവ്;
7. അറിയിപ്പുകൾ;
8. നന്ദി;
9. സമാപനഗീതം

## അനുബന്ധം

### 1. മാമോദീസയും സ്ഥൈര്യലേപനവും തമ്മിലുള്ള ബന്ധമെന്ത്?

മാമോദീസയിലൂടെ പരിശുദ്ധാത്മാവിന്റെ മുദ്ര വിശ്വാസിക്ക് ആത്മാവിൽ ലഭിക്കുന്നുവെങ്കിലും മാമോദീസയെ പൂർത്തീകരിക്കുന്ന കൂദാശയാണ് സ്ഥൈര്യലേപനം (CCC.699). മാമോദീസ വഴി ക്രിസ്തുവിനോടൊപ്പം മരിക്കുകയും ഉയിർക്കുകയും ചെയ്യുന്നു. എന്നാൽ സ്ഥൈര്യലേപനം പെസഹാ രഹസ്യത്തിലെ മറ്റൊരു പ്രധാന നിമിഷമാണ്. ഉത്ഥാനം ചെയ്ത ക്രിസ്തു ആത്മാവിന്റെ അഭിഷേകത്താലാണ് ശിഷ്യന്മാരെ വിശ്വാസത്തിൽ സ്ഥിരീകരിച്ചത്. മാമോദീസയാൽ ക്രിസ്തുവിന്റെ മരണത്തിനും ഉത്ഥാനത്തിലും പങ്കുചേരുന്ന വിശ്വാസിക്ക് വിശ്വാസത്തിൽ സ്ഥിരീകരണം ലഭിക്കുന്നു.

### 2. സ്ഥൈര്യലേപനം എന്ന കൂദാശ ആർക്കൊക്കെ സ്വീകരിക്കാം?

മാമോദീസ സ്വീകരിച്ചെങ്കിലും സ്ഥൈര്യലേപനം സ്വീകരിച്ചിട്ടില്ലാത്ത ഓരോ വ്യക്തിക്കും സ്ഥൈര്യലേപനം എന്ന കൂദാശ സ്വീകരിക്കാം. സ്ഥൈര്യലേപനം സ്വീകരിക്കേണ്ട സമയം "തിരിച്ചറിവിൻറെ പ്രായം" എന്നതാണ് നൂറ്റാണ്ടുകളായി ലത്തീൻ സഭയുടെ പാരമ്പര്യം. എന്നാൽ കുട്ടികൾ തിരിച്ചറി വിന്റെ പ്രായത്തിൽ എത്തിയിട്ടില്ലെങ്കിലും മരണകരമായ അപകടത്തിലാണെങ്കിൽ സ്ഥൈര്യലേപനം നൽകാം. സ്ഥൈര്യലേപനത്തെ ചിലപ്പോഴെല്ലാം "ക്രൈസ്തവ പക്വതയുടെ കൂദാശ" എന്ന് വിളിക്കാറുണ്ട്. എന്നാൽ വിശ്വാസത്തിന്റെ പക്വതയെ സ്വാഭാവിക വളർച്ചയുടെ പക്വതയുമായി കൂട്ടിക്കുഴയ്ക്കരുത്. വിശുദ്ധ തോമസ് അക്വീനാസ് ഇങ്ങനെ പറയുന്നു; "ശരീരത്തിന്റെ പ്രായമല്ല ആത്മാവിന്റെ പ്രായം നിശ്ചയിക്കുന്നത്. ബാല്യത്തിൽപോലും മനുഷ്യന് ആദ്ധ്യാത്മിക പക്വത നേടാൻ കഴിയും".

### 3. സ്ഥൈര്യലേപനമെന്ന കൂദാശ പരികർമ്മം ചെയ്യുന്നതാര്?

ലത്തീൻ ക്രമത്തിൽ സ്ഥൈര്യലേപനത്തിന്റെ സാധാരണ കാർമ്മികൻ മെത്രാനാണ്. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ സ്ഥൈര്യലേപനം നൽകാനുള്ള അധികാരം മെത്രാൻ വൈദികർക്ക് അനുവദിച്ച് കൊടുക്കുന്നു. പരിശുദ്ധാത്മാവിനാൽ പൂർണ്ണനാക്കപ്പെടാതെ, തന്റെ മക്കളിൽ ആരും ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിപോലും ഈ ലോകം വിട്ടുപോകരുതെന്നു സഭ നിശ്ചയമായും ആഗ്രഹിക്കുന്നു. മെത്രാന്മാർ അപ്പസ്തോലന്മാരുടെ പിൻഗാമികളാണ്. തിരുപ്പട്ട കൂദാശയുടെ പൂർണത അവർ സ്വീകരിച്ചിട്ടുണ്ട്.

### 4. സ്ഥൈര്യലേപനം എന്ന കൂദാശ എന്തുകൊണ്ട് ഒരു പ്രാവശ്യം മാത്രം സ്വീകരിക്കുന്നു?

മാമോദീസ എന്ന പോലെ സ്ഥൈര്യലേപനവും ക്രൈസ്തവന്റെ ആത്മാവിൽ ഒരു ആദ്ധ്യാത്മിക മുദ്ര അഥവാ മായ്ക്കാനാവാത്ത അടയാളം പതിപ്പിക്കുന്നു. ഇക്കാരണത്താൽ ജീവിതത്തിൽ മാത്രമേ ഈ കൂദാശ കൈക്കൊള്ളാൻ സാധിക്കൂ.

### 5. സ്ഥൈര്യലേപന ശുശ്രൂഷയുടെ ഭാഗമായി കാണുന്ന മറ്റു അടയാളങ്ങൾ ഏതൊക്കെയാണ്?

ചില പൗരസ്ത്യ സഭകളിലെ ശുശ്രൂഷാ ക്രമത്തിൽ കണ്ടുവരുന്ന മറ്റൊരടയാളം 'കിരീടധാരണം' ആണ്. മാമോദീസയും സ്ഥൈര്യലേപനവും സ്വീകരിച്ച വ്യക്തികൾ നിത്യസൗഭാഗ്യത്തിന്റെ കിരീടത്തിനർഹരാകുന്നുവെന്ന് ഈ അടയാളം പ്രതീകാത്മകമായി അർഥമാക്കുന്നു. മുതിർന്ന തലമുറയിൽപ്പെട്ടവരുടെ ഓർമ്മയിൽ ഇന്നും തങ്ങിനിൽക്കുന്ന മറ്റൊരടയാളമാണ് കാർമ്മികൻ അർഥിയുടെ കവിളിൽ അടിക്കുന്ന പതിവ്. പ്രതികൂല സാഹചര്യങ്ങളിൽ യേശുവിനു സാക്ഷികളാകാനുള്ള ധീരതയുടെ അടയാളമായിട്ടും വ്യാഖ്യാനിക്കുന്നു. എങ്കിലും ഇതിനു ചരിത്രപിൻബലം ഇല്ലാത്തതിനാൽ പരിഷ്കരിച്ച ക്രമത്തിൽനിന്ന് ഇതൊഴിവാക്കി.

*(തയ്യാറാക്കിയത്: സിസ്റ്റർ ഡാളി ജോൺബോസ്കോ, അതിരൂപത ബി.സി.സി.കമ്മിഷൻ)*

---

പരിപാലിക്കുന്നത്. പക്ഷേ, അയാൾ മൃതാവസ്ഥയിലേക്കു കടക്കുംമുമ്പ് തന്നെ അവൾ ചിലതൊക്കെ കരുതിവെയ്ക്കുന്നു. പക്ഷേ, മനസ്സിൽ ഡിസൈൻ ചെയ്തവിധമല്ല കാര്യങ്ങൾ മുന്നോട്ടു പോയത്. കാറും കോളും നിറഞ്ഞ കതകില്ലാത്ത ആകാശം പോലെയും പെയ്തുവെള്ളത്താൽ ചുറ്റപ്പെട്ട ഭൂമിപോലെയും അസ്വസ്ഥമായിരുന്നു അവളുടെ ഉള്ളവും. എല്ലാം മറച്ചുവെയ്ക്കാൻ അവൾ ശ്രമിച്ചുവെങ്കിലും മനസ്സിന്റെ കരകവിഞ്ഞ് ഈ അസ്വസ്ഥതകൾ മറ്റുള്ളവരിലേക്കും ഇരമ്പിയാർത്തു. ഇവിടെ ശരിയേത് തെറ്റേത് എന്ന ദുഷ്കരമായ കാഴ്ച പ്രേക്ഷകനെ ഉലയ്ക്കുന്നു. തർക്കം വേണ്ട, കഥാപാത്രങ്ങൾക്കിടയിലെ ശരിതെറ്റുകളുടെ ചാഞ്ചാട്ടം അപേക്ഷികം മാത്രമാണ്. കുറച്ച് ലൗഡായ കഥാപാത്രങ്ങളുടെ പ്രകടനപരതയിൽ നിന്നും നിശബ്ദതയിലൂന്നിയ കഥാപാത്രാവതരണമാണ് ഉർവ്വശിയുടേത്. ഒരമ്മയുടെ ആത്മസംഘർഷത്തെ അതിവൈകാരികതയുടെ നിർമ്മിത തോരണങ്ങളില്ലാതെ. എന്നാൽ തീവ്രതയോടെയാണ് ആവിഷ്കരിച്ചിരിക്കുന്നത്. പുറമേ ശാന്തവും എന്നാൽ അകമേ വൈകാരിക സംഘർഷങ്ങളുടെ കുത്തൊഴുക്കുമുള്ള കഥാപാത്രത്തെയാണ് പാർവ്വതി തിരുവോത്ത് അവതരിപ്പിച്ചിരിക്കുന്നത്. പ്രേക്ഷകനെ സിനിമയുമായി ബന്ധിപ്പിക്കുന്ന പദാർത്ഥങ്ങൾപോലും മഴയും നിശബ്ദതയുമാണ്. അത് സിനിമയുടെ കഥാപാത്രനിർമ്മിതി നടക്കുന്ന ദേശത്തിന്റെ സവിശേഷതകൂടിയാണ്. അനിശ്ചിതത്വങ്ങളുടെ മുകൾപ്പരപ്പിലൂടെ സഞ്ചരിച്ച് ഇതിലെ കഥാപാത്രങ്ങൾ ശാന്തതയിലേക്കെത്തുമ്പോഴും കാണിയുടെ ഉള്ളിൽ കുത്തൊഴുക്ക് സാധിച്ചെടുക്കാൻ ഇതിലെ പെൺവിനിമയങ്ങൾക്കാവുന്നു.

നേർക്കാഴ്ച

ജെ. സി.




# ദേശീയ വിദ്യാഭ്യാസനയം 2020
## വെല്ലുവിളികളും സാദ്ധ്യതകളും

ദേശീയ വിദ്യാഭ്യാസനയത്തിന് സർക്കാർ അംഗീകാരം നൽകിയതു മുതൽ രാജ്യത്തെ പ്രാഥമിക-ഉന്നതവിദ്യാഭ്യാസം നേരിടുന്ന സാദ്ധ്യതകളും വെല്ലുവിളികളും സംബന്ധിച്ച ചർച്ചകൾ വിവിധ തലങ്ങളിൽ സജീവമാണ്. അനുകൂലിച്ചും പ്രതികൂലിച്ചും വിമർശിച്ചുമുള്ള അഭിപ്രായ പ്രകടനങ്ങൾ കേരളത്തിന്റെ പശ്ചാത്തലത്തിലും പലപ്പോഴായി പലതലത്തിലും വിദഗ്ധർ പ്രതികരിച്ച് കണ്ടു. പൊതുവിദ്യാഭ്യാസ ഡയറക്ടർ കേരളത്തിലെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് ഈയടുത്ത കാലത്ത് അഭിപ്രായപ്പെട്ടത്. കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം താഴ്ന്നുകൊണ്ടിരിക്കുന്നുവെന്നതാണ്. നല്ലൊരു ശതമാനം കുട്ടികളും ശരിയായി എഴുതാനോ, വായിക്കാനോ കഴിയാത്തവരിൽ ഉൾപ്പെടുന്നു. കേരളത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയ രീതിയിൽ കാതലായ പരിഷ്കരണം നടപ്പിൽവരുത്തിയത് 2005 ലാണ്. നിരന്തര സമഗ്രമൂല്യനിർണ്ണയം കൂടി ഉൾപ്പെടുത്തുകവഴി വളരെ ആരോഗ്യകരവും ഗുണകരവുമായ ഒരു രീതിയാണ് സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിൽവരുത്തിയത്. കഴിഞ്ഞ പത്തൊൻപത് വർഷങ്ങൾക്കിടയിൽ എസ്.എസ്.എൽ.സി. പരീക്ഷയുടെ മൂല്യനിർണ്ണയം സംബന്ധിച്ച നിലപാടുകളിൽ ഒട്ടേറെ മാറ്റങ്ങൾ സംഭവിച്ചു. വളരെ കർശനമായ രീതിയിൽ വിദ്യാർത്ഥികളുടെ പഠന പ്രവർത്തനങ്ങൾ വിലയിരുത്തിയതിന് ശേഷം മാത്രം നടത്തേണ്ട നിരന്തര മൂല്യനിർണ്ണയം പേരിനുപോലും ഇല്ലാതായി എന്നു പറയാം. അടുത്തവർഷം മുതൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിക്കാൻ മുപ്പത് ശതമാനം നിർബന്ധമാക്കും എന്ന വിദ്യാഭ്യാസ മന്ത്രിയുടെ വാക്കുകൾ. കേരളത്തിലെ പൊതു വിദ്യാഭ്യാസം നേരിടുന്ന പ്രധാന വെല്ലുവിളികൂടിയാണ്.

ദേശീയവിദ്യാഭ്യാസ നയത്തിനെതിരെ കേരളത്തിൽ വിവിധതുറകളിൽ നിന്നും വിശിഷ്യ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും കടുത്ത വിമർശനങ്ങൾ ഉയർന്നിരുന്നുവെങ്കിലും രാജ്യത്തിന്റെ പൊതുവായ നയത്തിലും രീതികളിലും മാറ്റങ്ങൾ വരികതന്നെ ചെയ്യും. ഈ വർഷത്തെ പാഠപുസ്തക പരിഷ്കരണം മുതൽ ആരംഭിച്ചിരിക്കുന്ന പരിഷ്കരണങ്ങൾ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസമേഖലയെ ഒരു നവോത്ഥാനത്തിലേക്ക് നയിക്കുമെന്ന് പ്രത്യാശിക്കാം.

നാല് വർഷ ബിരുദരീതി - ഉന്നത വിദ്യാഭ്യാസ മണ്ഡലം ആഴമാർന്ന പരിഷ്കാരങ്ങൾക്ക് വിധേയപ്പെടാൻ പോകുന്ന വിഷയമാണിത്. വെല്ലുവിളികൾ നിറഞ്ഞ, പിൻതുടരാൻ മുൻമാതൃകകൾ ഇല്ലാത്ത നാലുവർഷ ബിരുദഘടന ഒറ്റയടിക്ക് സർവ്വകലാശാലകളുടെമേൽ സർക്കാരുകൾ ചെലുത്തുന്ന സമ്മർദ്ദമാണ് ഒന്നാമത്തെ പ്രശ്നം. അത് താങ്ങാനാവുന്നവിധത്തിൽ സജ്ജമായിട്ടുണ്ടോ ഉന്നത വിദ്യാഭ്യാസമേഖല? ത്രിവത്സര ബിരുദകോഴ്സുകൾ ക്രമേണ പൂർണ്ണമായി അപ്രത്യക്ഷമാകുമ്പോൾ സംഭവിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ഗൗരവപ്പെട്ട പഠനം ഇനിയും നമ്മുടെ ഉന്നതവിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടില്ലെന്നതാണ് മറ്റൊരു പ്രശ്നം. സർവ്വകലാശാലകളിലെ ബിരുദവിദ്യാഭ്യാസമെന്നത് വിഷയബന്ധിതമായി പഠിക്കന്ന ആഴത്തിലുള്ള സവിശേഷ പഠനത്തെയാണ് ഉന്നതവിദ്യാഭ്യാസംകൊണ്ട് ഉദ്ദേശിക്കുന്നത്. ഉപരിവിപ്ലവമായി ഒരുപാട് വിഷയങ്ങൾ പഠിക്കുന്നത് ഉന്നതവിദ്യാഭ്യാസമേ അല്ല. . . ഈ പശ്ചാത്തലത്തിൽവേണം പുതിയ വിദ്യാഭ്യാസനയത്തിന്റെ വെല്ലുവിളികളും സാദ്ധ്യതകളും പഠനവിധേയമാക്കേണ്ടത്.


പരിശുദ്ധ സ്വർഗ്ഗാരോപിത മാതാ ദൈവാലയം
മര്യനാട്
പരിശുദ്ധ
സ്വർഗ്ഗാരോപിത മാതാവിന്റെ
തിരുന്നാൾ
മഹാമഹം
2024 ആഗസ്റ്റ് 06
മുതൽ 15 വരെ
മര്യനാട്
ബൈബിൾ കൺവെൻഷൻ
2024 ജൂലൈ 31 മുതൽ
ആഗസ്റ്റ് 4 വരെ
അഗസ്റ്റ് 6, 14, 15 തിയതികളിൽ
LIVE STREAMING YouTube /archtvm

Pub. Date: 01.08.2024
REGD. NO. KL/TV(S)266/2024-26 RNI Registered No. 36056/81 Total Page 44
Licenced to post without pre-payment KL/TV(S)/WPP/171/2024-26 JEEVANUM VELICHAVUM Rs. 30/-







Sama Travel
Great Journeys Begin Here
Flights | Holidays | Hotels | Visa | Insurance

+91 90726 53090
+91 90726 53045
Near Indira Bhavan, Vellayambalam
Sasthamanglam P. O. Trivandrum

Kochi | Kannur | Kottayam | SN Junction, Thrippunithura| Thrissur | Trivandrum | Hyderabad

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vijil George